bible educational services

# അദ്ധ്യാപകസഹായി

ബൈബിൾ ടൈം
ലെവൽ 1 & 2

A സീരിസ്
പാഠങ്ങൾ 7 – 12

bes INDIA
bible educational services
WWW.besweb.com

## അദ്ധ്യാപകസഹായി

ബൈബിൾ ടൈം പാഠങ്ങൾ പഠിപ്പിക്കുന്നവർക്കുവേണ്ടിയാണ് പഠനസഹായി പുറത്തിറക്കിയത്. ഈ ചെറുപുസ്തകത്തിൽ ഏകദേശം 5-10 നും ഇടയിൽ പ്രായമുള്ളവർക്കുവേണ്ടിയുള്ള പാഠങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. ലെവൽ 1, ലെവൽ 2 പാഠങ്ങൾക്ക് സഹായകരമായി അദ്ധ്യാപകപഠനസഹായി തയ്യാറാക്കിയിരിക്കുന്നു.

ഓരോ പഠനസഹായിയും ബൈബിൾ ടൈം പാഠങ്ങളിലുള്ള അതേ ഒത്തുവാക്യങ്ങൾ തന്നെയാണ് അനുകരിക്കുന്നത്. ഓരോ ആഴ്ചയിലും ഉപയോഗിക്കേണ്ട അടിസ്ഥാനത്തിലാണ് ബൈബിൾ ടൈം പാഠങ്ങളും പഠനസഹായിയും രൂപപ്പെടുത്തിയിരിക്കുന്നത്. ഏപ്രിൽ മാസത്തിലെ പാഠങ്ങൾ ഈസ്റ്ററിനോട് ബന്ധപ്പെട്ടും ഡിസംബറിലെ പാഠങ്ങൾ ക്രിസ്തുമസ്സിനോട് ബന്ധപ്പെട്ടുമാണ് എഴുതിയിരിക്കുന്നത്.

ചില സ്ഥാലങ്ങളിൽ ആഴ്ചതോറുമുള്ള **A 4** പാഠങ്ങളാണ് ഉപയോഗിക്കുന്നത്. എന്നാൽ മറ്റു സ്ഥലങ്ങളിൽ 24 പാഠങ്ങൾ ഉൾക്കൊള്ളുന്ന **A 5** വലുപ്പത്തിലുള്ള ചെറുപുസ്തകമാണ് ഉപയോഗിക്കുന്നത്. സാധാരണ ഒരു അദ്ധ്യാപകൻ അല്ലെങ്കിൽ ലീഡർ ഒരു മാസത്തേക്കുള്ള A 4 പാഠങ്ങൾ കൊടുത്ത് ഓരോ ആഴ്ചയിലും ചെയ്യേണ്ട ജോലികൾ സഭയിൽ വെച്ചോ സ്കൂളിൽ വെച്ചോ പൂരിപ്പിക്കണം അല്ലെങ്കിൽ വീട്ടിൽ കൊണ്ടുപോയി പൂരിപ്പിച്ച് അടുത്ത ആഴ്ചയിൽ തിരികെ കൊണ്ടു വരണം. ആ മാസത്തിന്റെ അവസാനം ആ അദ്ധ്യാപകൻ അല്ലെങ്കിൽ ലീഡർ ആ പാഠങ്ങളൊക്കെ ശേഖരിച്ച് മാർക്കുകൾ രേഖപ്പെടുത്തി ആ പേപ്പറുകൾ എത്രയും വേഗം ഓരോ വിദ്യാർത്ഥികൾക്കും തിരികെ കൊടുക്കണം.

ഈ ചെറുപുസ്തകങ്ങൾ മാതൃകാപരമായി ഉപയോഗിക്കുമ്പോൾ, ഓരോ ഭാഗത്തിന്റെ അവസാനത്തിലും ആ ചെറുപുസ്തകങ്ങളെല്ലാം ശേഖരിച്ച് അതിന് മാർക്ക് കൊടുക്കണം. പല സന്ദർഭങ്ങളിലും ഇത് സാദ്ധ്യമല്ല എന്നുള്ളത് ഞങ്ങൾ മനസ്സിലാക്കി. അതുകൊണ്ട് ക്ലാസ്സുകളിൽ വെച്ച് തന്നെ അത് വിതരണം ചെയ്ത് ആ ക്ലാസ്സിലെ അദ്ധ്യാപകൻ ആ പാഠങ്ങളിൽ ചെയ്യാനുള്ളതൊക്കെയും ചെയ്ത് ഓരോ കുട്ടികളും അവരുടെ കൂട്ടുകാരുടെ പാഠങ്ങൾക്ക് മാർക്ക് കൊടുക്കണം. ഓരോ ചെറുപുസ്തകത്തിലും മാസത്തിന്റെ ഒടുവിൽ മാർക്ക് ഇടാൻ ഒരു സ്ഥലവും, ഓരോ കുട്ടിക്കും ഉണ്ടായിട്ടുള്ള പുരോഗതിയെക്കുറിച്ചും അഭിപ്രായം എഴുതാൻ വേറൊരു ഭാഗവും ഉണ്ട്. ആറുമാസത്തെ പാഠങ്ങൾക്ക് ഒന്നിച്ച് എത്ര ശതമാനം മാർക്ക് ലഭിച്ചു എന്നുള്ളതിന് കാണിക്കുന്നതിനായി ഒരു സർട്ടിഫിക്കറ്റും ഇതിനോട് ചേർന്ന് കൊടുക്കും.

## അദ്ധ്യാപകർക്കുള്ള ഒരുക്കം.

അദ്ധ്യാപകർ സ്വയമായി അവരവരുടെ ആശയമനുസരിച്ച് കാര്യങ്ങൾക്ക് മുൻകൈയ്യെടുക്കുവാൻ പാടില്ല. ബൈബിൾ ടൈം പാഠങ്ങൾ പഠിപ്പിക്കുവാൻ സഹായകരമായ നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

- **അറിയുക –** ബൈബിൾ പാഠത്തെക്കുറിച്ചും അതിനോട് ചേർന്നു വരുന്ന ബൈബിൾ ടൈം പാഠങ്ങളെക്കുറിച്ചും അദ്ധ്യാപകർ കഴിവതും അറിഞ്ഞിരിക്കേണ്ടതാണ്. ഓരോ അദ്ധ്യാപകരും ബൈബിൾ ടൈം പാഠങ്ങൾ പൂർത്തികരിക്കണം. ഓരോ പാഠങ്ങൾക്കുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധയോടെ പരിഗണിക്കുകയും അത് പാഠങ്ങൾക്ക് സഹായകരമായിരിക്കുകയും വേണം.
- **മനസ്സിലാക്കുക** - ഓരോ പാഠങ്ങളുടേയും ഏറ്റവും മുകളിൽ ചില വാക്കുകൾ നിങ്ങൾ ശ്രദ്ധിച്ചുകാണും അതായത് "നാം പഠിച്ചു കൊണ്ടിരിക്കുന്നത്" എന്ന് പറയുന്നതിന്റെ പിന്നാലെ പഠിക്കേണ്ടതിന്റെ ഉദ്ദേശങ്ങളെക്കുറിച്ച് പറഞ്ഞാൽ ആ അദ്ധ്യാപകന്റെ അവതരണരീതിയും ബൈബിൾ ടൈം പാഠങ്ങളും കേൾക്കുമ്പോൾ കുട്ടികൾ അത് മനസ്സിലാക്കിയിരിക്കും. ആദ്യത്തെ പഠനോദ്ദേശ്യം എന്നു വെച്ചാൽ പാഠത്തെക്കുറിച്ചുള്ള അറിവ് രണ്ടാമത്തെ കാര്യം പാഠത്തെക്കുറിച്ച് ചിന്തിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക, അത് പ്രായോഗികമാക്കി പ്രതികരിക്കുക. ഈ പഠനത്തിന്റെ ലക്ഷ്യങ്ങൾ എന്താണെന്ന് ഓരോ പാഠങ്ങളിലും പഠിപ്പിച്ചിട്ടുള്ള പ്രധാനപ്പെട്ട സത്യങ്ങളെക്കുറിച്ചുള്ള കൃത്യമായ പ്രസ്താവനകളാണ്. അത് ഓരോ ടീച്ചർമാർക്കും അവർ പഠിപ്പിച്ചതിന്റേയും പഠിച്ചതിനെക്കുറിച്ചും അവരുടെ ഇഷ്ടം പോലെ സ്വയം വിലയിരുത്താൻ ഉപയോഗിക്കുന്നു.
- **അവതരണം** - എല്ലാ പാഠങ്ങളോടൊപ്പവും, കുട്ടികൾ എവിടെയായിരിക്കുന്നുവോ ആ സാഹചര്യത്തിൽ അവരുടെ സ്വന്ത അനുഭവം വെച്ചിട്ടാണ് നാം ആരംഭിക്കുന്നത്. ഒരു കഥ കുട്ടികളെ പരിചയപ്പെടുത്താനും അതിന്റെ ആദ്യം മുതലുള്ള ചർച്ചയിൽ അവരെ പങ്കെടുപ്പിക്കേണ്ടതിനായി നാം പലതരത്തിലുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.
- **വിശദീകരണം** - ഞങ്ങൾ കഥയിലെ പ്രധാനപ്പെട്ട ഉത്തരങ്ങൾ കൊടുത്തിട്ടുണ്ട്. ശരിയായിട്ട് കഥ പറഞ്ഞുകൊടുക്കുമ്പോൾ അദ്ധ്യാപകർക്ക് ഈ കാര്യങ്ങൾ പരിശോധിക്കേണ്ട കാര്യമില്ല, എന്നാൽ കഥ വളരെ പരിചയമുള്ളതും അത് വളരെ താല്പര്യത്തോടും പ്രചോദിപ്പിക്കുന്ന തരത്തിലും അവരെ പഠിപ്പിക്കാൻ കഴിയണം. കഥയിലെ പ്രധാനപാഠം അദ്ധ്യാപകൻ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയും ആ കഥ അവർ പഠിച്ചതിനുശേഷം അവർ എങ്ങനെ പ്രതികരിക്കണം എന്ന് അവരെ മനസ്സിലാക്കാൻ സഹായിക്കണം. അനുയോജ്യമായിട്ടുള്ള ചില വിശദീകരണങ്ങൾ ഞങ്ങൾ ഇടയ്ക്കിടെയായി കഥയിൽ ചേർത്തിട്ടുണ്ട്. എല്ലായ്പോഴും ചരിച്ച് എഴുതിയ അക്ഷരങ്ങളാണ് അതിന് ഉപയോഗിച്ചിരിക്കുന്നത്.
- **മനപ്പാഠമാക്കുക –** ഓരോ കഥയ്ക്കും ഒരു താക്കോൽ വാക്യം ചേർത്തിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ, രണ്ട് താക്കോൽ വാക്യങ്ങളുണ്ടാകും കാരണം കുട്ടികൾക്ക് പഠിക്കാൻ എളുപ്പമുള്ള ഒരു താക്കോൽ വാക്യം കൂടെ ഞങ്ങൾ ചേർക്കുന്നതാണ്. കുട്ടികൾക്ക് ആ താക്കോൽവാക്യങ്ങൾ പഠിക്കാൻ കഴിയുമെന്ന് കരുതുന്നു മാത്രമല്ല ഈ വാക്യങ്ങൾ ഇടയ്ക്കിടക്ക് അവരെ ഓർമ്മിപ്പിക്കാൻ സാധിച്ചാൽ ബൈബിളിലെ കുറേ വാക്യങ്ങൾ മനപാഠമാക്കാനും ആ താക്കോൽ വാക്യങ്ങൾ മുഖാന്തരം അവരുടെ അറിവ് വർദ്ധിക്കാനും ഇടയാകും.
- **പൂർത്തീകരിക്കുക** - ഒരു സ്കൂൾ അന്തരീക്ഷത്തിൽ കുട്ടികൾ പൂർത്തികരിക്കേണ്ടതായിട്ടുള്ള ജോലികൾക്ക് അവർക്ക് എത്രമാത്രം കഴിവുകൾ ഉണ്ടെന്നും അതിന് ഒരു അദ്ധ്യാപകന്റെ സഹായം എത്രമാത്രം ആവശ്യമാണെന്നുള്ളതിനെക്കുറിച്ചും നിങ്ങൾ ബോധവാന്മാരാണല്ലോ. ചിലർക്ക്, അദ്ധ്യാപകൻ പാഠപുസ്തകം വായിച്ച് പറഞ്ഞുകൊടുക്കുന്നത് ആവശ്യമായി വരുമ്പോൾ കുട്ടികൾ അത് ഒരു പരിചിതമായ വിവരണം പോലെ അത് മനസ്സിലാക്കും. മറ്റുള്ള കുട്ടികൾക്ക് പാഠപുസ്തകം തനിയെ വായിച്ച് മനസ്സിലാക്കാൻ സാധിക്കും. ഏതവസ്ഥയിലും, ചോദ്യങ്ങളോട് ബന്ധപ്പെട്ട് ഒരു നിശ്ചിത അഭ്യസനം കുട്ടികൾക്ക് കൊടുക്കുവാൻ വേണ്ടി അവരുടെ ശ്രദ്ധ പിടിച്ചു പറ്റേണ്ടത് ആവശ്യമാണ്. അവരെ സഹായിക്കാൻ തയ്യാറാകണം എന്നത് പ്രധാന കാര്യമാണ് എന്നാൽ മാത്രമേ അത് ഒരു പരീക്ഷയല്ല എന്നുള്ളത് മനസ്സിലാക്കുകയുള്ളൂ. ഈ യത്നത്തിൽ ഏർപ്പെടുമ്പോൾ അത് സന്തോഷത്തോടെ പ്രോത്സാഹനവും സ്തുതിയും പ്രാധാന്യമർഹിക്കുന്നതാണ്.
- **ഓർമ്മിപ്പിക്കുക** - എവിടെയായാലും സാധിക്കുമെങ്കിൽ പഠനസഹായത്തിനായി ചോദ്യങ്ങൾ ചോദിക്കുകയോ അല്ലെങ്കിൽ അത് അഭിനയിക്കുകയോ ചെയ്താൽ ആ കഥ വീണ്ടും ഓർക്കുവാൻ സാധിക്കും.

- **പ്രദർശിപ്പിക്കുക** - ചില സന്ദർഭങ്ങളിൽ കാഴ്ചവസ്തുക്കളായിട്ട് കിട്ടാൻ പ്രയാസമാണ് എന്നാൽ കഴിയുന്നതും ചിത്രങ്ങളോ വസ്തുക്കളോ കാണിച്ചാൽ കുട്ടികൾക്ക് ആ കഥ മനസ്സിലാക്കാൻ വളരെ എളുപ്പമാണ്. അത് കൂടുതൽ പ്രാധാന്യമുള്ളതാണ്. കഥ പറഞ്ഞുകൊടുക്കാൻ ഇവ വളരെ സഹായിക്കും.

1. **മനപാഠവാക്യം പഠിപ്പിക്കേണ്ടുന്ന വിധം**

വാക്യം ഒരു പേപ്പറിലോ അല്ലെങ്കിൽ ഒരു ബോർഡിലോ എഴുതി കുട്ടികൾ നോക്കി വായിക്കുന്നതിനിടയിൽ ഇടയ്ക്കിടെ വാക്കുകൾ എടുത്ത് മാറ്റണം അങ്ങനെ മുഴുവൻ വാക്കുകളും ബോർഡിൽ നിന്ന് മാറ്റിയാലും കാണാതെ, കുട്ടികളെക്കൊണ്ട് ആ വാക്യം ആവർത്തിച്ച് പറയിപ്പിക്കണം.

2. മ**നപാഠവാ**ക്യം പരിചയപ്പെടുത്തുവാനായി:

A. **രണ്ട് ഗ്രൂപ്പായി തിരിക്കുക**:– കുറേ അക്ഷരങ്ങൾ കൃത്യമായ അക്ഷരങ്ങളില്ലാതെ സ്ഥലം വിട്ട് മനപാഠവാക്യം കൊടുക്കുക. കുട്ടികൾ ആ അക്ഷരങ്ങൾ തിരഞ്ഞെടുത്ത് വിട്ടുപോയ ഭാഗത്ത് വെച്ച് കൊടുക്കുമ്പോൾ വേറൊരു കുട്ടി ആ വാക്യം മനസ്സിലാക്കണം.

B. ബൈബിളുകൾ സുലഭമാണെങ്കിൽ വേദപരിചയം എടുക്കുക, കുട്ടികൾ മത്സരിച്ച് വായിച്ച് ആദ്യം വാക്യം കണ്ടുപിടിച്ച് വായിക്കുന്നവർ ഒന്നാമൻ.

**സമയപരിധി**

- ക്രമീകരണം:- അദ്ധ്യാപകസഹായിയിൽ ഓരോ പാഠങ്ങൾ എടുക്കുവാൻ കൊടുത്തിരിക്കുന്ന അതേ ക്രമം തന്നെയാണ് എന്നാൽ ആ സമയത്തിൽ മാറ്റം വരുത്തണമെങ്കിൽ അദ്ധ്യാപകർക്ക് സമയം മാറ്റാം.
- കഥ പരിചയപ്പെടുത്തുന്നതിനും പറയുന്നതിനും - ഏകദേശം 15 മിനുട്ട്
- മനപാഠവാക്യം പഠിപ്പിക്കാൻ - 5 മുതൽ 10 മിനുട്ട് വരെ
- വർക്ക്ഷീറ്റ് പൂർത്തിയാക്കാൻ - 20 മിനുട്ട്
- ചോദ്യോത്തരങ്ങളും മറ്റു പ്രവർത്തനങ്ങളും - 5 മുതൽ 10 മിനുട്ട് വരെ.

പ്രധാനപ്പെട്ട വാക്കുകൾ ഓർക്കുക

"എന്നോട് പറക ഞാൻ മറക്കുമായിരിക്കും,
എനിക്ക് കാണിച്ചു തന്നാൽ ഞാൻ ഓർക്കും,
എന്നെ ഉൾപ്പെടുത്തിയാൽ എനിക്ക് മനസ്സിലാകും"

# ബൈബിൾ ടൈം പാഠപദ്ധതി

| | ലെവൽ 0 (പ്രീസ്കൂൾ)<br>ലെവൽ 1 (5 – 7 വയസ്സ്)<br>ലെവൽ 2 (8 – 10 വയസ്സ്) | ലെവൽ 3 (11 – 13 വയസ്സ്) | ലെവൽ 4 (14+ വയസ്സ്) |
|---|---|---|---|
| സീരീസ് A | 1. സൃഷ്ടി<br>2. നോഹ<br>3. പത്രോസ്<br>4. പത്രോസ് - ക്രൂശ്<br>5. അബ്രഹാം<br>6. അബ്രഹാം<br>7. പത്രോസ്<br>8. പത്രോസ്<br>9. യാക്കോബ്<br>10. ആദിമക്രിസ്ത്യാനികൾ<br>11. പൗലോസ്<br>12. ക്രിസ്തുമസ് കഥ | 1. സൃഷ്ടി<br>2. നോഹ<br>3. പത്രോസ്<br>4. പത്രോസ് - ക്രൂശ്<br>5. പത്രോസ്<br>6. അബ്രഹാം<br>7. യാക്കോബ്<br>8. പ്രാർത്ഥന<br>9. പൗലോസ്<br>10. പൗലോസ്<br>11. പൗലോസ്<br>12. ക്രിസ്തുമസ് കഥ | 1. സൃഷ്ടിയും തകർച്ചയും<br>2. ആരംഭ വളർച്ച (ഉല്പത്തി)<br>3. പത്രോസ്<br>4. പത്രോസ് - ക്രൂശ്<br>5. പത്രോസ്<br>6. അബ്രഹാം<br>7. യാക്കോബ്<br>8. ക്രിസ്തീയജീവിതം<br>9. പൗലോസ്<br>10. പൗലോസ്<br>11. പൗലോസ്<br>12. ക്രിസ്തുമസ് കഥ |
| സീരീസ് B | 1. ക്രിസ്തുവിന്റെ ആരംഭജീവിതം<br>2. അത്ഭുതങ്ങൾ<br>3. ബെഥാന്യ<br>4. ക്രൂശ്<br>5. ഉപമകൾ<br>6. ജോസഫ്<br>7. ജോസഫ്<br>8. യേശു കണ്ടുമുട്ടിയ ജനം<br>9. മോശെ<br>10. മോശെ<br>11. മോശെ<br>12. ക്രിസ്തുമസ്സ്കഥ | 1. ഉപമകൾ<br>2. അത്ഭുതങ്ങൾ<br>3. ബെഥാന്യ<br>4. ക്രൂശ്<br>5. ആദിമക്രിസ്ത്യാനികൾ<br>6. ജോസഫ്<br>7. ജോസഫ്<br>8. സുവിശേഷ ലേഖകന്മാർ<br>9. മോശെ<br>10. മോശെ<br>11. മോശെ<br>12. ക്രിസ്തുമസ്സ് കഥ | 1. ഉപമകൾ<br>2. അത്ഭുതങ്ങൾ<br>3. ബെഥാന്യ<br>4. ക്രൂശ്<br>5. ആദിമക്രിസ്ത്യാനികൾ<br>6. യാക്കോബും അവന്റെ കുടുംബവും<br>7. യോസേഫ്<br>8 അപ്പ.പ്ര 2:42 - മുമ്പിൽ ഒരു വടി<br>9. മോശെ<br>10. മോശെ<br>11. നിയമം<br>12. ക്രിസ്തുമസ്സ് കഥ |
| സീരീസ് C | 1. ദാനിയേൽ<br>2. കൂടുതൽ അത്ഭുതങ്ങൾ<br>3. കൂടുതൽ അത്ഭുതങ്ങൾ<br>4. ക്രിസ്തുവിന്റെ മരണം<br>5. രൂത്തും ശമുവേലും<br>6. ദാവീദ്<br>7. ദാവീദ്<br>8. യോശുവ<br>9. ഏലിയാവ്<br>10. എലീശ<br>11. യോനാ<br><br>12. ക്രിസ്തുമസ്സ് കഥ | 1. ദാനിയേൽ<br>2. കൂടുതൽ അത്ഭുതങ്ങൾ<br>3. കൂടുതൽ അത്ഭുതങ്ങൾ<br>4. ക്രിസ്തുവിന്റെ മരണം<br>5. രൂത്ത്<br>6. ശമുവേൽ<br>7. ദാവീദ്<br>8. യോശുവ<br>9. ഏലിയാവ്<br>10. എലീശ<br>11. ദൈവം ഉപയോഗിച്ച മനുഷ്യർ- പഴയനിയമം<br>12. ക്രിസ്തുമസ്സ് കഥ | 1. ദാനിയേൽ<br>2. യേശുവിന്റെ ചൊല്ലുകൾ<br>3. കർത്താവിന്റെ ശക്തി<br>4. ക്രിസ്തുവിന്റെ മരണം<br>5. രൂത്ത്<br>6. ശമുവേൽ<br>7. ദാവീദ്<br>8. യോശുവ<br>9. ഏലിയാവ്<br>10. എലീശ<br>11. കൂടുതൽ പഴയനിയമ കഥാപാത്രങ്ങൾ<br>12. ക്രിസ്തുമസ്സ്കഥ |

## A 7 പാഠം – 1

**പത്രോസ് പ്രസംഗിക്കുന്നു – യേശുവിനെക്കുറിച്ച് പ്രസംഗിക്കുവാൻ പത്രോസിനെ സഹായിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പാഠമാണിത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കുകയാണ്?**<br>• ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കേണ്ടത് അത്യാവശ്യമായിരുന്നു.<br>• യേശുകർത്താവിൽ വിശ്വസിച്ച് അവനെ രക്ഷിതാവായി സ്വീകരിച്ച ഓരോരുത്തരുടേയും ഉള്ളിൽ പരിശുദ്ധാത്മാവ് ജീവിക്കുന്നു.<br><br>**താക്കോൽവാക്യം: അപ്പോസ്തലപ്രവൃത്തി 2:36**<br>**ബൈബിൾവായനാഭാഗം: അപ്പോസ്തലപ്രവൃത്തി 2:1 – 14, 36 – 39** |
| അവതരിപ്പിക്കുക | • പരിശുദ്ധാത്മാവിനെ പരിചയപ്പെടുത്താൻ ചില ചോദ്യങ്ങൾ ഉപയോഗിക്കുക. നിങ്ങൾക്ക് കാറ്റ് കാണാൻ സാധിക്കുമോ? ഇല്ല. കാറ്റുണ്ട് എന്ന് എങ്ങിനെ അറിയാം? അത് പ്രവർത്തിക്കുന്ന എന്താണെന്ന് നിങ്ങൾക്ക് കാണാൻ സാധിക്കും. നിങ്ങൾ പുറത്തേക്ക് നോക്കിയാൽ, തെളിവിനുവേണ്ടി കാറ്റിനെ നിരീക്ഷിക്കുക.<br>• ഈസ്റ്ററിനെക്കുറിച്ച് കുട്ടികളെ ഓർമ്മിപ്പിക്കുക – യേശു മരിച്ചു ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്ക് തിരിച്ചുപോകുന്നതിനുമുമ്പ് ശിഷ്യന്മാർക്ക് കർത്താവ് ഒരു വാഗ്ദത്തം കൊടുത്തത് കാണപ്പെടാത്ത ഒരു പ്രത്യേക സഹായിയെ അയക്കും എന്നായിരുന്നു.<br>• ഈ സഹായി പരിശുദ്ധാത്മാവ് എന്നുപേരുള്ള വ്യക്തി വന്ന് ഓരോരുത്തരുടേയും ഉള്ളിൽ വസിക്കും. കാറ്റ് പോലെ തന്നെ, പരിശുദ്ധാത്മാവിനെ അവർക്ക് കാണാൻ സാധിക്കയില്ലെങ്കിലും, ഓരോ ജീവിതത്തിലും പരിശുദ്ധാത്മാവ് വരുത്തുന്ന വ്യത്യാസങ്ങൾ അറിയുവാൻ സാധിക്കും. |
| വിശദീകരിക്കുക | • ഒരു ദിവസം യേശു സ്വർഗ്ഗത്തിലേക്ക് കരേറിപ്പോയതിനുശേഷം, ശിഷ്യന്മാർ യെരുശലേമിൽ ഒരു വീട്ടിൽ കൂടിയിരിക്കുകയായിരുന്നു. (**അപ്പോസ്തലപ്രവൃത്തി 2:1 – 4**). പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ വലിയ മുഴക്കം മുറിയിൽ നിറഞ്ഞു. തീജ്വാലപോലെ ഓരോ പുരുഷന്റേയും തലയിൽ പതിഞ്ഞു. പരിശുദ്ധാത്മാവ് വന്നു! *ഈ പ്രത്യേക ദാനം ലഭിച്ചപ്പോൾ ശിഷ്യന്മാർക്ക് എന്തു തോന്നിക്കാണും? (ഉത്തേജിപ്പിച്ചു, അത്ഭുതപ്പെട്ടു, യേശുവിന്റെ വാഗ്ദത്തം നിറവേറ്റപ്പെട്ടതിലുള്ള സന്തോഷം)*<br>• അപ്പോൾ അവർ എല്ലാവരും അന്യഭാഷകളിലാണ് സംസാരിക്കുന്നതെന്ന് കണ്ടെത്തി! *സാധാരണയായി നമ്മുടെ മാതാപിതാക്കളിൽ നിന്ന് പഠിച്ചിട്ടുള്ള ഭാഷയേ നമുക്ക് സംസാരിക്കാൻ സാധിക്കയുള്ളൂ എന്ന് വിശദീകരിക്കുക. യേശുവിന്റെ ശിഷ്യന്മാരും ആ ഭാഷകൾ പഠിച്ചിട്ടില്ലായിരുന്നു.* ഈ കാര്യങ്ങളെല്ലാം പരിശുദ്ധാത്മാവ് വന്നു എന്നുള്ളത് കാണിക്കുന്നു. *ഈ മുറിയുടെ അടുത്തു കൂടെ പോകേണ്ടതിനായി നിങ്ങൾക്ക് എന്തു തോന്നും?*<br>• അടുത്തുള്ള ജനങ്ങൾ ആ ശബ്ദം കേട്ടപ്പോൾ അവർ പരിഭ്രമിച്ചു എന്നാൽ ആശ്ചര്യപ്പെട്ടു. (**അപ്പൊസ്തല പ്രവൃത്തി 2:5 – 13**)<br>• യേശുകർത്താവിനെക്കുറിച്ച് പറയാനും എന്തൊക്കെയാണ് സംഭവിക്കുന്നതെന്നും അവരോട് പറയാൻ ഇത് നല്ലൊരവസരമാണ് എന്ന് പത്രോസ് മനസ്സിലാക്കി. (**അപ്പോസ്തലപ്രവൃത്തി 2:36 – 39**). *ഒരു വലിയ പുരുഷാരത്തോട് പ്രസംഗിക്കുവാനുള്ള ബുദ്ധിമുട്ട് എന്താണെന്നുള്ളത് ചർച്ച ചെയ്യുക (സംസാരിക്കുകയോ വിവരിക്കുകയോ അല്പം ഭയപ്പെടുത്തുന്ന, ശരിയായിട്ടുള്ള വാക്കുകൾ പറയാൻ അറിയണം, മറ്റുള്ള ജനങ്ങൾ എന്ത് വിചാരിക്കുമെന്നുള്ള വിഷമം....)* എന്നാൽ പത്രോസിന് ഇത് ചെയ്യാൻ കഴിഞ്ഞത് പരിശുദ്ധാത്മാവ് സഹായിച്ചത് കൊണ്ടാണ്.<br>• *പത്രോസിനെ കേട്ടുകൊണ്ടിരുന്നവർ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കപ്പെടേണ്ടതായിരുന്നു അതുപോലെ നാം രക്ഷിക്കപ്പെടണം.*<br>• *യേശുകർത്താവിനെ രക്ഷിതാവായി അംഗീകരിക്കുന്ന ഏവർക്കും പരിശുദ്ധാത്മാവ് ലഭിക്കും. മറ്റുള്ളവരോട് യേശുവിനെക്കുറിച്ച് പറയുവാൻ പരിശുദ്ധാത്മാവ് സഹായിക്കും.*<br><br>**ബൈബിൾടൈം പാഠം പൂർത്തീകരിക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI പെന്തക്കോസ്ത്നാൾ |
| മനപ്പാഠമാക്കുക | താക്കോൽവാക്യം **അപ്പോസ്തലപ്രവൃത്തി 2:36** പഠിപ്പിക്കുകയും ആവശ്യമുള്ളിടത്ത് വിശദീകരിക്കുകയും വേണം. ഇത് പത്രോസ് പ്രസംഗിച്ചതിന്റെ ഒരു ഭാഗമാണ്. ആ മനുഷ്യരാണ് യേശുവിനെ കൊന്നതെന്നും എന്നാൽ ദൈവം അവനെ ഉയിർത്തെഴുന്നേൽപ്പിച്ചു എന്നും പത്രോസ് അവരോട് പറഞ്ഞു. ഇതിൽ നിന്നും തെളിയുന്നത് യേശു ഒരു സാധാരണ മനുഷ്യനായിരുന്നില്ല എന്നാൽ താൻ കർത്താവും ക്രിസ്തുവുമായിരുന്നു. |
| ഓർക്കുക | • പരിശുദ്ധാത്മാവ് വന്നപ്പോൾ അപ്പോസ്തലന്മാർ എവിടെയായിരുന്നു?<br>• ആത്മാവിന്റെ ശബ്ദം എപ്രകാരമായിരുന്നു?<br>• അപ്പോസ്തലന്മാർ എന്താണ് കണ്ടത്?<br>• അവർ പരിശുദ്ധാത്മാവ് നിറഞ്ഞവരായിത്തീർന്ന ഉടനെ അവർക്ക് എന്ത് ചെയ്വാൻ കഴിഞ്ഞു?<br>• ഇത് ആരാണ് പുറമേ നിന്ന് ശ്രദ്ധിച്ചത്?<br>• ഏത് അപ്പോസ്തലനാണ് എഴുന്നേറ്റ് നിന്ന് ഇവിടെ ഉണ്ടായ സംഭവങ്ങൾ വിവരിച്ച് പറഞ്ഞു.<br>• പത്രോസ് ആരെക്കുറിച്ചാണ് സംസാരിച്ചത്?<br>• അവരുടെ പാപത്തെക്കുറിച്ച് എന്ത് ചെയ്യണമെന്നാണ് പത്രോസ് പറഞ്ഞത്?<br>• അവർ ഇങ്ങനെ ചെയ്താൽ അവർക്ക് ലഭിക്കാൻ പോകുന്ന സമ്മാനം (ദാനം) എന്താണ്?<br>• എങ്ങനെയുള്ള മനുഷ്യരുടെ ഹൃദയത്തിലാണ് ഇന്ന് പരിശുദ്ധാത്മാവ് വസിക്കുന്നത്? |

# A 7 പാഠം – 2

**മുടന്തനായ മനുഷ്യനെ പത്രോസ് സൗഖ്യമാക്കുന്നു. ദൈവത്തിന്റെ സൗഖ്യമാക്കാനുള്ള ശക്തിയെക്കുറിച്ചാണ് ഈ പാഠത്തിൽ പറയുന്നത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കുകയാണ്.**<br>• യേശുവിന്റെ ശക്തി പത്രോസിലും യോഹന്നാനിലും വ്യാപരിച്ചപ്പോൾ അവർ മുടന്തനെ സൗഖ്യമാക്കാൻ സാധിച്ചു.<br>• മുടന്തനായ മനുഷ്യനെ സൗഖ്യമാക്കണമെന്ന് പത്രോസും യോഹന്നാനും ആഗ്രഹിച്ചു അതുപോലെ നാം മറ്റുള്ളവരെ സഹായിക്കണം.<br>**താക്കോൽവാക്യം: ലെവൽ 1–ലെ അപ്പോസ്തലപ്രവൃത്തി 3:6, ലെവൽ 2–ലെ അപ്പോ.പ്ര. 3:16**<br>**ബൈബിൾ വായനാഭാഗം: അപ്പോസ്തലപ്രവൃത്തി 3:1–12** |
| അവതരിപ്പിക്കുക | • ആ മുടന്തനായ മനുഷ്യന് ഉപജീവനത്തിന് മാർഗ്ഗമില്ലാത്തതിനാൽ ഭിക്ഷ യാചിക്കുകയായിരുന്നു.<br>• നിങ്ങൾക്ക് കാണിക്കാൻ സാധിക്കുമെങ്കിൽ ഒരു ജോഡി ഊന്ന് വടി വേണം, എന്നാൽ അവരോട് പറയണം ഈ മുടന്തനെ മറ്റു സ്നേഹിതന്മാർ ചുമന്നു കൊണ്ടു പോകണം.<br>• ഈ മുടന്തനെ പ്രതിനിധീകരിക്കാൻ വേണ്ടി എളുപ്പത്തിൽ ഒരു വിഷാദമുഖം വരയ്ക്കുക. |
| വിശദീകരിക്കുക | • ഒരു ദിവസം പത്രോസും യോഹന്നാനും ദേവാലയത്തിലേക്ക് പോയപ്പോൾ ഈ മുടന്തനായ മനുഷ്യൻ അവരോട് ഭിക്ഷ ചോദിച്ചു. (**അപ്പോസ്തലപ്രവൃത്തി 3:1–5**) *അവർ അവന്റെ അടുത്ത് നില്ക്കാൻ സമയം കണ്ടെത്തി.*<br>• പത്രോസിന്റെ വാക്കുകൾ ഉപയോഗിക്കുക, "എനിക്ക് വെള്ളി പൊന്നും ഇല്ല, എന്നാൽ എനിക്കുള്ളത് ഞാൻ നിനക്ക് തരുന്നു. യേശുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്ക" (**അപ്പോ. പ്ര 3:6–7**) *വെള്ളിക്കും പൊന്നിനും അല്പമേ സഹായിക്കാൻ സാധിക്കുകയുള്ളൂ- അതിന് ഒരു മനുഷ്യന്റെ കാലുകൾ ശരിയാക്കാൻ സാധിക്കുകയില്ല.* പത്രോസിന് ആ മനുഷ്യന്റെ ജീവിതത്തെ പൂർണ്ണമായി മാറ്റുവാൻ കഴിഞ്ഞു.<br>• പത്രോസ് തന്റെ കൈപിടിച്ച് എഴുന്നേൽപിച്ചു. പെട്ടെന്ന് അവന്റെ കാലുകളും നരിയാണിയും ഉറച്ചു. അവന്റെ ജീവിതത്തിൽ ആദ്യമായി നടക്കുവാനും ചാടുവാനും സാധിച്ചു. അവൻ ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തി തുടർന്ന് പത്രോസിനോടും യോഹന്നാനോടും കൂടെ ദേവാലയത്തിൽ ആയിരുന്നു. (**അപ്പോസ്തലപ്രവൃത്തി 3:8**). *ആദ്യം കൊടുത്തതിന് വിപരീതമായി സന്തോഷമുള്ള ഒരു മുഖം വരച്ച് കാണിക്കുക. എല്ലാ ദിവസവും ഭിക്ഷ യാചിച്ചു കൊണ്ടിരിക്കുന്ന ഒരു മനുഷ്യനെക്കണ്ടാൽ നിങ്ങൾ എന്തു വിചാരിക്കും?*<br>• സംഭവിച്ചതു കണ്ട് എല്ലാവരും അത്ഭുതപ്പെട്ടു. (**അപ്പോ. പ്ര. 3:9–12**)<br>• *പത്രോസിന്റെ ഉദാഹരണം നമുക്ക് എങ്ങനെ പരിഗണിക്കാം? പ്രായോഗികനിലയിൽ നമുക്ക് മറ്റുള്ളവരെ സഹായിക്കുന്നതിനെക്കുറിച്ച് സംസാരിക്കുക. പിന്നെ ഒരു കാര്യവും കൂടെ നിങ്ങൾക്ക് പറയാം, യേശുകർത്താവിനെക്കുറിച്ചുള്ള സുവാർത്ത മറ്റുള്ളവരുമായി നമുക്ക് പങ്കിടാം.*<br>• *ആ മനുഷ്യനെപ്പോലെ നമ്മുടെ ജീവിതത്തിൽ നമുക്കും പ്രശ്നങ്ങളുണ്ട്. നടക്കാൻ സാധിക്കാതിരുന്ന ആൾക്ക് വിടുതൽ നൽകിയ ആ യേശുവിന്റെ ശക്തിക്ക് നമ്മുടെ പാപങ്ങളെ നമ്മുടെ ജീവിതങ്ങളിൽ നിന്ന് നീക്കാൻ കഴിയും.*<br>• *ദൈവത്തെ സ്തുതിക്കാൻ തക്കതായ ചില കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുക.*<br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക.**<br>**പ്രദർശിപ്പിക്കുക**: FBI ഒരു മുടന്തൻ സൗഖ്യമായി |
| മനപ്പാഠമാക്കുക | താക്കോൽവാക്യം: **ലെവൽ 1– അപ്പോസ്തലപ്രവൃത്തി 3:6, ലെവൽ 2– അപ്പോസ്തലപ്രവൃത്തി 3:16**<br>പഠിപ്പിക്കുകയും അവശ്യമുള്ളിടത്ത് വിശദീകരിക്കുകയും ചെയ്വിൻ *അത് യോജിച്ചതാണെങ്കിൽ കുട്ടികൾ നടക്കുമ്പോഴും ചാടുമ്പോഴും ഒക്കെ ആ സ്ഥലത്ത് വെച്ച് തന്നെ അത് പറയാം.* |
| ഓർക്കുക | • അത് ഏത് സമയത്തായിരുന്നു?<br>• പത്രോസും യോഹന്നാനും എവിടേക്കാണ് പോയിരുന്നത്?<br>• ആ മനുഷ്യൻ എത്രനാളുകളായി നടക്കാൻ കഴിയാഞ്ഞിട്ട്?<br>• എല്ലാ ദിവസവും അവൻ എവിടെയാണ് ഇരുന്നിരുന്നത്?<br>• പത്രോസിനോടും യോഹന്നാനോടും അവൻ എന്താണ് ആവശ്യപ്പെട്ടത്?<br>• ആ മുടന്തനെ സൗഖ്യമാക്കുവാൻ പത്രോസ് ആരുടെ നാമമാണ് ഉപയോഗിച്ചത്?<br>• പത്രോസ് അവനോട് വേറെ എന്താണ് ചെയ്തതും പറഞ്ഞതും?<br>• ആ മനുഷ്യന് ഇപ്പോൾ ചെയ്യാൻ പറ്റുന്ന മൂന്ന് കാര്യങ്ങൾ?<br>• ആ മനുഷ്യന് സൗഖ്യം കിട്ടിയതിനുശേഷം അവൻ എവിടേക്കാണ് പോയത്?<br>• ദൈവത്തിന്റെ ശക്തിക്ക് നമ്മുടെ ജീവിതത്തിൽ എന്ത് ചെയ്യാൻ സാധിക്കും? |

## A 7 പാഠം – 3

**പത്രോസ് കാരാഗൃഹത്തിൽ – ദൈവത്തെ സേവിക്കുന്നവരെ ദൈവം എങ്ങനെ സഹായിക്കുന്നു എന്നുള്ളതിനെക്കുറിച്ചുള്ള പാഠമാണ്**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കുകയാണ്.**<br>• യേശുകർത്താവിനെ ക്രൂശിച്ച മതനേതാക്കന്മാരിൽ നിന്നും ആദിമക്രിസ്ത്യാനികൾക്ക് വളരെ എതിർപ്പുകൾ സഹിക്കേണ്ടി വന്നിട്ടുണ്ട്.<br>• എന്ത് പ്രയാസങ്ങൾ വന്നാലും യേശുവിനെ സത്യമായി സ്നേഹിക്കുന്നവർക്ക് അവനെ അനുസരിക്കേണ്ടത് ആവശ്യമായിരുന്നു.<br><br>**താക്കോൽവാക്യം: എബ്രായർ 13:6**<br>**ബൈബിൾ വായനാഭാഗം: അപ്പോസ്തലപ്രവൃത്തി 4:1 – 22** |
| അവതരിപ്പിക്കുക | • ഈ പാഠം മുമ്പത്തെ പാഠത്തിന്റെ തുടർച്ചയായതിനാൽ ഇതിനോട് ബന്ധപ്പെട്ട പൊതുവിലുള്ള ചില സത്യങ്ങൾ വീണ്ടും പറയുന്നത് നല്ലതാണ്.<br>• സന്തോഷവും ദുഃഖവുമുള്ള മുഖം വരച്ചത് സൂചിപ്പിക്കുക.<br>• എങ്ങനെയാണ് ആ മനുഷ്യന് നടക്കുവാൻ സാധിച്ചത്?<br>• അത് സാധിച്ചത് യേശുവിന്റെ ശക്തി കൊണ്ടാണെന്ന് കുട്ടികൾക്ക് ഉറപ്പു വരുത്തുക |
| വിശദീകരിക്കുക | • അതിനുശേഷം പത്രോസും യോഹന്നാനും ഉയിർത്തെഴുന്നേറ്റ യേശുകർത്താവിനെക്കുറിച്ച് പ്രസംഗിച്ചു അനേക മനുഷ്യരും വിശ്വസിച്ചു. (**അപ്പോസ്തലപ്രവൃത്തികൾ** 4:1 – 2,4) എന്നാൽ യേശു ഉയിർത്തെഴുന്നേറ്റു എന്ന് പത്രോസ് ജനങ്ങളോട് പറഞ്ഞതിന് ദേവാലയത്തിന്റെ അധികാരികൾ പത്രോസിനെ ദേഷ്യപ്പെട്ടു. ഉടനെ തന്നെ അവർ പത്രോസിനേയും യോഹന്നാനേയും അറസ്റ്റ് ചെയ്ത് കാരാഗൃഹത്തിലാക്കി. (**അപ്പോസ്തലപ്ര വൃത്തി** 4:3) *ഇത് സ്വാഭാവികമായി എന്തായിരിക്കും അവർക്ക് തോന്നുക.*<br>• അടുത്തദിവസം രാവിലെ അവരെ പുറത്ത് കൊണ്ട് വന്ന് കോടതിയിൽ ചോദ്യം ചെയ്തു. (**അപ്പോ. പ്ര വൃത്തി** 4:5 – 7) *കോടതി എന്ന് പറഞ്ഞാൽ ആരെങ്കിലും കുറ്റം ചെയ്താൽ അത് തെറ്റോ ശരിയോ എന്നുള്ളത് തീരുമാനിക്കണമെങ്കിൽ ഒരു കൂട്ടം ജനങ്ങളുണ്ട് അതാണ് കോടതി എന്നുള്ള കാര്യം വിശദീകരിക്കുക.*<br>• ഒരു പ്രാവശ്യം കൂടി ഈ മനുഷ്യൻ എങ്ങിനെയാണ് സൗഖ്യമായത് എന്ന് വിശദമാക്കുവാൻ, പരിശുദ്ധാത്മാവ് പത്രോസിനെ സഹായിച്ചു. (**അപ്പോ. പ്ര**4:8 – 12) പത്രോസിനേയും യോഹന്നാനേയും എന്ത് ചെയ്യണമെന്ന് അറിയാതെ കോടതി വിഷമിച്ചു! ഒരു വലിയ അത്ഭുതം നടന്നു എന്ന് അവർ മനസ്സിലാക്കി എന്നാൽ അവർ അതിനെപ്പറ്റി ചർച്ച ചെയ്തപ്പോൾ അവർ പത്രോസിനോടും യോഹന്നാനോടും ഇനി യേശുവിനെക്കുറിച്ച് പ്രസംഗിക്കേണ്ട എന്ന് പറയാൻ കോടതി തീരുമാനിച്ചു. (**അപ്പോ. പ്ര** 4:13 – 19) *ഇതിനെപ്പറ്റി പത്രോസിനും യോഹന്നാനും എന്ത് തോന്നി? അവർക്ക് ഇത് അനുസരിക്കാൻ സാധിച്ചോ?*<br>• പത്രോസിനും യോഹന്നാനും മനസ്സിലായി യേശുകർത്താവിനെക്കുറിച്ച് പ്രസംഗിക്കാതിരിക്കാൻ പ്ര യാസമാണെന്നുള്ള കാര്യം! (**അപ്പോ. പ്ര** 4:20) *അവർ യേശുവിനെ വളരെയധികം സ്നേഹിച്ചതുകൊണ്ട് ദൈവത്തെ അനുസരിക്കാൻ തന്നെ അവർ തീരുമാനിച്ചു. അവർക്ക് എന്ത് തന്നെ സംഭവിച്ചാലും എല്ലാം കർത്താവിന്റെ നിമിത്തം സഹിക്കാം എന്ന് അവർ തീരുമാനിച്ചു. പരിശുദ്ധാത്മാവ് അവരെ സഹായിക്കുമെന്ന് അവർക്ക് അറിയാമായിരുന്നു.*<br>• *എത്ര ബുദ്ധിമുട്ട് സഹിച്ചാലും നാം ദൈവത്തെ സ്നേഹിക്കയും അനുസരിക്കുകയും വേണം.*<br><br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI പത്രോസും യോഹന്നാനും അറസ്റ്റ് ചെയ്യപ്പെട്ടു |
| മനപ്പാഠമാക്കുക | താക്കോൽവാക്യം: **എബ്രായർ** 13:6 പഠിപ്പിക്കുകയും ആവശ്യമുണ്ടെങ്കിൽ വിശദമാക്കുകയും ചെയ്യുക.<br>കുട്ടികളെ മൂന്ന് ഗ്രൂപ്പായിട്ട് തിരിക്കുക ഓരോ ഭാഗം പറയാനായിട്ട് അതിനുശേഷം എല്ലാവർക്കും കൂടെ അതിന്റെ സാക്ഷ്യം ആവർത്തിച്ചു പറയുക. ഈ വാക്കുകൾ പത്രോസിനും യോഹന്നാനും സഹായമായിരുന്നുവെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? അവരെ അറിയുന്നത് നമ്മെയും സഹായിക്കും എന്ന് വിശദീകരിക്കുക. |
| ഓർക്കുക | ശരിയോ തെറ്റോ എന്നുള്ള ഉത്തരം വരുന്ന ചോദ്യപംക്തി പ്രസ്താവനകളടക്കം ഒരു കാർഡിൽ എഴുതി ഒരു ബാഗിൽ ഇടുക. ഓരോ പ്രസ്താവനകൾക്കും ഒരു നിശ്ചിതസംഖ്യയിൽ പോയിന്റുകൾ ഉണ്ടാവണം (5 മുതൽ 100 വരെ ) രണ്ട് ടീമുകളാക്കുക.<br>• പത്രോസിനോടും യോഹന്നാനോടും പോലീസ് വളരെ ദേഷ്യപ്പെട്ടു.<br>• അവർ രാത്രി കാരാഗൃഹത്തിൽ കഴിഞ്ഞു.<br>• അവരെ വിട്ടയച്ചപ്പോൾ കോടതിയുടെ മുമ്പാകെ ഹാജരാക്കി ചോദ്യം ചെയ്തു.<br>• പത്രോസ് കോടതിയിൽ പറഞ്ഞു യേശുവിന്റെ ശക്തിയാണ് ആ മനുഷ്യനെ സൗഖ്യമാക്കിയതെന്ന്.<br>• അധികാരികളോട് സംസാരിപ്പാൻ പത്രോസിനേയും യോഹന്നാനേയും സഹായിച്ചത് പരിശുദ്ധാത്മാവാണ്.<br>• പത്രോസും യോഹന്നാനും കോടതിയിൽ നിന്നും അങ്ങനെ രക്ഷപ്പെട്ടു,<br>• പത്രോസും യോഹന്നാനും യേശുവിനെക്കുറിച്ച് സംസാരിക്കരുത് എന്ന് കോടതി തീരുമാനിച്ചു.<br>• പത്രോസും യോഹന്നാനും കോടതിയെ അനുസരിക്കാമെന്ന് പറഞ്ഞു. |

## A 7 പാഠം–4

**പത്രോസ് സ്വതന്ത്രനാക്കപ്പെട്ടു – ദൈവം പ്രാർത്ഥന കേൾക്കുന്നു എന്നതിനെക്കുറിച്ചുള്ള പാഠമാണ്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കുകയാണ്.**<br>• ദൈവം തന്റെ ശക്തിയും സഹായവും ക്രിസ്ത്യാനികൾക്ക് നൽകുന്നതുകൊണ്ട് അവർക്ക് ദൈവത്തിന്റെ വേല ചെയ്‌വാൻ സാധിക്കുന്നു.<br>• നാം അഭിമുഖീകരിക്കുന്ന ഓരോ സന്ദർഭങ്ങളിലും പ്രാർത്ഥന പ്രാധാന്യമർഹിക്കുന്നതാണ്.<br><br>**താക്കോൽവാക്യം: ഒന്നുകിൽ അപ്പോസ്തലപ്രവൃത്തികൾ 4:31 അല്ലെങ്കിൽ മത്തായി 6:33**<br>**ബൈബിൾ വായനാഭാഗം: അപ്പോസ്തലപ്രവൃത്തി 4:23–31** |
| അവതരിപ്പിക്കുക | • കൂട്ടുകാരോടും അല്ലെങ്കിൽ കുടുംബത്തിലും കുട്ടികൾ പങ്കുവെയ്ക്കുന്ന ചില വർത്തമാനങ്ങളെക്കുറിച്ച് സംസാരിക്കുക. അവർ പറയുന്നത് അവർ ചെയ്തിട്ടുള്ള എന്തെങ്കിലും പ്രത്യേക മത്സരത്തിൽ ജയിച്ചതോ അല്ലെങ്കിൽ എവിടെയെങ്കിലും യാത്ര പോയതോ ആയ സന്തോഷമുള്ള വാർത്തകളായിരിക്കാനാണ് സാധ്യത അല്ലെങ്കിൽ അവർ എന്തെങ്കിലും കാര്യത്തെക്കുറിച്ച് വിഷമിച്ചിരിക്കുമ്പോൾ അവരെ സഹായിച്ച കൂട്ടുകാരോട് അതിനെക്കുറിച്ച് പങ്കുവയ്ക്കുക. |
| വിശദീകരിക്കുക | • പത്രോസിനും യോഹന്നാനും അവരുടെ കൂട്ടുകാരോട് പല വർത്തമാനങ്ങളും പറയാനുണ്ടായിരുന്നു (**അപ്പോസ്തലപ്രവൃത്തി 4:23**) ഒരു നല്ല വാർത്ത എന്നുള്ളത് അവർ തടവിൽ നിന്നും മോചിതരായി, എന്നാൽ ഒരു ദുഃഖവാർത്ത, യേശുവിനെക്കുറിച്ച് ഇനി സംസാരിക്കരുത് എന്നുള്ളതായിരുന്നു.<br>• പത്രോസിന്റേയും യോഹന്നാന്റേയും സ്നേഹിതർ പ്രാർത്ഥിക്കാമെന്നൊരു ബുദ്ധിപരമായ തീരുമാനം ചെയ്തു. (**അപ്പോ. പ്ര 4:24–30**) ദൈവത്തിന്റെ നിയന്ത്രണത്തിലാണ് കാര്യങ്ങൾ എന്നുള്ളത് അവർ മനസ്സിലാക്കി. അവരെ പ്രസംഗിക്കരുതെന്ന് തടഞ്ഞ മനുഷ്യരേക്കാളും വലിയവനാണ് കർത്താവ്. അവർ പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ അവരെ അത്ഭുതപ്പെടുത്തുന്ന പല സംഭവങ്ങളിലും ദൈവത്തിന്റെ ശക്തി വെളിപ്പെട്ടത് അവർക്ക് ഓർമ്മ വന്നു. യേശുവിന്റെ ശക്തി കൊണ്ട് കൂടുതൽ അത്ഭുതങ്ങൾ പ്രവർത്തിപ്പാനും ധൈര്യം കിട്ടേണ്ടതിനും വേണ്ടി അവർ ദൈവത്തോട് യാചിക്കുക (**അപ്പോ. പ്ര 4:29,30**)<br>• അവർ പ്രാർത്ഥിച്ച ഉടനെതന്നെ ദൈവം പ്രാർത്ഥനക്ക് ഉത്തരം നൽകി (**അപ്പോ. പ്ര 4:31**) *ആ കെട്ടിടം കുലുങ്ങിയത് അവർ യേശുക്രിസ്തുവിനെക്കുറിച്ച് പറയുവാൻ അവരെ സഹായിക്കുകയും ചെയ്ത പരിശുദ്ധാത്മാവിന്റെ ശക്തിയെ കാണിക്കുവാനും കൂടെയാണ് ദൈവം അങ്ങനെ പ്രവർത്തിച്ചത്.*<br>• *നമുക്ക് ചെയ്യാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങൾ വരുമ്പോൾ ദൈവത്തോട് പ്രാർത്ഥിക്കുക എന്ന് വിശദമാക്കുക.*<br>• *ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുകയും ഉത്തരം നൽകുകയും ചെയ്യും മാത്രമല്ല ഇന്നത്തെ കഥയിലെപ്പോലെ യേശുകർത്താവിന് ഒന്നാം സ്ഥാനം കൊടുക്കുവാനും സാധിക്കും.*<br>• *ലെവൽ 2 വിലുള്ള കുട്ടികളോട്, യേശുകർത്താവിനെക്കുറിച്ചുള്ള സുവിശേഷം പറയുന്നതിൽ തടയുന്ന മനുഷ്യരുള്ള ചില രാജ്യങ്ങളിലെ ക്രിസ്ത്യാനികളെക്കുറിച്ച് കുട്ടികളോട് പറയുക. അവർക്ക് യേശുകർത്താവിന് ഒന്നാം സ്ഥാനം കൊടുക്കാനുള്ള ധൈര്യം ലഭിക്കാനായി നമുക്ക് പ്രാർത്ഥിക്കാം.*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI പത്രോസും യോഹന്നാനും അറസ്റ്റ് ചെയ്യപ്പെട്ടു. |
| മനപ്പാഠമാക്കുക | • താക്കോൽവാക്യം ഒന്നുകിൽ അപ്പോസ്തലപ്രവൃത്തി 4:31 അല്ലെങ്കിൽ മത്തായി 6:33 പഠിപ്പിക്കയും ആവശ്യമുള്ളതുപോലെ വിശദീകരിക്കുകയും ചെയ്യുക.<br>• മത്തായി 6:33-ൽ 'അന്വേഷിപ്പിൻ' എന്ന വാക്കിന്റെ അർത്ഥം (പ്രഥമസ്ഥാനം) മുമ്പേ അവന്റെ രാജ്യം എന്നു വെച്ചാൽ ദൈവത്തിന് പ്രാധാന്യമുള്ളതൊക്കെയും മാത്രമല്ല നിശ്ചയമായും യേശുകർത്താവും അതിൽ ഉൾപ്പെട്ടിരിക്കുന്നു. |
| ഓർക്കുക | A 7 -ൽ ഉള്ള 4 പാഠങ്ങളും ആധാരമാക്കി ചോദ്യങ്ങൾ<br>• എന്തുകൊണ്ടാണ് യേശുവിന്റെ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ ആവശ്യമായിരുന്നത്?<br>• പരിശുദ്ധാത്മാവ് വന്നപ്പോൾ ശിഷ്യന്മാർ എന്താണ് കണ്ടത്?<br>• താക്കോൽ വാക്യം പൂർണ്ണമാക്കുക "ദൈവം ഈ യേശുകർത്താവിനെ ഉണ്ടാക്കിയോ രണ്ടുപേരേയും ക്രൂശിച്ചു — — (അപ്പോസ്തപ്രവൃത്തി 2:36) - പാഠം 1<br>• എന്തുകൊണ്ടാണ് ദേവാലയത്തിലെ ആ മനുഷ്യൻ ഭിക്ഷ യാചിച്ചത്?<br>• എത്ര നാളുകൾ ആ മനുഷ്യന് നടക്കാൻ സാധിക്കാതെ ഇരുന്നു?<br>• താക്കോൽ വാക്യത്തിൽ വിട്ടുപോയ വാക്കുകൾ പൂരിപ്പിക്കുക. നസറായനായ യേശുവിന്റെ നാമത്തിൽ——<br>• യേശുകർത്താവിനെക്കുറിച്ച് ഈ അത്ഭുതം എന്താണ് ജനങ്ങൾക്ക് തെളിയിച്ചു കൊടുത്തത്?<br>• എന്തിനാണ് പത്രോസിനേയും യോഹന്നാനേയും തടവിലാക്കിയത്?<br>• കോടതി അവരോട് ഇനി ചെയ്യരുത് എന്ന് പറയാൻ കാരണം?<br>• പത്രോസിന്റേയും യോഹന്നാന്റേയും കൂട്ടുസഹോദരന്മാർ പ്രാർത്ഥിച്ചതിന് ദൈവം ഉത്തരം അരുളിയപ്പോൾ എന്ത് സംഭവിച്ചു? |

## A 8 പാഠം–1
**പത്രോസ് തബീഥയെ സഹായിക്കുന്നു. തബീഥയെ വീണ്ടും ജീവിപ്പിക്കുന്ന പാഠമാണ് ഇത്.**

| | |
|---|---|
| | **നാം അത് പഠിച്ചു കൊണ്ടിരിക്കുകയാണ്.**<br>• തബീഥയെ സൗഖ്യമാക്കുവാൻ തക്കവണ്ണം യേശുകർത്താവിന്റെ ശക്തി പത്രോസിൽ കൂടെ വ്യാപരിച്ചു പ്രവർത്തിച്ചു.<br>• നാം യേശു കർത്താവിൽ വിശ്വസിച്ച് അവനെ അനുസരിക്കണം.<br><br>**താക്കോൽവാക്യം: അപ്പോസ്തപ്രവൃത്തി 9:42**<br>**ബൈബിൾ വായനാഭാഗം: അപ്പോസ്തലപ്രവൃത്തികൾ 9:32–43** |
| അവതരിപ്പിക്കുക | • നമുക്കുള്ളതിൽ നിന്നും പല ആവശ്യങ്ങളുടെ മദ്ധ്യേ വലയുന്ന ജനങ്ങളെ സഹായിക്കാൻ നമുക്ക് എങ്ങനെ സാധിക്കും എന്നതിനെക്കുറിച്ച് സംസാരിക്കുക. സാധിക്കുമെങ്കിൽ ചില ചിത്രങ്ങളുടെ സഹായത്തോടെ നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെ ഉദാഹരണസഹിതം വ്യക്തമാക്കുക.<br>• യേശുകർത്താവിനെ സ്നേഹിക്കുന്ന കരുണയുള്ള സ്ത്രീയായി തബീഥയെ പരിചയപ്പെടുത്തുക, ഈ കാരണത്താലാണ് തബീഥാ പാവപ്പെട്ട പലർക്കും വസ്ത്രങ്ങൾ തുന്നിക്കൊടുക്കുവാൻ സമയം ചിലവിട്ടതും സഹായിച്ചതും. |
| വിശദീകരിക്കുക | • ഒരു ദിവസം തബീഥക്ക് അസുഖം പിടിച്ച് മരിച്ചു (**അപ്പോസ്തലപ്രവൃത്തി 9:37**) *അവളുടെ സ്നേഹിതർ എങ്ങനെയാണ് സഹതപിച്ചത്?*<br>• യോപ്പയിലെ ഒരു ചെറിയ പട്ടണത്തിലുണ്ടായിരുന്ന പത്രോസിനെ അന്വേഷിച്ച് ക്രിസ്ത്യാനികളിൽ രണ്ടുപേർ പോയി. (**അപ്പോസ്തലപ്രവൃത്തി 9:38–39**)<br>• പത്രോസ് നേരെ തബീഥയുടെ വീട്ടിലേക്ക് വന്നു (**അപ്പോസ്തലപ്രവൃത്തി 9:40–41**) *പത്രോസ് ആദ്യം എങ്ങനെയാണ് പ്രാർത്ഥിച്ചത് എന്ന് വിവരിച്ചു പറയുക അതിനുശേഷം അവളോട് സംസാരിച്ചു, അവളുടെ കൈയ്ക്ക് പിടിച്ചു എഴുന്നേൽപ്പിച്ചു. തബീഥ വീണ്ടും ജീവിച്ചു! പത്രോസ് ഈ വീട്ടിൽ വന്ന് കയറുമ്പോൾ വളരെ ദുഃഖപൂർണ്ണമായിരുന്നു എന്നാൽ അതിനു വിപരീതമായി തബീഥ ജീവിച്ചെഴുന്നേറ്റപ്പോൾ എല്ലാവരും സന്തോഷിച്ചു. പത്രോസിന് ഈ അത്ഭുതം ചെയ്യാൻ സാധിച്ചതിന്റെ ഒരേ ഒരു കാരണം യേശുകർത്താവിന്റെ ശക്തി പത്രോസിൽ വ്യാപരിച്ചതുകൊണ്ടാണ്.*<br>• അനേക ജനങ്ങൾ യേശുകർത്താവിൽ വിശ്വസിച്ചു (**അപ്പോസ്തപ്രവൃത്തി 9:42**)<br>• *തബീഥയെ ഉയിർത്തെഴുന്നേൽപ്പിച്ചതുകണ്ട് പലരും യേശുവിൽ വിശ്വസിച്ചതുപോലെ നാമും യേശുകർത്താവിൽ വിശ്വസിക്കേണ്ടത് ആവശ്യമാണ്.*<br>• *ഇതിന്റെ അർത്ഥമെന്താണെന്ന് വിശദമാക്കുക. യേശു ദൈവപുത്രനാണെന്നും, കർത്താവ് ജീവിക്കുന്നു എന്നും അവന് മാത്രമേ നമ്മുടെ പാപങ്ങളെ നീക്കിക്കളയാൻ അവനുമാത്രമേ ശക്തിയുള്ളൂ എന്നും നാം മനസ്സിലാക്കണം. യേശുവിൽ വിശ്വസിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് നാം പൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കുക.*<br><br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക**<br><br>**പ്രദർശിപ്പിക്കുക:** FBI പേടമാൻ എന്ന് അർത്ഥമുള്ള തബീഥയെ ഉയിർപ്പിച്ചു. |
| മനപ്പാഠമാക്കുക | താക്കോൽവാക്യം: **അപ്പോസ്തലപ്രവൃത്തികൾ** 9:42 പഠിപ്പിക്കുക. ആ താക്കോൽവാക്യം കൊച്ചുകുട്ടികൾക്ക് പോലും പഠിക്കാനും എളുപ്പമാണ്. കുട്ടികൾക്ക് അത് മനസ്സിലായോ എന്ന് ഉറപ്പു വരുത്തണം. 'വളരെ' എന്ന വാക്കു കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് കുട്ടികൾക്ക് മനസ്സിലായോ എന്ന് പരിശോധിക്കുക. കർത്താവിൽ വിശ്വസിക്കാൻ അവരെ പ്രേരിപ്പിച്ചത് എന്താണ്? ഒരാൾക്ക് എങ്ങിനെ കർത്താവിൽ വിശ്വസിക്കാൻ സാധിക്കും? |
| ഓർക്കുക | • തബീഥാ എവിടെയാണ് ജീവിച്ചിരുന്നത്?<br>• എങ്ങനെയാണ് അവൾ ജനങ്ങളെ സഹായിച്ചിരുന്നത്?<br>• എന്തിനാണ് അവൾ ജനങ്ങളെ സഹായിച്ചത്?<br>• തബീഥാ മരിച്ചപ്പോൾ ജനങ്ങളെ അത് എത്രമാത്രം ബാധിച്ചു?<br>• പത്രോസിനെ അന്വേഷിക്കാൻ ആരാണ് പോയത്?<br>• പത്രോസ് തബീഥായുടെ കട്ടിലിന്റെ അരികിൽ മുട്ടുകുത്തി എന്താണ് ചെയ്തത്?<br>• പത്രോസ് തബീഥയോട് എന്താണ് പറഞ്ഞത്?<br>• പത്രോസ് തബീഥയോട് സംസാരിച്ചതിനുശേഷം അവൻ എന്താണ് ചെയ്തത്?<br>• തബീഥയെ ഉയിർത്തെഴുന്നേൽപ്പിച്ചതിനുശേഷം കുറെ ആളുകൾ എന്താണ് ചെയ്തത്?<br>• എവിടെയാണ് താക്കോൽവാക്യം കണ്ടത്? |

# A 8 പാഠം – 2

## പത്രോസിന് ഒരു ദർശനം ഉണ്ടായി– എല്ലാവരോടും ദൈവസ്നേഹം ഉണ്ടായിരിക്കണം എന്നതിനെക്കുറിച്ചുള്ള പാഠമാണ്.

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• ദൈവം പറഞ്ഞതെല്ലാം ചെയ്‌വാൻ പത്രോസ് അനുസരണമുള്ളവനായിരുന്നു.<br>• ദൈവം എല്ലാവരേയും സ്നേഹിക്കുന്നു, കർത്താവായ യേശുവിനെക്കുറിച്ചുള്ള സുവിശേഷം എല്ലാവരും അറിവാൻ ദൈവം ആഗ്രഹിക്കുന്നു.<br><br>**താക്കോൽവാക്യം: യോഹന്നാൻ 3:16**<br>**ബൈബിൾ വായനാഭാഗം : അപ്പോസ്തലപ്രവൃത്തി 10:9 – 23** |
| അവതരിപ്പിക്കുക | • പല രാജ്യത്തിലുള്ള ആളുകളും വ്യത്യസ്തരാണെന്നുള്ളതിനെക്കുറിച്ച് സംസാരിക്കുക - ഫോട്ടോകളും ചിത്രങ്ങളും ഉപയോഗിക്കുക. (തൊലിയുടെ നിറം, മുടി, വസ്ത്രങ്ങൾ, ഭാഷ മുതലായവ).<br>• ദൈവമാണ് എല്ലാവരേയും ഉണ്ടാക്കിയത്. ഓരോ വ്യക്തിയും ദൈവത്തെക്കുറിച്ച് പഠിക്കുകയും അവന്റെ പുത്രനായ യേശുകർത്താവിനെക്കുറിച്ചും പഠിക്കണം. |
| വിശദീകരിക്കുക | • യോപ്പയിൽ പത്രോസ് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ (A 8 പാഠം 1 ആയിട്ട് ബന്ധിപ്പിക്കുക) ദൈവം അവനെ പഠിപ്പിച്ചു ദൈവം എല്ലാവരേയും സ്നേഹിക്കുന്നു എന്ന്. (**അപ്പോ. പ്ര 10:9 – 16**) *ദർശന ത്തെക്കുറിച്ചുള്ള വിശദാംശത്തിലേക്ക് പോകേണ്ട ആവശ്യമില്ല. ലെവൽ 2 - ലെ കുട്ടികളോട് ഇപ്ര കാരം പറയുക, ഈ സത്യം മനസ്സിലാക്കാൻ പത്രോസിന് പ്രയാസമായിരുന്നു കാരണം അവൻ ഒരു യഹൂദനായിരുന്നതുകൊണ്ട് അതുവരെ പത്രോസ് വിചാരിച്ചിരുന്നത് യഹൂദന്മാരെ മാത്രമെ ദൈവത്തിന് പ്രാധാന്യം ഉണ്ടായിരുന്നുള്ളൂ എന്നാണ്, എല്ലാവരും (ഓരോരുത്തരും) ദൈവത്തിന് പ്രത്യേകത ഉള്ളവരായിരുന്നു എന്ന് പത്രോസ് മനസ്സിലാക്കണമായിരുന്നു.*<br>• മൂന്ന് സന്ദർശകർ വന്ന് പത്രോസിനെ കൊർന്നല്യോസിന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകാൻ വന്നു. (**അപ്പോ. പ്ര 10:17 – 22**) കൊർന്നല്യോസ് ഒരു പ്രധാന റോമൻ പടയാളിയും ദൈവത്തെക്കുറിച്ച് കൂടുതൽ പഠിക്കാൻ ആഗ്രഹമുള്ളവനുമായിരുന്നു. കൊർന്നല്യോസ് പത്രോസിൽ നിന്നും വ്യത്യസ്ഥനായിരുന്നു. അതുകൊണ്ട് തന്നെ കൊർന്നല്യോസിനെപ്പോലെയുള്ളവരെ പത്രോസ് സന്ദർശിക്കാറില്ല. കൊർന്നല്യോസിന്റെ വീട്ടിൽ പോകുന്നത് ശരിയാണ് എന്ന് പത്രോസ് എങ്ങനെയാണ് അറിഞ്ഞതെന്ന് വിശദീകരിക്കുക. (1) അപ്പോൾ ദൈവം പത്രോസിനെ പഠിപ്പിച്ചതിൽ നിന്നും (2) പരിശുദ്ധാത്മാവ് അവനെ നിയന്ത്രിക്കുന്നുണ്ടായിരുന്നു.<br>• പത്രോസ് 40 മൈൽ അകലെ കൈസര്യായിലുള്ള കൊർന്നല്യോസിന്റെ വീട്ടിലേക്ക് യാത്ര ചെയ്തു പോയി (**അപ്പോസ്തലപ്രവൃത്തി 10:23**) *ഈ ദൂരത്തെക്കുറിച്ച് എന്തെങ്കിലും സൂചന കൊടുക്കാൻ വേണ്ടി കുട്ടികൾക്ക് പരിചയമുള്ള സ്ഥലത്തിന്റെ ദൂരം താരതമ്യപ്പെടുത്തി പറഞ്ഞു കൊടുക്കുക. ഇത് ഏകദേശം ഒരു ദിവസം എടുത്തു കാണും. പത്രോസിന് ദൈവത്തോടുള്ള അനുസരണമാണ് ഈ യാത്ര പോകുവാൻ അവനെ പ്രേ രിപ്പിച്ചത്.*<br>• *ദൈവം എല്ലാവരേയും സ്നേഹിക്കുന്നുവെന്ന് ഓരോരുത്തരും അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം തന്റെ പുത്രനെ കാൽവറിക്രൂശിൽ മരിക്കുവാൻ നമുക്കുവേണ്ടി മരിക്കുവാൻ നൽകിയത് ഓരോരുത്തരും മോചിപ്പിക്കപ്പെടുവാൻ വേണ്ടിയാണ്.*<br>• *നിങ്ങൾ യേശുകർത്താവിൽ വിശ്വസിച്ചവരാണെങ്കിൽ മറ്റുള്ളവരോടുകൂടെ ഈ കർത്താവിനെ അറിയാൻ നിങ്ങൾ സഹായിക്കുക.*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക**<br><br>**പ്രദർശിപ്പിക്കുക:** A പത്രോസ് യേശുവിനെക്കുറിച്ച് കൊർന്നല്യോസിനോട് പറയുന്നു. |
| മനപ്പാഠമാക്കുക | താക്കോൽവാക്യം: **യോഹന്നാൻ 3:16** പഠിപ്പിക്കുകയും ആവശ്യമുള്ളതുപോലെ വിശദീകരിക്കുകയും ചെയ്യുക. |
| ഓർക്കുക | • ആരോടുകൂടെയായിരുന്നു പത്രോസ് താമസിച്ചിരുന്നത്?<br>• ഉച്ചസമയത്ത് പത്രോസ് എന്ത് ചെയ്യുകയായിരുന്നു?<br>• പത്രോസിനോട് ദൈവം സംസാരിച്ചപ്പോൾ പത്രോസ് എന്ത് അറിയണമെന്നാണ് ദൈവം ആഗ്രഹിച്ചത്<br>• എത്ര പേരാണ് പത്രോസിനെ കാണാൻ വന്നത്?<br>• പത്രോസിന് ആരെയായിരുന്നു സന്ദർശിക്കേണ്ടിയിരുന്നത്?<br>• കൊർന്നല്യോസിന് എന്ത് ജോലിയായിരുന്നു?<br>• എന്തിനാണ് പത്രോസ് കൊർന്നല്യോസിന്റെ വീട്ടിൽ പോയത്?<br>• ദൈവം ലോകത്തിലുള്ള ഓരോരുത്തരേയും സ്നേഹിക്കുന്നു എന്ന് ദൈവം എങ്ങനെയാണ് കാണിച്ചു കൊടുത്തത്?<br><br>**അഭിനയിക്കുക:** ഈ കഥയിൽ സന്ദർശകർ വരുന്നത് അഭിനയിച്ചു 3 - മത്തെ കഥ തുടരുക. മുതിർന്ന ലീഡർമാർക്ക് സന്ദർശകരുടേയും പത്രോസിന്റെയും ഭാഗം അഭിനയിക്കാം. |

# A 8 പാഠം–3

## പത്രോസും കൊർന്നല്യോസും – ദൈവം ഒരു റോമൻ ശതാധിപനെ രക്ഷിക്കുന്ന പാഠമാണ്.

| | |
|---|---|
| | **നാം അത് പഠിച്ചു കൊണ്ടിരിക്കുകയാണ്.**<br>• കൊർന്നല്യോസ് ആയിരുന്നു ഒന്നാമത്തെ യഹൂദനല്ലാത്ത (ജാതിയിൽപ്പെട്ടവൻ) ഒരാൾ യേശുവിൽ വിശ്വസിച്ചത് എങ്ങനെയാണ് ഇങ്ങനെ വന്നത്.<br>• യേശുവിൽ വിശ്വസിക്കുന്ന ആരായാലും (ഏവനും) അവരുടെ പാപങ്ങൾ ക്ഷമിപ്പാൻ ദൈവത്തിന് കഴിയും<br><br>**താക്കോൽവാക്യം: അപ്പോസ്തലപ്രവൃത്തി 10:43**<br>**ബൈബിൾ വായനാഭാഗം: അപ്പോസ്തലപ്രവൃത്തി 10:23–48** |
| അവതരിപ്പിക്കുക | • ഇത് കഴിഞ്ഞയാഴ്ചയിലെ പാഠത്തിന്റെ തുടർച്ച ആയതിനാൽ 2-ാം പാഠത്തിലെ അനുയോജ്യമായ കുറച്ച് ചോദ്യങ്ങൾ ഇതിൽ ചോദിച്ചാൽ വിശദമായി ആവർത്തിച്ചു പഠിക്കാൻ സഹായകരമാകും.<br>• ഇങ്ങനെ ചെയ്യുമ്പോൾ ഒരു പക്ഷെ നിങ്ങൾ നിങ്ങളുടെ സമൂഹത്തിൽ നടന്ന എന്തെങ്കിലും സംഭവം ഉദാഹരണമായി പറഞ്ഞാൽ ആ വാർത്ത കേൾക്കാൻ ആളുകൾ കടന്നു വരും. |
| വിശദീകരിക്കുക | • പത്രോസ് കൊർന്നല്യോസിന്റെ വീട്ടിൽ എത്തി (**അപ്പോ. പ്ര 10:24–33**) ഈ രംഗം വരച്ചു കാണിക്കാൻ കുട്ടികളെ സഹായിക്കുക. കൊർന്നല്യോസിന്റെ വീട്ടിൽ നിറയെ പുരുഷാരമായിരുന്നു, അവന്റെ കുടുംബക്കാരും, സ്നേഹിതരും എല്ലാവരും പത്രോസിനെ കാണാൻ ആകാംഷയോടെ വന്നു. കൊർന്നല്യോസ് പത്രോസിനെ ഒരു പ്രത്യേക സന്ദർശകനെപ്പോലെ പത്രോസിനെ എതിരേറ്റു അവന്റെ കാൽക്കൽ വീണു നമസ്കരിച്ചു. അപ്പോൾ പത്രോസ് കൊർന്നല്യോസിനോട് എഴുന്നേൽക്കാൻ ആവശ്യപ്പെട്ടു താൻ ഒരു സാധാരണ മനുഷ്യനാണ് അതുകൊണ്ട് നമസ്കരിക്കേണ്ട ആവശ്യമില്ല എന്ന് പറഞ്ഞു. കൊർന്നല്യോസിനോട് പത്രോസിനെ വിളിപ്പാൻ ദൈവം പറഞ്ഞു. *ഈ പ്രത്യേക യോഗത്തിനുവേണ്ടി രണ്ടു പേരേയും ദൈവം ഒരുക്കുകയായിരുന്നു എന്ന് ചൂണ്ടിക്കാണിക്കുക.*<br>• പത്രോസിന്റെ സന്ദേശം (**അപ്പോ. പ്ര 10:34–43**) *ലോകത്തിലെ സകലമനുഷ്യരും ദൈവത്തിൽ വിശ്വസിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്ന് പത്രോസ് പറഞ്ഞു.*<br>• കർത്താവായ യേശുവിനെക്കുറിച്ച് ഏതെല്ലാം സത്യങ്ങളെക്കുറിച്ചാണ് പത്രോസ് അവരോട് പറഞ്ഞതെന്ന് സംസാരിക്കുക- എങ്ങനെയാണ് യേശു നല്ല കാര്യങ്ങൾ ചെയ്തത്, ആളുകളെ സൗഖ്യമാക്കിയത്, കർത്താവ് എങ്ങനെ മരിച്ചെന്നും ദൈവം എങ്ങനെ ഉയിർത്തെഴുന്നേൽപ്പിച്ചതെന്നും പ്രസംഗിച്ചു. ഒരു ദിവസം ഈ യേശു ന്യായാധിപനായി വെളിപ്പെടും എന്നാൽ ഇന്ന് കർത്താവിൽ വിശ്വസിക്കുന്ന എല്ലാവർക്കും പാപ മോചനം ഉണ്ട്.<br>• കേൾവിക്കാരുടെ പ്രതികരണം. (**അപ്പോസ്തലപ്രവൃത്തി 10:44–48**) പത്രോസ് പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കാൻ പരിശുദ്ധാത്മാവ് അവിടെയുള്ള മനുഷ്യരെ സഹായിച്ചു. അവർ കർത്താവിൽ വിശ്വസിച്ചതുകൊണ്ട് അവരുടെ പാപങ്ങൾ മോചിച്ചു കിട്ടി.<br>• *യേശുകർത്താവിനെക്കുറിച്ചുള്ള സുവിശേഷം കേൾക്കുമ്പോൾ ആ മനുഷ്യർ ചെയ്തതുപോലെ നാം അവനോട് പ്രതികരണം കാണിക്കണം. നാം അവനിൽ വിശ്വസിക്കുമ്പോൾ നമ്മുടെ പാപങ്ങൾ നമുക്കും ക്ഷമിച്ചു കിട്ടും.*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക**<br><br>**പ്രദർശിപ്പിക്കുക**: FBI പത്രോസ് കൊർന്നല്യോസിനോട് യേശുവിനെക്കുറിച്ച് പറയുന്നു. |
| മനഃപാഠമാക്കുക | താക്കോൽവാക്യം: **അപ്പോസ്തലപ്രവൃത്തി 10:43** പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിശദീകരിക്കുക. ആരെങ്കിലും എന്നുള്ള വാക്കും, ഇളവ് ചെയ്യുക ക്ഷമിക്കുക എന്നുള്ള വാക്കും വിശദമാക്കുക. |
| ഓർക്കുക | • കൂടുതൽ ക്വിസ് ചോദ്യങ്ങൾക്ക് പകരം താക്കോൽ വാക്യം വലുതാക്കി എഴുതി അതിന്റെ ചുറ്റിലും പല മുഖങ്ങളുടെ ചിത്രങ്ങൾ വെട്ടി ഒട്ടിച്ച് കൊളാഷ് ഉണ്ടാക്കുന്നത് നല്ല ആശയമാണ്. ഓരോ കുട്ടികൾക്കും അവളുടെയോ/ അവന്റേയോ മുഖം വരയ്ക്കാം. ഇത് ദൈവസ്നേഹത്തെക്കുറിച്ചുള്ള സത്യം പത്രോസ് പഠിപ്പിച്ചതും അവർക്ക് മനസ്സിലാക്കിക്കൊടുത്തതുമായ "ആരെങ്കിലും" എന്നുള്ള സത്യം ദൃഢപ്പെടുത്തുവാൻ വ്യക്തിപരമായി ഇതിൽ ഉൾക്കൊള്ളിക്കുന്നു. കുട്ടികൾക്ക് സാധിക്കുമെങ്കിൽ മറ്റുള്ള പഴയ മാഗസിനുകളിൽ നിന്ന് പല മുഖങ്ങൾ വെട്ടി ഒട്ടിക്കാം.<br><br>**അഭിനയിക്കുക.** പാഠം 2-ൽ അഭിപ്രായപ്പെട്ടതുപോലെ ഇത് അഭിനയിച്ചു കാണിക്കാം. |

## A 8 പാഠം – 4

**പത്രോസ് രക്ഷപ്പെട്ടു – പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്ന ദൈവം എന്നതിനെക്കുറിച്ചുള്ള പാഠമാണ്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• പത്രോസിന്റെ സ്നേഹിതർ അവനുവേണ്ടി പ്രാർത്ഥിച്ചു.<br>• ആ ദൈവത്തിന് നമ്മുടെ പ്രാർത്ഥനകൾക്ക് അത്ഭുതകരമായി മറുപടി തരുവാൻ കഴിയും.<br><br>**താക്കോൽവാക്യം: യാക്കോബ് 5:16**<br>**ബൈബിൾവായനാഭാഗം: അപ്പോസ്തപ്രവൃത്തി 12:1–19** |
| അവതരിപ്പിക്കുക | • ഫോണുകൾ ഉപയോഗിച്ച് നമ്മുടെ സ്നേഹിതരോട് സംസാരിക്കുകയോ അല്ലെങ്കിൽ ആരുടെയെങ്കിലും സഹായം ചോദിക്കുന്നതിനെപ്പറ്റി സംസാരിക്കുക. സാധിക്കുമെങ്കിൽ ഒരു മൊബൈൽഫോൺ കാഴ്ചക്കായിട്ട് ഉപകരിക്കുക.<br>• പ്രാർത്ഥന എന്ന ആശയം ദൈവത്തോട് സംസാരിക്കുന്നതാണെന്ന് വീണ്ടും പരിഗണിക്കുക. ദൈവം നമ്മോട് തിരിച്ചു സംസാരിക്കുകയില്ല എന്നാൽ കർത്താവ് എപ്പോഴും ശ്രദ്ധിച്ചു കൊണ്ടിരിക്കും. നമ്മുടെ പ്രാർത്ഥനക്ക് ഉത്തരം നൽകുവാൻ ദൈവത്തിന് ശക്തി ഉണ്ട്.<br>• ഇന്നത്തെ പാഠത്തിൽ ഒരു കൂട്ടം സ്നേഹിതന്മാർ ഒരു പ്രധാനപ്പെട്ട കാര്യത്തിനുവേണ്ടി പ്രാർത്ഥിച്ചു. |
| വിശദീകരിക്കുക | • പത്രോസ് കാരാഗൃഹത്തിൽ. (**അപ്പോസ്തലപ്രവൃത്തി** 12:1– 4) ഹെരോദാ രാജാവ് യേശുവിന്റെ ശിഷ്യന്മാരെ ദ്വേഷിച്ചു. യാക്കോബിനെ കൊല ചെയ്തു. അധികം താമസിയാതെ പത്രോസിനെ പിടിച്ച് തടവിലാക്കി. ഇതിന് മുമ്പിലത്തെ പ്രാവശ്യം ഇങ്ങനെ തന്നെ പത്രോസിന് സംഭവിച്ചു എന്ന് വീണ്ടും ഓർമ്മിപ്പിക്കുക. **(അപ്പോ. പ്ര 5, A 7 പാഠം 3)**<br>• പത്രോസിന്റെ സ്നേഹിതരുടെ പ്രാർത്ഥന (**അപ്പോ. പ്ര** 12:5) *ഈ കാര്യം ചെയ്യുന്നതായിരുന്നു നല്ലത് എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക.*<br>• കാരാഗൃഹത്തിൽ നിന്നും വിടുവിക്കപ്പെട്ടു (**അപ്പോ. പ്ര** 12:6 – 10) പത്രോസിനെ വിസ്തരിക്കുന്നതിന്റെ തലേദിവസം രാത്രിയായിരുന്നു. *ഈ വിചാരണയുടെ അനന്തരഫലത്തിന്റെ പ്രാധാന്യം എന്തായിരിക്കുമെന്നുള്ളത് വിശദമാക്കുക.* പത്രോസിനെ പടയാളികളുടെ നടുവിൽ രണ്ട് ചങ്ങലയാൽ ബന്ധിക്കപ്പെട്ടിരിക്കയായിരുന്നു. എന്നാൽ പത്രോസ് നല്ല ഉറക്കമായിരുന്നു. ദൂതൻ പത്രോസിനെ എന്തൊരു നാടകീയമായ രീതിയിലാണ് വിടുവിച്ചതെന്നും ആ സംഭവം അറിയിച്ചപ്പോഴുണ്ടായ ആശ്ചര്യത്തെക്കുറിച്ചും പറയുക. പത്രോസിന് അത് ഒരു ദർശനം കാണുന്നതുപോലെയാണ് തോന്നിയത്.<br>• പത്രോസ് അവന്റെ സ്നേഹിതരുടെ (സഹോദരന്മാരുടെ) വീട്ടിൽ ചെന്നു. പത്രോസിനെ തെരുവു കടത്തിയപ്പോൾ അവന് മനസ്സിലായി ദൈവമാണ് അവനെ വിടുവിച്ചതെന്ന്. *ഇപ്പോൾ പത്രോസിന് എന്ത് തോന്നുന്നുണ്ടായിരിക്കും?* നേരെ അവൻ അവന്റെ കൂട്ടുകാരന്റെ വീട്ടിലേക്ക് പോയി (**അപ്പോസ്തലപ്രവൃത്തി 12:11 – 17**) പത്രോസ് വന്ന് പടിവാതിൽക്കൽ മുട്ടിയപ്പോൾ രോദ എന്ന ബാല്യക്കാരി വന്നതിനുശേഷം അവരുടെ പ്രതികരണം എങ്ങനെയായിരുന്നു. അവർ അത്ഭുതപ്പെട്ടില്ലേ?<br>• *നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാൻ സാധിക്കുന്ന സന്ദർഭങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക. ദൈവം എല്ലായ്പോഴും നമ്മുടെ പ്രാർത്ഥന കേൾക്കുകയും ഏറ്റവും മെച്ചമായത് എന്താണോ കർത്താവ് ഉദ്ദേശിക്കുന്നത് അത് അനുസരിച്ച് ദൈവം നമുക്ക് മറുപടി നൽകുകയും ചെയ്യും.*<br>• *ദൈവം നമ്മുടെ പ്രാർത്ഥനക്ക് മറുപടി നൽകുമ്പോൾ ദൈവത്തെ സ്തോത്രം ചെയ്യാനും, നന്ദി പറയാനും നാം മറക്കരുത്.*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക**<br><br>**പ്രദർശിപ്പിക്കുക** : FBI കാരാഗൃഹത്തിൽ നിന്നും പത്രോസിന്റെ അത്ഭുതകരമായ വിടുതൽ. |
| മനപ്പാഠമാക്കുക | താക്കോൽവാക്യം: **യാക്കോബ് 5**:16 പഠിപ്പിക്കുകയും ആവശ്യമുള്ളിടത്ത് വിശദീകരിക്കുകയും ചെയ്യുക. |
| ഓർക്കുക | • ഈ വാക്യം പറയുന്നത് നമ്മുടെ പ്രാർത്ഥനകൾക്ക് ശരിക്കും വ്യത്യാസങ്ങൾ വരുത്തുവാൻ സാധിക്കും. നമ്മുടെ പ്രാർത്ഥനകൾ കൊണ്ട് ദൈവം തന്റെ വേല ചെയ്യിക്കുന്നു.<br>• ആരാണ് പത്രോസിനെ കാരാഗൃഹത്തിലാക്കിയത്?<br>• നേരത്തെ തന്നെ ഹെരോദാരാജാവ് കൊല്ലിച്ചത് ആരെയാണ്?<br>• ദൈവം ഒരു ദൂതനെ അയച്ചപ്പോൾ പത്രോസ് എന്തു ചെയ്യുകയായിരുന്നു?<br>• എന്തുകൊണ്ടാണ് പത്രോസിന്റെ സഹോദരന്മാർ ഒരുമിച്ചു കൂടിയത്?<br>• ദൂതൻ പത്രോസിനോട് എന്തു ചെയ്യാനാണ് പറഞ്ഞത്?<br>• പത്രോസ് എങ്ങനെയാണ് കാരാഗൃഹവാതിൽ കടന്നുപോയത്?<br>• പത്രോസും ദൂതനും തമ്മിൽ പിരിയുന്നതുവരെ എത്ര ദൂരം വരെ ദൂതൻ പത്രോസിനോട് കൂടെ നടന്നു.<br>• ആരുടെ വീട്ടിലേക്കാണ് പത്രോസ് പോയത്?<br>• ആരാണ് പത്രോസിനെ പടിവാതിൽക്കൽ കണ്ടത്?<br>• രോദ എന്തുകൊണ്ടാണ് ആദ്യം തന്നെ വാതിൽ തുറക്കാതിരുന്നത്?<br><br>**അഭിനയിക്കുക**: പത്രോസ് കാരാഗൃഹത്തിൽ നിന്നും പുറത്തേക്ക് വരുന്നതു രണ്ടുപേർ ചേർന്ന് അഭിനയിക്കുക, ഒരാൾ പത്രോസും മറ്റെയാൾ ദൂതനുമായി അഭിനയിക്കുക. ഒരു മുതിർന്ന ആൾ കുട്ടികൾക്ക് അനുകരിക്കാൻ വിവരണത്തോട് ചേർന്നുള്ള ആക്ഷനുകൾ കാണിച്ചു കൊടുക്കുക. |

## A 9 പാഠം–1

**തന്റെ സഹോദരനെ ചതിക്കുന്ന യാക്കോബ്– സ്വാർത്ഥതയെക്കുറിച്ചുള്ള പാഠമാണിത്.**

**നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**

- സ്വാർത്ഥത എന്നു പറഞ്ഞാൽ മറ്റുള്ളവരെ മുറിപ്പെടുത്തിയാലും നിങ്ങളെത്തന്നെ ആദ്യം വെക്കുക.
- യാക്കോബിനെപ്പോലെ നമുക്കും സ്വാർത്ഥരായിത്തീരാം എന്നാൽ ഇത് ദൈവത്തോട് ചെയ്യുന്ന വലിയ തെറ്റാണ്.

**താക്കോൽവാക്യം: ഒന്നുകിൽ ഉല്പത്തി 25:28 അല്ലെങ്കിൽ ഫിലിപ്യർ 2:3**
**ബൈബിൾ വായനാഭാഗം: ഉല്പത്തി 25:19 – 34**

### അവതരിപ്പിക്കുക

- ഏതെങ്കിലും ഇരട്ടകളെക്കുറിച്ച് നിങ്ങൾക്ക് അറിയാമോ? അവർ ഇരട്ടകളായതുകൊണ്ട് അവരുടെ വ്യക്തിത്വങ്ങൾ വ്യത്യസ്തങ്ങളാണോ അതോ ഒട്ടും വ്യത്യാസമില്ലാതെ കണ്ടാൽ ഒരുപോലെയാണോ? നിങ്ങൾ നിങ്ങളുടെ സഹോദരനോടോ സഹോദരിയോടോ വഴക്കിടാറുണ്ടോ?
- സ്വാർത്ഥരായിരിക്കുക എന്നതിന്റെ അർത്ഥമെന്ത്? ആരെങ്കിലും നിങ്ങളോട് സ്വാർത്ഥമായി പെരുമാറിയിട്ട് നിങ്ങൾക്ക് വിഷമം തോന്നിയ ഏതെങ്കിലും സന്ദർഭങ്ങൾ ഓർമ്മയുണ്ടോ?
- നല്ല നിലയിൽ ജീവിതത്തിൽ മുമ്പോട്ട് പോകാതിരുന്ന രണ്ടു സഹോദരങ്ങളെക്കുറിച്ചുള്ള കഥയാണ് ഇത്. ഇതിൽ ഒരാൾ തന്റെ സ്വന്തം കാര്യം മാത്രം നോക്കി അവന്റെ സഹോദരനെ ചതിച്ചു.

### വിശദീകരിക്കുക

- റിബേക്കയ്ക്ക് ഇരട്ടക്കുട്ടികളാണെന്ന് യിസ്ഹാക്കിനും റിബേക്കയ്ക്കും അറിയാമായിരുന്നു. അവർക്ക് ഇരട്ടക്കുഞ്ഞുങ്ങൾ ജനിക്കുന്നതിനുമുമ്പ് മൂത്തവൻ ഇളയവനെ സേവിക്കും എന്ന് ദൈവം റിബേക്കയോട് അരുളിച്ചെയ്തിരുന്നു **(ഉല്പത്തി 25:19 – 23)**
- ഈ ഇരട്ടകൾ ജനിച്ചപ്പോൾത്തന്നെ രണ്ട് പേരും വളരെ വ്യത്യസ്തരാണെന്ന് വ്യക്തമായി മനസ്സിലായി. മൂത്തമകനായ ഏശാവ് വളരെ രോമമുള്ളവനും അവന്റെ സഹോദരനായ യാക്കോബിന്റെ ദേഹം വളരെ മിനുസമുള്ളതുമായിരുന്നു **(ഉല്പത്തി 25:24 – 26).** അവരുടെ രണ്ടുപേരുടേയും താല്പ ര്യങ്ങൾ വ്യത്യസ്തങ്ങളായിരുന്നു. ഏശാവ് നല്ലൊരു വേട്ടക്കാരനായിരുന്നു, എന്നാൽ യാക്കോബ് കൂടാരവാസിയായിരുന്നു. പിതാവിനും മാതാവിനും ഓരോ ഇഷ്ടപുത്രനുണ്ടായിരുന്നു. യിസ്ഹാക്ക് ഏശാവിനെ സ്നേഹിച്ചു എന്നാൽ റിബേക്ക യാക്കോബിനെ സ്നേഹിച്ചു **(ഉല്പത്തി 25:27 – 28).**
- ഒരുദിവസം യാക്കോബ് പായസം വെക്കുകയായിരുന്നു. ഏശാവ് വേട്ടതേടി പോയിരിക്കുകയായിരുന്നു. ആ രംഗം ഒന്ന് ഊഹിക്കാൻ കുട്ടികളെ സഹായിക്കുക. ഏശാവ് വേട്ടകഴിഞ്ഞ് ക്ഷീണിച്ച് വിശന്ന് വരുമ്പോൾ പായസത്തിന്റെ നല്ല മണം! ഇപ്പോൾ തന്നെ കുറച്ച് പായസം തനിക്ക് വേണം എന്ന് ഏശാവിന് തോന്നി. എന്നാൽ യാക്കോബ് വളരെ സൂത്രശാലിയായിരുന്നു. ഉടനെ യാക്കോബ് പറഞ്ഞു ഏശാവിന്റെ ജ്യേഷ്ഠാവകാശം അവന് കൊടുക്കാമെങ്കിൽ മാത്രം പായസം തരാമെന്ന്. *ജ്യേഷ്ഠാവകാശം എന്താണെന്ന് വിശദീകരിക്കുക. കുടുംബത്തിലെ മൂത്തമകനാണ് ജ്യേഷ്ഠാവകാശം ലഭിക്കുക. ഇതിന്റെ അർത്ഥം അവന്റെ പിതാവ് മരിച്ചശേഷം മൂത്തയാൾ കുടുംബത്തിന്റെ തലവൻ ആകുന്നു. അത് മാത്രമല്ല പിതാവിന്റെ സമ്പത്തിന്റെ അധിക പങ്ക് മൂത്ത മകന് ലഭിക്കും.*
- ഏശാവിന് അത്രമാത്രം വിശന്നതുകൊണ്ട് അവന് ഒട്ടും നിൽക്കാൻ കഴിഞ്ഞില്ല. ഏശാവ് തന്റെ ജ്യേഷ്ഠാവകാശം കുറച്ച് പായസത്തിനുവേണ്ടി സ്വന്തം അനുജന് വിറ്റ് തന്റെ സഹോദരനാൽ വഞ്ചിക്കപ്പെട്ടു. **(ഉല്പത്തി 25:29 – 34)** *രണ്ട് ആൺമക്കളുടേയും പ്രവൃത്തി എപ്രകാരമായിരുന്നു എന്ന് ചർച്ച ചെയ്യുക. ഏശാവിന്റെ ജ്യേഷ്ഠാവകാശം യാക്കോബ് വഞ്ചിച്ചെടുത്തത് ശരിയാണോ? ഏശാവ് തന്റെ വിലപ്പെട്ട ജ്യേഷ്ഠാവകാശം ഒരു പാത്രം പായസത്തിനുവേണ്ടി വിറ്റത് ശരിയാണോ?*
- *ദൈവം യാക്കോബിലും ഏശാവിലും പ്രസാദിച്ചു എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?*
- *നാമും ചിലപ്പോൾ ഏശാവിനേയും യാക്കോബിനേയും പോലെ നമ്മുടെ ആവശ്യങ്ങൾ മാത്രമേ ചിന്തിക്കുകയുള്ളൂ. നാം സ്വാർത്ഥതയുള്ളവരാകുമ്പോൾ ദൈവത്തിന് വിരോധമായി പാപം ചെയ്യുകയാണ്*

**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക**

**പ്രദർശിപ്പിക്കുക:** യാക്കോബിന്റെ ചിത്രം.

### മനപ്പാഠമാക്കുക

മനപാഠവാക്യം : **ഒന്നുകിൽ ഉല്പത്തി 25:28 അല്ലെങ്കിൽ ഫിലിപ്യർ 2:3**

### ഓർക്കുക

- ഓർക്കുക: ഈ കഥയിലെ രണ്ട് ആൺകുട്ടികളുടെ പേരെന്ത്?
- ഏത് മകനാണ് മൂത്തവൻ?
- അവർ രണ്ടുപേരും തമ്മിലുള്ള രണ്ടു വ്യത്യാസങ്ങൾ പറയുക.
- എന്താണ് ജ്യേഷ്ഠാവകാശം?
- എന്തുകൊണ്ടാണ് യാക്കോബ് ജ്യേഷ്ഠാവകാശം തനിക്ക് വേണമെന്ന് ആവശ്യപ്പെടുന്നത്?
- എങ്ങനെയാണ് യാക്കോബ് ഏശാവിനെ ചതിച്ചത്?
- ഈ കഥയിൽ നിന്നും നാം പഠിക്കുന്ന പാഠം എന്ത്?

## A 9 പാഠം – 2
### യാക്കോബ് അവന്റെ പിതാവിനെ ചതിക്കുന്നു – എങ്ങനെയാണ് യാക്കോബ് പിതാവിനെ ചതിച്ചത്

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• റിബേക്കയും യാക്കോബും കൂടെ യിസ്ഹാക്കിനെ ചതിക്കുവാൻ തീരുമാനിച്ചു.<br>• ചതിക്കുന്നതും കള്ളം പറയുന്നതും ദൈവദൃഷ്ടിയിൽ പാപമാണ്.<br><br>**താക്കോൽവാക്യം: ഒന്നുകിൽ ഉല്പത്തി 27:20 അല്ലെങ്കിൽ സങ്കീർത്തനം 32:2**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 27:1 – 29** |
| അവതരിപ്പിക്കുക | • ഒരു കള്ളം പറയുക എന്നു വെച്ചാൽ എന്താണ് അർത്ഥം?<br>• ഈ കഥയിൽ യാക്കോബ് തന്റെ പിതാവിനോട് കള്ളം പറയുന്നു. യാക്കോബ് പറഞ്ഞ കള്ളം അവന്റെ പിതാവിനേയും സഹോദരനേയും വളരെയധികം മുറിപ്പെടുത്തി.<br>• വേറെ ഏതെങ്കിലും കഥകളിൽ ഒരാൾ കള്ളം പറഞ്ഞിട്ട് മറ്റൊരാൾ വേദനിച്ചത് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുന്നുണ്ടോ? |
| വിശദീകരിക്കുക | • ഇപ്പോൾ യിസ്ഹാക്ക് വൃദ്ധനും കണ്ണു കാണാത്തവനുമായി അവൻ മരിക്കുന്നതിനുമുമ്പ് തന്റെ മൂത്തമകനായ ഏശാവിനോട് രുചികരമായ ഭക്ഷണം ഒരുക്കിക്കൊടുക്കാൻ പറഞ്ഞു. (**ഉല്പത്തി 27:1 – 4**). *പുരാതന കാലങ്ങളിൽ ഒരു പിതാവ് മരിക്കുന്നതിനുമുമ്പ് തന്റെ മൂത്തമകനെ അനുഗ്രഹിക്കുമായിരുന്നു.*<br>• യിസ്ഹാക്ക് ഏശാവിനെ അനുഗ്രഹിക്കാൻ പോകുന്ന കാര്യം റിബേക്ക കേട്ടു. യിസ്ഹാക്ക് ഏശാവിന് കൊടുക്കാനിരിക്കുന്ന അനുഗ്രഹം യാക്കോബിന് ലഭിക്കാൻ വേണ്ടി റിബേക്കയും യാക്കോബും കൂടെ ഒരു പദ്ധതി ആസൂത്രണം ചെയ്തു. അതുകൊണ്ട് റിബേക്ക രുചികരമായ ഭോജനം ഉണ്ടാക്കി യാക്കോബ് ഏശാവിനെപ്പോലെ രോമമുള്ളവനായി തോന്നിക്കാൻ വേണ്ടി ആട്ടിൻതോൽ കൊണ്ട് യാക്കോബിന്റെ ഇരുകൈകളും പൊതിഞ്ഞു. (**ഉല്പത്തി 27:5 – 17**).<br>• *ഓരോ രക്ഷിതാവിനും ഓരോ പ്രിയപ്പെട്ട മകനോ മകളോ ഉണ്ടാകും എന്ന് കുട്ടികളെ ഓർപ്പിക്കുക. റിബേക്കയുടെ പ്രിയപ്പെട്ട മകൻ യാക്കോബും യിസ്ഹാക്കിന്റെ പ്രിയപ്പെട്ട മകൻ ഏശാവുമായിരുന്നു. അവർക്ക് ഓരോരുത്തർക്കും അവരുടെ പ്രിയപ്പെട്ട മകന് അനുഗ്രഹം ലഭിക്കണമെന്നായിരുന്നു ആഗ്രഹം. ഈ പക്ഷപാതപരമായിരിക്കുന്ന സ്നേഹത്തിന് യോജിച്ച നിലയിൽ വീട്ടിലോ സ്കൂളിലോ ഉണ്ടാകുന്ന ഏതെങ്കിലും സന്ദർഭത്തെക്കുറിച്ച് പറഞ്ഞാൽ കുട്ടികൾക്ക് അത് നല്ലതല്ല എന്നുള്ളത് പെട്ടെന്ന് തിരിച്ചറിയും.*<br>• യാക്കോബ് പ്രത്യേക ഭക്ഷണം യിസ്ഹാക്കിന് കൊണ്ടുകൊടുത്തു. യാക്കോബ് യിസ്ഹാക്കിനോട് കള്ളം പറഞ്ഞ് ഏശാവാണെന്ന് നടിച്ചു. ഏശാവിന് ഇത്രയും വേഗത്തിൽ രുചികരമായ ഭക്ഷണം ഉണ്ടാക്കിക്കിട്ടിയല്ലോ എന്ന് യിസ്ഹാക്ക് ആശ്ചര്യപ്പെട്ടു. (**ഉല്പത്തി 27:18 – 20**) *റിബേക്കയും യിസ്ഹാക്കും ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? എന്തുകൊണ്ട് പ്രസാദിക്കുന്നില്ല?*<br>• യിസ്ഹാക്കിന് അപ്പോഴും സംശയമുണ്ടായിരുന്നു. ഇത് ഏശാവ് തന്നെയാണോ എന്ന്. യിസ്ഹാക്കിന്റെ സംശയം തീർത്ത് ഏശാവാണെന്ന് ഉറപ്പു വരുത്താൻ വേണ്ടിയാണ് യാക്കോബിന്റെ കൈകൾ രോമമുള്ളതാണോ എന്ന് സ്പർശിച്ച് നോക്കിയത്. ശരി.... കൈകൾ ഏശാവിന്റേത്, എന്നാൽ ശബ്ദം യാക്കോബിന്റെ. യിസ്ഹാക്ക് ആകെ ചിന്താക്കുഴപ്പത്തിലായി. അതുകൊണ്ട് യാക്കോബ് വീണ്ടും താൻ ഏശാവാണെന്ന് പിതാവിനോട് കള്ളം പറഞ്ഞു. (**ഉല്പത്തി 27:21 – 24**)<br>• യാക്കോബ് യിസ്ഹാക്കിനുവേണ്ടി കൊണ്ടുവന്ന ഭക്ഷണം അവൻ കഴിച്ചു. അവൻ ഭക്ഷിച്ചു കഴിഞ്ഞപ്പോൾ യിസ്ഹാക്ക് യാക്കോബിനെ ഏശാവാണെന്നു കരുതി അനുഗ്രഹിച്ചു. (**ഉല്പത്തി 27:25 – 29**) *യിസ്ഹാക്കിന് യാക്കോബ് കള്ളം പറഞ്ഞത് വിശ്വസിച്ച് താനും വഞ്ചിക്കപ്പെട്ടുവല്ലോ എന്ന് മനസ്സിലാക്കിയപ്പോൾ എന്ത് തോന്നിക്കാണും എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?*<br>• *കള്ളം പറയരുതെന്ന് ദൈവം നമ്മോട് കല്പിച്ചിട്ടുള്ളത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?*<br>• *യേശുകർത്താവിന്റെ ഉദാഹരണം തന്നെ പരിഗണിക്കുക.*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക**<br><br>**പ്രദർശിപ്പിക്കുക** : Bible for Children.org - യാക്കോബ് |
| മനപ്പാഠമാക്കുക | മനപാഠവാക്യം: ഒന്നുകിൽ ഉല്പത്തി 27:20 അല്ലെങ്കിൽ സങ്കീർത്തനം 32: 2 പഠിപ്പിക്കുകയും ആവശ്യമുള്ളിടത്ത് വിശദീകരിക്കുകയും വേണം. |
| ഓർക്കുക | • യിസ്ഹാക്കിന് പ്രിയപ്പെട്ട പുത്രൻ ആരാണ്?<br>• റിബേക്കയുടെ പ്രിയപ്പെട്ട പുത്രൻ ആരാണ്?<br>• യിസ്ഹാക്ക് മരിക്കുന്നതിനുമുമ്പ് ഏശാവിനോട് എന്ത് ചെയ്യണമെന്നാണ് ആഗ്രഹിച്ചത്?<br>• ഏശാവിന് അനുഗ്രഹം കിട്ടണമെന്ന് റിബേക്കക്ക് ആഗ്രഹമുണ്ടായിരുന്നോ? എന്തുകൊണ്ട് കിട്ടിക്കൂടാ?<br>• എങ്ങനെയാണ് യാക്കോബും റിബേക്കയും കൂടെ യിസ്ഹാക്കിനെ പറ്റിച്ചത്?<br>• എന്തുകൊണ്ടാണ് യിസ്ഹാക്കിന് വാസ്തവമായിട്ടും ഇത് യാക്കോബാണ് എന്ന് മനസ്സിലാക്കാൻ കഴിയാഞ്ഞത്?<br>• ഈ പാഠത്തിൽ യാക്കോബും റിബേക്കയും ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? എന്തു കൊണ്ടാണ് ? |

## A 9 പാഠം – 3
**യാക്കോബ് ദൈവത്തെ കണ്ടുമുട്ടുന്നു– ദൈവത്തിന്റെ കരുതലിനെക്കുറിച്ചുള്ള പാഠമാണ് ഇത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• നമുക്ക് ദൈവത്തിൽ ആശ്രയിക്കാൻ (വിശ്വസിക്കാൻ) സാധിക്കും. കാരണം ദൈവം എല്ലായ്പോഴും വാഗ്ദത്തങ്ങൾ നിറവേറ്റുന്നവനാണ്.<br>• ദൈവം നമ്മെ കരുതുന്നു.<br><br>**താക്കോൽവാക്യം: ഒന്നുകിൽ ഉല്പത്തി 28:16 അല്ലെങ്കിൽ സങ്കീർത്തനം 86:11**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 28:1 – 22** |
| അവതരിപ്പിക്കുക | • കഴിഞ്ഞപാഠത്തിൽ യാക്കോബ് എങ്ങനെയാണ് ഏശാവിനെ ചതിച്ചത് എന്ന് കുട്ടികളെ ഓർപ്പിക്കുക. ഏശാവിന് വളരെ ദേഷ്യം വന്ന് യാക്കോബിനെ കൊല്ലുവാൻ പദ്ധതി ഇട്ടു. കുറച്ച് കാലത്തേക്ക് വീട്ടിൽ നിന്ന് വേറെ എവിടെയെങ്കിലും പോയി താമസിക്കാമെന്ന് യാക്കോബ് തീരുമാനിച്ചു.<br>• കുട്ടികളോട് പറയുക: നിങ്ങൾ യാക്കോബാണ് എന്ന് വിചാരിക്കുക (ഊഹിക്കുക). യാക്കോബ് വീട്ടിൽ നിന്നും പോയതുപോലെ നിങ്ങൾക്ക് വീട് വിട്ട് പോകേണ്ടി വന്നാൽ എങ്ങനെയായിരിക്കും നിങ്ങൾക്ക് തോന്നുക?<br>• യാക്കോബ് പല തെറ്റുകൾ ചെയ്തെങ്കിലും ദൈവം അവനെ കരുതുകയും സ്നേഹിക്കുകയും ചെയ്തു എന്ന് കുട്ടികളോട് വിശദീകരിച്ച് പറയുക. ദൈവം എങ്ങനെയാണ് തന്നെത്താൻ യാക്കോബിന് വെളിപ്പെടുത്തിയത്. |
| വിശദീകരിക്കുക | • യിസ്ഹാക്ക് യാക്കോബിനെ അനുഗ്രഹിച്ചു അവനോട് ഹാരാനിലുള്ള അവന്റെ അമ്മാച്ചനായ ലാബാന്റെ കുടുംബത്തിൽ പോയി താമസിക്കാൻ യിസ്ഹാക്ക് യാക്കോബിനെ ഉപദേശിച്ചു. അവന് ഒരു ഭാര്യയെ താൻ തന്നെ കണ്ടെത്തണമായിരുന്നു.<br>• അവന്റെ യാത്രയിൽ യാക്കോബ് രാത്രിയിൽ വിശ്രമിപ്പാൻ ഒരു സ്ഥലത്ത് താമസിച്ചു. ഒരു കല്ല് തലയിണയായി വെച്ചിട്ടാണ് യാക്കോബ് ഉറങ്ങിയത്. *ഇത് എങ്ങനെയായിരിക്കുമെന്ന് നിങ്ങൾ ഒന്ന് ചിന്തിച്ചു നോക്കുക!* അവൻ ഉറങ്ങിയ സമയത്ത് ഭൂമിയിൽ നിന്ന് ആകാശത്തോളം എത്തുന്ന ഒരു കോവണി സ്വപ്നം കണ്ടു. ദൈവത്തിന്റെ ദൂതന്മാർ അതിൽ കയറുകയും ഇറങ്ങുകയും ചെയ്യുന്നുണ്ടായിരുന്നു. (28:10 – 12)<br>• ദൈവം ഈ കോവണിയുടെ മുകളിൽ നില്ക്കുകയായിരുന്നു. ദൈവം യാക്കോബിനോട് അവനെ അനുഗ്രഹിക്കയും അവന് അനേകം സന്തതികൾ ഉണ്ടാകും എന്ന് പറഞ്ഞു. *ദൈവം യാക്കോബിനോട് കൂടെ ഇരിക്കാമെന്ന് വാഗ്ദത്തം ചെയ്തു.* ഒരു ദിവസം ദൈവം യാക്കോബിനെ വീണ്ടും വീട്ടിലേക്ക് തിരിച്ചു കൊണ്ടു വരുമെന്ന് പറഞ്ഞു. (28:13 – 15) *എന്ത് നല്ല വാഗ്ദത്തം എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക. നാം എല്ലായ്പോഴും നമ്മുടെ വാഗ്ദത്തങ്ങൾ നിറവേറ്റാറുണ്ടോ? എന്തുകൊണ്ട് നിറവേറ്റിക്കൂടാ? ദൈവം എല്ലായ്പോഴും തന്റെ വാഗ്ദാനങ്ങൾ നിറവേറ്റുന്നു എന്ന് കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുക. ദൈവം സർവ്വശക്തനാണ്, അവൻ ഒരിക്കലും കള്ളം പറയുന്നവനല്ല.*<br>• യാക്കോബ് ഉണർന്നപ്പോൾ ദൈവം ആ സ്ഥലത്തുണ്ട് എന്ന് അവന് മനസ്സിലായി. *ദൈവത്തിന്റെ സാന്നിദ്ധ്യം അവിടെയുണ്ട് എന്ന് അവന് മനസ്സിലായപ്പോൾ അവൻ ഭയപ്പെട്ടു ദൈവത്തിന് പ്രസാദമല്ലാത്ത പല തെറ്റുകളും യാക്കോബ് ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ദൈവം ഇപ്പോഴും അവന് വേണ്ടി കരുതുന്നു!* അതിനുശേഷം യാക്കോബ് തലയിണയായി വെച്ച കല്ല് എടുത്ത് അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥലത്തിന് ബേഥേൽ എന്ന് പേരു വിളിച്ചു. ദൈവം തന്നോടുകൂടെയിരിക്കുകയും യാക്കോബിനെ തന്റെ അപ്പന്റെ വീട്ടിലേക്ക് തിരിച്ചു വരുത്തുകയും ചെയ്താൽ യഹോവ തനിക്ക് ദൈവമായിരിക്കുമെന്ന് അവൻ ദൈവത്തോട് ഒരു ഉടമ്പടിയും ചെയ്തു. (28:16 – 22) ദൈവം എപ്പോഴും തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റുന്നവനാണ് എന്ന് യാക്കോബ് ഇപ്പോഴും പഠിച്ച് മനസ്സിലാക്കണമായിരുന്നു.<br>• *നാമും യാക്കോബിനെപ്പോലെയുള്ളവരാണ് കാരണം നാമും പല തെറ്റുകൾ ചെയ്തിട്ടുള്ളവരാണ്. ദൈവം യാക്കോബിനെ സ്നേഹിച്ചതുപോലെ തന്നെ നമ്മെ ഓരോരുത്തരേയും സ്നേഹിക്കയും കരുതുകയും ചെയ്യുന്നു. ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചത് നമുക്കുവേണ്ടി കാൽവറിക്രൂശിൽ മരിക്കാനായിരുന്നു. നമ്മെ ദൈവത്തിങ്കലേക്ക് കൊണ്ടുവരാനുള്ള ഒരു ഗോവണിയെപ്പോലെയാണ് യേശുകർത്താവ്, മാത്രമല്ല നമ്മെ സ്വർഗ്ഗീയ വീട്ടിലേക്ക് നയിക്കുന്നതും കർത്താവാണ്.*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക.**<br>**പ്രദർശിപ്പിക്കുക**: Bible for Children.org - യാക്കോബ് |
| മനപ്പാഠമാക്കുക | താക്കോൽവാക്യം : ഒന്നുകിൽ **ഉല്പത്തി 28:16 അല്ലെങ്കിൽ സങ്കീർത്തനം 86:11** പഠിപ്പിക്കുകയും ആവശ്യമുള്ളിടത്ത് വിശദീകരിക്കുകയും ചെയ്യുക. |
| ഓർക്കുക | • എന്തുകൊണ്ടാണ് യാക്കോബിന് വീട് വിട്ട് പോകേണ്ടി വന്നത്?<br>• യാക്കോബ് തലയിണയായി ഉപയോഗിച്ചതെന്താണ്?<br>• യാക്കോബ് തന്റെ സ്വപ്നത്തിൽ കണ്ടതെന്താണ്?<br>• സ്വപ്നത്തിൽ ദൈവം യാക്കോബിനോട് പറഞ്ഞ കാര്യമെന്താണ്?<br>• കഴിഞ്ഞനാളുകളിൽ യാക്കോബ് പല തെറ്റായ കാര്യങ്ങൾ ചെയ്തുവെങ്കിലും ദൈവം യാക്കോബിന് വേണ്ടി കരുതിയോ?<br>• ദൈവം നമുക്കുവേണ്ടി കരുതുന്നുണ്ടെന്ന് എങ്ങനെ അറിയാം?<br>• യാക്കോബ് ആ കല്ല് എടുത്ത് എന്താണ് ചെയ്തത്?<br>• എങ്ങനെയാണ് യേശുകർത്താവിനെ ഒരു ഗോവണിയായി ചിത്രീകരിച്ചിരിക്കുന്നത്? |

# A 9 പാഠം – 4

**യാക്കോബ് ഒരു ഭാര്യയെ കണ്ടെത്തുന്നു – യാക്കോബിന്റെ അമ്മാവൻ അവനോട് ഇടപെട്ട വിധത്തെക്കുറിച്ചുള്ള പാഠം.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• വഞ്ചകനായ യാക്കോബ് അവനാൽ തന്നെ വഞ്ചിക്കപ്പെട്ടു.<br>• നമ്മോട് മറ്റുള്ളവർ എങ്ങനെ പെരുമാറണമെന്നാണ് നാം ആഗ്രഹിക്കുന്നതെങ്കിൽ അതുപോലെ നാമും മറ്റുള്ളവരോടും പെരുമാറണം.<br><br>**താക്കോൽവാക്യം: ഒന്നുകിൽ ഉല്പത്തി 29:28 അല്ലെങ്കിൽ ഗലാത്യർ 6:7**<br>**ബൈബിൾ വായനാഭാഗം: ഉല്പത്തി 29:1 – 30** |
| അവതരിപ്പിക്കുക | • ഇതുവരെ കണ്ടുമുട്ടാത്ത ഏതെങ്കിലും കുടുംബത്തോടുകൂടെ എപ്പോഴെങ്കിലും നിങ്ങൾക്ക് താമസിക്കേണ്ടി വന്നിട്ടുണ്ടോ നിങ്ങൾക്ക് എങ്ങനെ തോന്നും? അല്ലെങ്കിൽ നിങ്ങളുടെ സ്വന്ത അനുഭവത്തിൽ നിന്ന് ഉചിതമായ എന്തെങ്കിലും സംഭവം പറയുക. യാക്കോബ് ഹാരാനിലുള്ള തന്റെ അമ്മാവനോടു കൂടെ താമസിക്കാനാണ് പോകുന്നത് എന്ന് കുട്ടികളെ ഓർമ്മപ്പെടുത്തുക.<br>• ഈ പാഠത്തിലെ പുതിയ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക; ലാബാനും അവന്റെ മക്കൾ ലേയയും റാഹേലും.<br>• ഈ പാഠത്തിൽ മറ്റൊരാളെ ചതിച്ചാൽ എന്തായിരിക്കും അവർക്ക് തോന്നുക എന്നുള്ളത് യാക്കോബ് കണ്ടുപിടിച്ചു. |
| വിശദീകരിക്കുക | • യാക്കോബ് ഹാരാനിലുള്ള തന്റെ യാത്രയിലായിരുന്നു. അവന്റെ യാത്ര അവസാനിച്ചപ്പോൾ ഒരു കിണറ്റിനരികെ കുറച്ച് ആട്ടിടയന്മാരെ കണ്ടുമുട്ടി. അവന് തന്റെ അമ്മാവനായ ലാബാനെ അറിയാമായിരുന്നു **(ഉല്പത്തി 29:1 – 8)**<br>• ലാബാന്റെ മകളായ റാഹേൽ അവളുടെ ആടുകളേയും കൊണ്ട് കിണറ്റിനരികെ വന്നു. യാക്കോബ് റാഹേലിന്റെ ആടുകൾക്ക് വെള്ളം കൊടുക്കാൻ കിണറ്റിന്റെ മുകളിലെ കല്ല് ഉരുട്ടി മാറ്റി വെള്ളം കൊടുക്കാൻ റാഹേലിനെ സഹായിച്ചു. **(ഉല്പത്തി 29:9 – 10)**<br>• യാക്കോബ് ആരാണെന്ന് റാഹേലിനോട് പറഞ്ഞു. അവൾ തന്റെ പിതാവിനോട് പറയാൻ വീട്ടിലേക്ക് ഓടിച്ചെന്നപ്പോൾ ലാബാൻ യാക്കോബിനെ വീട്ടിലേക്ക് ക്ഷണിച്ചു. അവിടെ താമസിക്കാൻ പറഞ്ഞു. **(ഉല്പത്തി 29:11 – 14)** *അവർ തമ്മിലുള്ള സംഭാഷണങ്ങൾ എന്നെല്ലാമായിരുന്നിരിക്കണം എന്ന് ഊഹിക്കാൻ ശ്രമിക്കുക.*<br>• യാക്കോബ് ലാബാനുവേണ്ടി ജോലി ചെയ്യാൻ ആരംഭിച്ചു. റാഹേലിനെ തനിക്ക് ഭാര്യയായി ലഭിക്കാൻ വേണ്ടി യാക്കോബിന് ഏഴ് വർഷം ലാബാനെ സേവിക്കേണ്ടി വന്നു. അവൻ റാഹേലിനെ കൂടുതൽ സ്നേഹിച്ചതുകൊണ്ട് 7 വർഷം സേവ ചെയ്യാൻ അവൻ സമ്മതിച്ചു. **(ഉല്പത്തി 29:15 – 20)**<br>• എന്നാൽ ലാബാൻ യാക്കോബിനെ പറ്റിച്ചു. അവന് റാഹേലിനെ കൊടുക്കേണ്ടതിനു പകരം ലേയയെ ഭാര്യയായി കൊടുത്തു. **(ഉല്പത്തി 29:21 – 27)** *യാക്കോബിനെ തന്ത്രത്തിൽ കുടുക്കി എന്ന് അവൻ കണ്ടുപിടിച്ചപ്പോൾ യാക്കോബിന് എത്രമാത്രം വിഷമമുണ്ടായി കാണുമെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. യാക്കോബ് മറ്റുള്ളവരെ ഏതെല്ലാം വഴിയിൽകൂടെ പറ്റിച്ചു എന്നുള്ളത് കുട്ടികളോട് ഓർക്കുവാൻ ആവശ്യപ്പെടുക.*<br>• യാക്കോബ് റാഹേലിനെയും വിവാഹം കഴിച്ചു എന്നാൽ യാക്കോബിന് വേറെ 7 വർഷം കൂടെ ലാബാനെ സേവിക്കേണ്ടി വന്നു. **(ഉല്പത്തി 29:29 – 30)** ലാബാന് യാക്കോബിനേക്കാൾ മെച്ചമായ അഭിവൃദ്ധി (ലാഭം) കിട്ടിയതായി കാണാം.<br>• *യാക്കോബിന് കഴിഞ്ഞകാലങ്ങളിൽ മറ്റുള്ളവരെ ചതിച്ച സംഭവങ്ങളെ ഓർത്ത് അവൻ ദുഃഖിച്ചു എന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ?*<br>• *യാക്കോബിന് അർഹതപ്പെട്ടതാണ് ലഭിച്ചതെന്ന് ചിലർ പറഞ്ഞേക്കാം. കുട്ടികൾ എന്ത് ചിന്തിക്കുന്നു എന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്യുക.*<br><br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: Bible for Children.org – യാക്കോബ് |
| മനപ്പാഠമാക്കുക | താക്കോൽവാക്യം ഒന്നുകിൽ **ഉല്പത്തി 29:28 അല്ലെങ്കിൽ ഗലാത്യർ 6:7** പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിശദീകരിക്കുകയും ചെയ്യുക. |
| ഓർക്കുക | • എവിടെയാണ് ലാബാൻ ജീവിച്ചിരുന്നത്?<br>• ലാബാന്റെ രണ്ടു പെൺമക്കളുടെ പേരുകൾ ഏതെല്ലാം?<br>• യാക്കോബ് ഹാരാനിൽ എത്തിയപ്പോൾ എങ്ങനെയാണ് റാഹേലിനെ സഹായിച്ചത്?<br>• ഏത് മകളെയാണ് യാക്കോബ് സ്നേഹിച്ചത്?<br>• റാഹേലിനെ വിവാഹം കഴിക്കുവാൻ എത്രനാൾ സേവ ചെയ്യാമെന്നാണ് യാക്കോബ് പറഞ്ഞത്?<br>• എങ്ങനെയാണ് ലാബാൻ യാക്കോബിനെ പറ്റിച്ചത്? |

# A 10 പാഠം-1

## യേശുകർത്താവിനു വേണ്ടി മരിക്കുന്ന സ്തേഫാനോസ്– സ്തേഫാനോസിന് കർത്താവിനോടുള്ള സ്നേഹത്തെക്കുറിച്ച് പറയുന്നു.

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• സ്തേഫാനോസ് ദൈവത്തേയും സ്നേഹിച്ചു അവന്റെ ശത്രുക്കളേയും സ്നേഹിച്ചു.<br>• സ്തേഫാനോസിനെ കല്ലെറിയുമ്പോൾ യേശു അവനോട് കൂടെ ഉണ്ടായിരുന്നുവെന്ന് മാത്രമല്ല കർത്താവ് സ്വർഗ്ഗത്തിൽ അവനുവേണ്ടി കാത്തു നിൽക്കുകയായിരുന്നു.<br><br>**താക്കോൽവാക്യം: 1 യോഹന്നാൻ 4:19**<br>**ബൈബിൾവായനാഭാഗം: അപ്പോസ്തലപ്രവൃത്തികൾ 6:8–15, 7:54–60** |
| അവതരിപ്പിക്കുക | • ഏതെങ്കിലും സമയത്ത് നിങ്ങൾ മറ്റുള്ളവരെ സഹായിച്ചിട്ടുണ്ടോ എന്ന് കുട്ടികളോട് ചോദിക്കുക.<br>• നിങ്ങൾ മറ്റുള്ളവരെ സഹായിക്കാൻ ശ്രമിക്കുന്ന സമയത്ത് അവർക്ക് നിങ്ങളുടെ സഹായം ആവശ്യമില്ലെങ്കിൽ നിങ്ങൾക്ക് എന്തു തോന്നും?<br>• അവർ നിന്നെ പല പേരുകൾ വിളിച്ചാൽ അല്ലെങ്കിൽ അത് നിങ്ങളുടെ മനസ്സിനെ മുറിപ്പെടുത്തുകില്ലേ?<br>• ബൈബിളിലെ ഇന്നത്തെ കഥ ഒരു മനുഷ്യൻ മറ്റുള്ളവർക്ക് സഹായം ചെയ്തതിനെക്കുറിച്ചുള്ളതാണ്. അവർ എങ്ങനെയാണ് അവനോട് പെരുമാറിയതെന്ന് നോക്കാം. |
| വിശദീകരിക്കുക | • സ്തേഫാനോസ് യേശുകർത്താവിനെ സ്നേഹിച്ചു. അവൻ അത്ഭുതങ്ങൾ ചെയ്തത് മറ്റുള്ള ജനങ്ങൾക്ക് സഹായമായി, എന്നാൽ ചില യഹൂദന്മാർക്ക് അവനേയും യേശുവിനേയും ഇഷ്ടപ്പെട്ടില്ല. യേശു ജനങ്ങൾക്കുവേണ്ടി മരിച്ചു എന്ന് പറയുന്നത് തടയാനും രഹസ്യമായി അവനെ മുറിപ്പെടുത്തുവാനും തീരുമാനിച്ചു. **(അപ്പോ. പ്ര 6:8–11)**<br>• ഈ മനുഷ്യർ സ്തേഫാനോസിനെക്കുറിച്ച് കള്ളം പറഞ്ഞു, ജനങ്ങളെല്ലാം അവനെതിരായി തിരിഞ്ഞു, സ്തേഫാനോസിനെ എന്ത് ചെയ്യണമെന്ന് തീരുമാനിക്കാൻ കോടതിയിൽ കൊണ്ടു വന്നു. സ്തേഫാനോസ് പറയുന്ന കാര്യങ്ങൾക്ക് എതിരായി അവർ കള്ളസാക്ഷികളെ കൊണ്ടുവന്നു. **(അപ്പോ. പ്ര 6:12–15)** *സ്തേഫാനോസിന്റെ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിൽ നിങ്ങൾക്ക് എന്തു തോന്നുമായിരുന്നു?*<br>• അവർ സ്തേഫാനോസിനെക്കുറിച്ചും യേശുവിനെക്കുറിച്ചും പല നുണകളും പറഞ്ഞുവെങ്കിലും സ്തേഫാനോസിന് ദേഷ്യം വന്നില്ല. യേശു അവനോടു കൂടെ ഉണ്ടായിരുന്നുവെന്ന് ജനങ്ങൾക്ക് മനസ്സിലായി. വാസ്തവമായി പറഞ്ഞാൽ അവന്റെ മുഖം ഒരു ദൈവദൂതന്റെപോലെ കണ്ടു. **(അപ്പോ. പ്ര 6:15)** സ്തേഫാനോസ് യേശുവിനു വേണ്ടി ചെറുത്തു നിന്നു. എന്നാൽ അത് മനുഷ്യരെ കൂടുതൽ കോപിഷ്ഠരാക്കി **(അപ്പോ. പ്ര 7:54)** സ്തേഫാനോസ് ഭയപ്പെടുന്നതിനു പകരം സ്വർഗ്ഗത്തിലേക്ക് നോക്കിയപ്പോൾ യേശു അവനുവേണ്ടി അവിടെ കാത്തുനിൽക്കുന്നതു കണ്ടു. **(അപ്പോ. പ്ര 7:55–56)** *സ്തേഫാനോസ് യേശുവിനെ കണ്ടപ്പോൾ എന്താണ് തോന്നിയത്?*<br>• ആ പുരുഷന്മാർ സ്തേഫാനോസിന്റെ നേർക്ക് കോപാകുലരായി സ്തേഫാനോസ് പറയുന്നത് ഒന്നും കേൾക്കാൻ അവർ തയ്യാറായില്ല. അവർ സ്തേഫാനോസിനെ പട്ടണത്തിന് പുറത്തു കൊണ്ടു പോയി വലിയ കല്ലുകൾ എറിഞ്ഞു കൊന്നു. അവർ ഇത് ചെയ്തപ്പോൾ, സ്തേഫാനോസ് യേശുവിനോട് പ്രാർത്ഥിച്ചു പറഞ്ഞത് ഇവർ എന്നോട് ചെയ്യുന്നത് ഇവരോട് ക്ഷമിക്കേണമേ എന്ന് പറഞ്ഞതിനുശേഷം അവൻ മരിച്ചു **(അപ്പോ. പ്ര 7:57–60)**<br>• *സ്തേഫാനോസ് മരിക്കുന്നതിനുമുമ്പ് യേശുവിനോട് അവൻ യാചിച്ചത് തന്റെ ശത്രുക്കൾക്കുവേണ്ടി എന്തെങ്കിലും ചെയ്യേണമേ.*<br>• *'നമ്മൾ ചെയ്യുന്ന ദുഷ്പ്രവൃത്തികൾ എങ്ങിനെ ക്ഷമ ലഭിക്കും?*<br><br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI സ്തേഫാനോസ് രക്തസാക്ഷിയായി കൊല്ലപ്പെട്ടു.<br><br>താക്കോൽവാക്യം : **1 യോഹന്നാൻ 4:19** പഠിപ്പിക്കുകയും ആവശ്യമുള്ളിടത്ത് വിശദീകരിക്കുകയും വേണം. |
| മനപ്പാഠമാക്കുക | സ്തേഫാനോസ് യേശുകർത്താവിനുവേണ്ടി മരിക്കാൻ തയ്യാറായി എന്നുള്ളതിനും അവൻ കർത്താവിനോടുള്ള സ്നേഹത്തെ എങ്ങനെ പ്രദർശിപ്പിച്ചു എന്നും വിശദീകരിക്കുക. ആദ്യമേ, യേശുകർത്താവ് ക്രൂശിൽ മരിച്ചിട്ടാണ് സ്തേഫാനോസിനോടുള്ള തന്റെ സ്നേഹത്തെ വെളിപ്പെടുത്തിയത്. |
| ഓർക്കുക | • സ്തേഫാനോസ് സഭയിലെ ഒരു ശുശ്രൂഷകനായിരുന്നു എങ്ങിനെയാണ് അവൻ സഹായിച്ചത്?<br>• എല്ലാവർക്കും സ്തേഫാനോസിനെ ഇഷ്ടമായിരുന്നോ? എന്തുകൊണ്ട് ഇഷ്ടമായിക്കൂടാ?<br>• എങ്ങനെയാണ് യഹൂദന്മാർ സ്തേഫാനോസിന് വിരോധമായി തിരിഞ്ഞത്?<br>• സ്തേഫാനോസിനും യേശുവിനും എതിരായി കള്ളം പറഞ്ഞപ്പോൾ സ്തേഫാനോസ് എപ്രകാരമാണ് പ്രതികരിച്ചത്?<br>• സ്തേഫാനോസ് സ്വർഗ്ഗത്തിലേക്ക് നോക്കിയപ്പോൾ അവൻ എന്താണ് കണ്ടത്?<br>• സ്തേഫാനോസിനെ ആ മനുഷ്യർ എന്താണ് ചെയ്തത്?<br>• സ്തേഫാനോസ് എന്താണ് പ്രാർത്ഥിച്ചത്?<br>• നമുക്ക് എങ്ങനെ പാപക്ഷമ ലഭിക്കും? |

## A 10 പാഠം – 2

**ഫിലിപ്പോസ് സുവിശേഷം പങ്കിടുന്നു – ഒരു എത്യോപ്യൻ യേശുകർത്താവിൽ വിശ്വസിക്കുന്നു.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• നമ്മുടെ പാപങ്ങൾ മോചിക്കപ്പെടണമെങ്കിൽ നാം യേശുകർത്താവിൽ വിശ്വസിക്കേണ്ടത് ആവശ്യമാണ്<br>• ബൈബിളിലെ ബുദ്ധിമുട്ടുള്ള വാക്യങ്ങൾ മനസ്സിലാക്കാൻ ദൈവം നമ്മെ സഹായിക്കുന്നു.<br><br>**താക്കോൽവാക്യം: അപ്പോസ്തലപ്രവൃത്തികൾ 8:35**<br>**ബൈബിൾ വായനാഭാഗം: അപ്പോസ്തപ്രവൃത്തി 8:26 – 40** |
| അവതരിപ്പിക്കുക | • എന്തിനെപ്പോലെയിരിക്കും മരുഭൂമി എന്ന് കുട്ടികളോട് ചോദിക്കുക. കണ്ടാൽ എങ്ങനെയായിരിക്കും? എന്താണ് അതിന്റെ അനുഭവം? ഒരു അപരിചിതനോട് സംസാരിക്കാൻ വേണ്ടി നിങ്ങളോട് മരുഭൂമിയിലേക്ക് പോകുവാൻ പറഞ്ഞാൽ നിങ്ങൾ പോകുമോ?<br>• അല്ലെങ്കിൽ എന്തെങ്കിലും ഒരു കാര്യം നിങ്ങൾക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള ഏതെങ്കിലും സമയം നിങ്ങൾക്ക് ഓർമ്മയുണ്ടോ? ഉദാഹരണത്തിന് ഒരു പുസ്തകം, ഒരു കണക്ക്? ആരാണ് നിങ്ങളെ സഹായിച്ചത്? |
| വിശദീകരിക്കുക | • ഫിലിപ്പോസ് യേശുവിൽ വിശ്വസിച്ച്, യേശുവിനെക്കുറിച്ചുള്ള സുവിശേഷം പട്ടണങ്ങളിലും, നഗരങ്ങളിലും പ്രസംഗിച്ചു. ഒരു ദിവസം ഒരു ദൈവദൂതൻ ഫിലിപ്പോസിനോട് ഒരു വിജനമായ വഴിയിലേക്ക് പോക എന്നു പറഞ്ഞു. *(ഫിലിപ്പോസ് ഇതിനെക്കുറിച്ച് എന്തായിരിക്കും ചിന്തിച്ചു കാണുക?)* ഫിലിപ്പോസ് ഒരു തേര് (രഥം) അവന്റെ നേർക്ക് വരുന്നത് കണ്ടു എന്നു വിശദമാക്കുക. അതിൽ ഉണ്ടായിരുന്നത് എത്യോപ്യക്കാരനായ ഒരു പ്രധാനപ്പെട്ട മനുഷ്യൻ തന്റെ വീട്ടിലേക്ക് പോകുന്ന വഴിയായിരുന്നു. *(ഇത് ആരെക്കുറിച്ച് കേൾക്കാനാണ് ആഗ്രഹമുണ്ടായിരുന്നത് എന്നാണ് നിങ്ങൾ വിചാരിക്കുന്നത്?*<br>• അപ്പോൾ പരിശുദ്ധാത്മാവ് ഫിലിപ്പോസിനോട് ആ മനുഷ്യന്റെ അടുത്തേക്ക് പോകാൻ പറഞ്ഞു. അവൻ പഴയനിയമത്തിലെ യെശയ്യാവിന്റെ പുസ്തകം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഫിലിപ്പോസ് അവനോട് അവൻ വായിക്കുന്നത് ഗ്രഹിക്കുന്നുവോ എന്നു ചോദിച്ചു, എന്നാൽ ആ മനുഷ്യൻ ആകെ ആശയക്കുഴപ്പത്തിലായിരുന്നു. (**അപ്പോ. പ്ര** 8:29 – 31) *അതിൽ ഒരു വാക്യം ഒരാളെക്കുറിച്ച് ഒരു കുഞ്ഞാടിനെപ്പോലെ അവൻ കൊല്ലപ്പെടുവാൻ പോകുന്നു എന്നായിരുന്നു (ഒരു കുഞ്ഞാടിനെ കൊല്ലാൻ കൊണ്ടുപോകുമ്പോൾ ആവശ്യമില്ലാത്ത ബഹളമൊന്നും ഉണ്ടാക്കാറില്ല എന്നു വിശദീകരിക്കുക)* ഫിലിപ്പോസ് വിശദീകരിച്ചു കൊടുത്തു, ഈ വാക്യം കർത്താവായ യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ മരിക്കുന്നതിനെക്കുറിച്ചുള്ളതാണ്. *(മരിക്കാനായി യേശു തയ്യാറായി എന്നുള്ളത് വിശദീകരിക്കുക)*<br>• അപ്പോൾ എത്യോപ്യനായ മനുഷ്യന് മനസ്സിലായി താൻ പാപം ചെയ്തിട്ടുണ്ടെന്നും ദൈവത്തിൽ നിന്നും പാപക്ഷമ ലഭിക്കേണ്ടത് ആവശ്യമാണെന്നും താമസിയാതെ അദ്ദേഹം ക്രിസ്തു തനിക്കുവേണ്ടി മരിച്ചുവെന്ന് വിശ്വസിച്ചു (**അപ്പോ. പ്ര 8:32 – 35).**<br>• ഫിലിപ്പോസ് അദ്ദേഹത്തെ സ്നാനപ്പെടുത്തി, താൻ യേശുവിന്റെ ഒരു പിൻഗാമിയാണെന്ന് എത്യോപ്യന് കാണിച്ചുകൊടുത്തു. *(സ്നാനത്തെക്കുറിച്ച് വ്യക്തമാക്കുക) ആ മനുഷ്യന്റെ ജീവിതത്തിൽ വന്ന വ്യത്യാസവും സന്തോഷവും അറിയിക്കുക.*<br>• മറ്റു പല മനുഷ്യരോടും യേശുവിനെക്കുറിച്ച് പറയാൻ പരിശുദ്ധാത്മാവ് ഫിലിപ്പോസിനെ എടുത്തുകൊണ്ടുപോയി (**അപ്പോ. പ്ര 8:36 – 40**)<br>• *യേശു എല്ലാവരുടേയും പാപങ്ങൾക്കുവേണ്ടിയാണ് ക്രൂശിൽ മരിച്ചതെന്ന് എല്ലാവരും അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ബൈബിൾ എന്തിനെക്കുറിച്ചാണ് പറയുന്നതെന്ന് നമ്മെ മനസ്സിലാക്കിത്തരുന്ന മനുഷ്യരെക്കുറിച്ച് സംസാരിക്കുക. നമുക്ക് ഈ യേശുവിനെക്കുറിച്ചുള്ള സുവിശേഷം കേൾക്കുവാൻ ഇടയായല്ലോ എന്നതിന് നാം നന്ദിയുള്ളവരായിരിക്കണം.*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക** : FBI ഫിലിപ്പോസും എത്യോപ്യ ഉദ്യോഗസ്ഥനും. |
| മനപ്പാഠമാക്കുക | മനപാഠവാക്യം: **അപ്പോസ്തലപ്രവൃത്തികൾ 8:35** പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിശദീകരിക്കുകയും ചെയ്യുക |
| ഓർക്കുക | • ദൈവദൂതൻ ഫിലിപ്പോസിനോട് എവിടേക്ക് പോകാനാണ് കല്പിച്ചത്?<br>• അവൻ ഏതു രാജ്യക്കാരനായിരുന്നു?<br>• എന്തുകൊണ്ടാണ് ഫിലിപ്പോസ് അവന്റെ അടുക്കലേക്ക് ചെന്നത്?<br>• അവൻ എന്താണ് വായിച്ചുകൊണ്ടിരുന്നത്?<br>• ഫിലിപ്പോസ് യേശുവിനെക്കുറിച്ച് അദ്ദേഹത്തോട് പറഞ്ഞപ്പോൾ ആ മനുഷ്യൻ എന്താണ് ചെയ്തത്?<br>• എവിടെയാണ് അവൻ സ്നാനപ്പെട്ടത്?<br>• അവൻ വീട്ടിലേക്ക് യാത്ര ചെയ്തപ്പോൾ എങ്ങനെയായിരിക്കും അവന്റെ ചിന്തകൾ?<br>• നമ്മുടെ പാപങ്ങൾ നമുക്ക് എങ്ങനെ ക്ഷമിച്ചു കിട്ടും? |

## A 10 പാഠം–3

**ശൗലും ഒരു പ്രകാശമേറിയ വെളിച്ചവും– ജീവിതങ്ങളെ മാറ്റുവാൻ കഴിവുള്ള ദൈവത്തിന്റെ ശക്തിയെക്കുറിച്ചുള്ള പാഠം.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• യേശു എല്ലാവരേയും സ്നേഹിക്കുന്നു, എല്ലാവർക്കും യേശുവിനെ ദ്വേഷിക്കുന്നവർക്കും വേണ്ടി മരിച്ചു.<br>• യേശുകർത്താവിന് മാത്രമേ നമ്മുടെ ജീവിതത്തെ മാറ്റുവാൻ ശക്തിയുള്ളൂ.<br><br>**താക്കോൽവാക്യം: 2 കൊരിന്ത്യർ 5:17**<br>**ബൈബിൾവായനാഭാഗം: അപ്പോസ്തലപ്രവൃത്തികൾ 9:1–9** |
| അവതരിപ്പിക്കുക | • യഹൂദനായ ശൗൽ യേശുവിനെ ദ്വേഷിച്ചിരുന്നു (വെറുത്തിരുന്നു)യേശുവിന്റെ അനുയായികളെ വളരെ വെറുത്തിരുന്നു. അതുകൊണ്ട് ശൗൽ അവരെ എല്ലാം കൊല്ലാൻ ആഗ്രഹിച്ചു. സ്തേഫാനോസ്കൊല ചെയ്യപ്പെട്ടപ്പോൾ ശൗൽ അവിടെ ഉണ്ടായിരുന്നു എന്നുള്ളത് വിശദീകരിക്കുക. (പാഠം –1)<br>• ശൗലിനെ നിങ്ങളുടെ സ്നേഹിതനാക്കാൻ നിങ്ങൾക്ക് ഇഷ്ടമാണോ എന്ന് കുട്ടികളോട് ചോദിക്കുക? എന്ത് കൊണ്ട്/ എന്തുകൊണ്ട് ആയിക്കൂടാ? |
| വിശദീകരിക്കുക | • ഒരു ദിവസം ശൗൽ ക്രിസ്തുമാർഗ്ഗക്കാരനായ ആളുകളെ പിടിച്ചു കെട്ടി തടവിലാക്കാൻ ദമസ്കോസ് എന്ന പട്ടണത്തിലേക്ക് യാത്രയായി. (**അപ്പോ. പ്ര 9:1–2**) *പോകുന്ന വഴിയിൽ ശൗലിന്റെ ചിന്തകളും മനോഭാവങ്ങളും എന്തായിരിക്കും എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക.*<br>• ശൗൽ ദമസ്കോസിനു സമീപിച്ചപ്പോൾ പെട്ടെന്ന് ഒരു പ്രകാശം അവന്റെ ചുറ്റും മിന്നി അവൻ നിലത്തു വീണു. *ശൗലിനോട് അപ്പോൾ സംസാരിച്ച കാര്യങ്ങളും അവൻ പറഞ്ഞ മറുപടിയും ഉപയോഗിക്കുക (പ റയുക) ഇപ്പോൾ ശൗലിന്റെ ചിന്തകൾ എങ്ങനെയാണെന്നുള്ളത് വിശദീകരിക്കുക* (**അപ്പോ. പ്ര 9:3–4**).<br>• അവൻ കേട്ട മറുപടിയുടെ ശബ്ദം യേശുവിന്റേതായിരുന്നു. ഇപ്പോൾ ശൗൽ എന്താണ് മനസ്സിലാക്കിയതെന്ന് വിശദീകരിക്കുക. യേശു ദൈവത്തിന്റെ പുത്രനാണെന്നും അവൻ ജീവിക്കുന്നു, യേശുവിനെക്കുറിച്ചുള്ള ശൗലിന്റെ ചിന്തകൾ എല്ലാം തെറ്റായിരുന്നുവെന്നും വിശദീകരിക്കുക. യേശു അവനോട് ദമസ്കോസ് എന്ന പട്ടണത്തിലേക്ക് പോകുക അവിടെ ശൗൽ ചെയ്യേണ്ടത് എന്താണെന്നുള്ളത് പറയാം എന്നു പറഞ്ഞു. ശൗലിനോട് കൂടെയുള്ളവർ അത്ഭുതപ്പെട്ടു ശബ്ദം കേട്ടു എങ്കിലും ആരെയും കണ്ടില്ല (**അപ്പോസ്തലപ്ര വൃത്തി 9:5–7**)<br>• ശൗൽ നിലത്തു നിന്ന് എഴുന്നേറ്റപ്പോൾ കണ്ണിന് കാഴ്ചയില്ലാതിരുന്നതുകൊണ്ട് അവർ അവന്റെ കൈയ്ക്കു പിടിച്ച് പട്ടണത്തിലേക്ക് കൊണ്ടുപോയി. മൂന്നു ദിവസം അവൻ കണ്ണുകാണാതെയും തിന്നുകയോ കുടിക്കുകയോ ചെയ്യാതെയും ഇരുന്നു. (**അപ്പോ. പ്ര 9:8–9**)<br>• *കണ്ണുകാണാതായപ്പോൾ അവന് എന്തുതോന്നി എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്.*<br>• *എന്തുകൊണ്ടാണ് യേശുകർത്താവ് ശൗലിനെ ഈ വിധത്തിൽ ശൗലിനെ കണ്ടുമുട്ടിയത് എന്ന് ചർച്ച ചെയ്യുക. ശൗൽ യേശുവിനെയും അവന്റെ അനുയായികളേയും ദ്വേഷിച്ചിരുന്നുവെന്ന് കുട്ടികളെ ഓർമ്മിപ്പിക്കുക. അവരെ എല്ലാവരേയും കൊന്നു കാണമം എന്നായിരുന്നു അവന്റെ ആഗ്രഹം, എന്നാൽ യേശു ശൗലിനെ സ്നേഹിച്ചു അവനേയും യേശുവിന്റെ ഒരു അനുയായി ആക്കിത്തീർക്കാൻ ആഗ്രഹിച്ചു. അവനത് അർഹതപ്പെട്ടതല്ലെങ്കിലും യേശുകർത്താവ് ശൗലിന്റെ ജീവിതത്തെ പൂർണ്ണമായും മാറ്റം വരുത്താനും ആഗ്രഹിച്ചു.*<br>• *നമ്മുടെ പാപങ്ങളെ നീക്കിക്കളയാനും ഒരു പുതിയ ജീവിതം നയിക്കാനുള്ള ശക്തി നമുക്ക് തരേണ്ടതിനുമായി യേശുകർത്താവിനെ നമുക്ക് ആവശ്യമുണ്ട്.*<br><br>**ബൈബിൾ പാഠം പൂർത്തിയാക്കുക**<br><br>**പ്രദർശിപ്പിക്കുക**: FBI ശൗലിന്റെ സംഭാഷണം. |
| മനപ്പാഠമാക്കുക | താക്കോൽവാക്യം **2 കൊരിന്ത്യർ 5:17** പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിശദീകരിക്കുകയും ചെയ്യുക. ശൗലിന്റെ പഴയ ജീവിതത്തോടുള്ള ബന്ധത്തിൽ സത്യം എന്താണെന്ന് വെച്ചാൽ നാം ക്രിസ്തുവിലായാൽ നാം പുതിയ സൃഷ്ടിയായി (നമ്മുടെ ജീവിതം വ്യത്യാസം വരുന്നു) ഇതാ പുതുതായി തീർന്നു. |
| ഓർക്കുക | • ശൗൽ എവിടേക്കാണ് പോയിരുന്നത്?<br>• എന്തിനാണ് ശൗൽ ഈ യാത്ര പോയത്?<br>• അവൻ എന്താണ് കണ്ടത്?<br>• അവൻ എന്താണ് കേട്ടത്?<br>• ആ ശബ്ദം എന്താണ് പറഞ്ഞത്?<br>• അവനോട് സംസാരിക്കുന്നത് യേശുവാണെന്ന് അറിഞ്ഞപ്പോൾ ശൗൽ എന്താണ് മനസ്സിലാക്കിയത്?<br>• മൂന്ന് ദിവസം ശൗലിന് ഇല്ലാതിരുന്നത് എന്താണ്?<br>• നമുക്ക് ഒരു പുതിയ ജീവിതം നയിക്കാൻ വേണ്ടി ഏത് വ്യക്തിക്കാണ് ശക്തി തരുവാൻ സാധിക്കുന്നത്? |

# A 10 പാഠം – 4

## ശൗൽ ഒരു വ്യത്യസ്ത മനുഷ്യനായി – മറ്റുള്ളവരോട് പറയാൻ ദൈവം ശൗലിനെ എങ്ങനെ ഉപയോഗിച്ചു.

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• ദൈവം നമ്മെ സഹായിക്കാൻ ആഗ്രഹിക്കുന്നു, നമുക്ക് ആവശ്യമുള്ളവരെ ദൈവം തക്കസമയത്ത് നമ്മുടെ അടുക്കലേക്ക് അയക്കും.<br>• ശൗലിനെപ്പോലെ, ദൈവം ഇന്ന് അനേകരുടെ ജീവിതങ്ങളെ മാറ്റി ഉപയാഗമുള്ളവരാക്കിത്തീർക്കുന്നു.<br>**താക്കോൽവാക്യം: അപ്പോസ്തലപ്രവൃത്തി 9:20**<br>**ബൈബിൾ വായനാഭാഗം: അപ്പോസ്തലപ്രവൃത്തി 9:10 – 23** |
| അവതരിപ്പിക്കുക | • ശൗലിന്റെ കഥയുടെ ആദ്യത്തെ ഭാഗം ആവർത്തിക്കുക – പഴയ ശൗൽ എങ്ങനെയായിരുന്നുവെന്ന് നിങ്ങൾ ഓർക്കുന്നുണ്ടോ? ദമസ്കോസിൽ ജീവിച്ചിരുന്ന യേശുവിന്റെ അനുയായികൾക്ക് "പഴയ" ശൗലിനെക്കുറിച്ച് അവരുടെ അനുഭവം (ഭയം) എന്തായിരുന്നു?<br>• പുതിയ ശൗലിനെ ദൈവകുടുംബത്തിലെ ഒരാളെപ്പോലെ അവർ സ്വീകരിക്കാൻ തയ്യാറാകേണ്ടതിനായി ദൈവം അവരെ ഒരുക്കാൻ ആവശ്യമുണ്ടായിരുന്നു. എന്താണ് സംഭവിച്ചതെന്ന് നമുക്ക് നോക്കാം.... |
| വിശദീകരിക്കുക | • ഒരു ദർശനത്തിൽ ദൈവം അനന്യാസിനോട് ശൗലിനെ അന്വേഷിച്ച് പോകാൻ പറഞ്ഞു. **(അപ്പോ. പ്ര 9:10 – 12)** *അനന്യാസ് പോകാൻ ആഗ്രഹിച്ചിരുന്നു എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? എന്തുകൊണ്ടാണ് പോകാത്തത്?*<br>• ശൗൽ തന്നെ പിടിച്ചു കെട്ടി കൊല്ലുമെന്നുള്ള പേടിയായിരുന്നു അനന്യാസിന് ഉണ്ടായിരുന്നത്. ദൈവം അനന്യാസിനോട് വിഷമിക്കേണ്ട ആവശ്യമില്ലെന്നും ശൗലിനെ ഒരു പ്രത്യേക ജോലിക്കായി ദൈവം തിരഞ്ഞെടുത്തിരിക്കുകയാണെന്നും പറഞ്ഞു. ദൈവത്തെക്കുറിച്ച് ഒരിക്കലും കേൾക്കാത്ത ജനങ്ങളോട് ദൈവത്തെപ്പറ്റി പറയുവാൻ. **(അപ്പോ. പ്ര9:13 – 16)**<br>• അനന്യാസ് അനുസരിച്ച് ശൗലിന്റെ അടുത്തേക്ക് പോയി. അനന്യാസ് ശൗലിനെ സഹോദരാ എന്ന് വിളിച്ചു. *(എന്തുകൊണ്ടാണ് അവർ സഹോദരന്മാരായത് എന്ന് വിശദമാക്കുക)* യേശുകർത്താവാണ് തന്നെ അയച്ചതെന്ന് അനന്യാസ് പറഞ്ഞു. അവൻ തന്റെ കൈകൾ ശൗലിന്റെ കണ്ണിന്മേൽ വെച്ചതുകൊണ്ട് ശൗൽ കാഴ്ച പ്രാപിച്ചു. ശൗൽ പരിശുദ്ധാത്മാവ് നിറഞ്ഞവനായി. അവൻ സ്നാനപ്പെട്ടതിനുശേഷം കുറച്ചു ഭക്ഷണം കഴിച്ചു. **(അപ്പോ. പ്ര 9:17 – 19)** *അനന്യാസ് അവനെ സന്ദർശിച്ചപ്പോൾ ശൗലിന് എന്ത് അനുഭവമാണ് ഉണ്ടായത്?*<br>• വേഗത്തിൽ ശൗൽ പോയി ദമസ്കോസിലുള്ള ശിഷ്യന്മാരെ കണ്ടു. താമസിയാതെ ശൗൽ യേശുകർത്താവിനെക്കുറിച്ച് പ്രസംഗിക്കുവാൻ ആരംഭിച്ചു. *ദമസ്കോസിൽ വെച്ച് ശൗലിനെ കണ്ടുമുട്ടിയവരുടെ പ്രതികരണത്തെക്കുറിച്ച് വിശദമാക്കുക. ശൗൽ ഇതുപോലെയാകുമെന്ന് അവർ ഒട്ടും പ്രതീക്ഷിച്ചില്ല.*<br>• ശൗലിന്റെ ജീവിതത്തിൽ വന്ന മാറ്റത്തെക്കുറിച്ച് കേട്ട യഹൂദന്മാർക്ക് ശൗൽ പ്രസംഗിച്ച സന്ദേശം ഇഷ്ടമാകാത്തതുകൊണ്ട് അവർ അവനെ കൊല്ലുവാൻ ഗൂഢാലോചന നടത്തി. ശൗലിന് ദമസ്കോസിൽ നിന്നും രക്ഷപ്പെടേണ്ടതായി വന്നതുകൊണ്ട് അവനെ രാത്രിയിൽ ഒരു കൊട്ടയിലാക്കി മതിൽ വഴിയായി ഇറക്കി വിട്ടു. **(അപ്പോ. പ്ര 9:19 – 25).** *ശൗലിന്റെ ജീവിതവും സാഹചര്യങ്ങളും ഇപ്പോൾ യേശുവിൽ വിശ്വസിക്കുന്ന (വിശ്വാസിയായി) മാറിയതും തമ്മിൽ എന്തൊരു വൈരുദ്ധ്യമാണ്.*<br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക.**<br>**പ്രദർശിപ്പിക്കുക**: FBI ശൗലിന്റെ സംഭാഷണം. |
| മനപ്പാഠമാക്കുക | മനപാഠവാക്യം – **അപ്പോസ്തലപ്രവൃത്തികൾ 9:20** പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിശദീകരിക്കുകയും ചെയ്യുക. |
| ഓർക്കുക | • എങ്ങനെയാണ് ദൈവം അനന്യാസിനോട് സംസാരിച്ചത്?<br>• എന്തുകൊണ്ടാണ് ശൗലിന്റെ അടുത്തേക്ക് പോകാൻ അനന്യാസ് ഭയപ്പെട്ടത്?<br>• ശൗൽ ഇപ്പോൾ എന്ത് ജോലി ചെയ്യാനാണ് തുടങ്ങുന്നത്?<br>• ശൗലിന്റെ കണ്ണുകളിൽ അനന്യാസ് കൈവെച്ചപ്പോൾ എന്താണ് ഉണ്ടായത്?<br>• വേറെ എന്തെല്ലാം സമ്മാനങ്ങളാണ് ശൗലിന് അനന്യാസ് വന്ന് പ്രാർത്ഥിച്ചപ്പോൾ ലഭിച്ചത്?<br>• പെട്ടെന്ന് ശൗൽ എന്ത് ചെയ്യാനാണ് തീരുമാനിച്ചത്?<br>• എന്തുകൊണ്ടാണ് ശൗലിന് ഒരു കൊട്ടയിൽ കയറി രക്ഷപ്പെടേണ്ടി വന്നത്?<br>• ശൗലിന്റെ ജീവിതം വ്യത്യാസം വന്നതുപോലെ നമ്മുടെ ജീവിതവും എങ്ങനെ മാറ്റം വരും? |

# A 11 പാഠം – 1

## അന്ത്യോക്യയിലുള്ള പൗലോസ് (ശൗൽ) – ദൈവവേലയിൽ സഹായിക്കുന്നു എന്നതിനെക്കുറിച്ചുള്ള പാഠമാണ് ഇത്.

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• യേശുവിൽ വിശ്വസിക്കുന്ന ജനങ്ങളെ പറയുന്ന പേരാണ് "ക്രിസ്ത്യാനികൾ".<br>• നാം ദൈവത്തിൽ വിശ്വസിക്കുമ്പോൾ ദൈവത്തിന് നമ്മെക്കുറിച്ച് ഒരു പ്രത്യേക ഉദ്ദേശം (പ്ലാൻ) ഉണ്ട്. നാം ദൈവത്തിന്റെ സഹായികളായിട്ട് ജീവിക്കുവാൻ താൻ ആഗ്രഹിക്കുന്നു.<br><br>**താക്കോൽവാക്യം: അപ്പോസ്തലപ്രവൃത്തികൾ 11:26**<br>**ബൈബിൾ വായനാഭാഗം: അപ്പോ. പ്ര 11:19 – 26** |
| അവതരിപ്പിക്കുക | • വിവിധ (വ്യത്യസ്ത) സാഹചര്യങ്ങളിൽ അവർക്ക് എങ്ങനെ സഹായിക്കാൻ കഴിയും എന്ന് കുട്ടികളോട് ചോദിക്കുക. നിങ്ങളുടെ ടീച്ചറെ നിങ്ങൾക്ക് എങ്ങനെ സഹായിക്കാം? നിങ്ങളുടെ മാതാവ് സുഖമില്ലാത സഹായിക്കുവാൻ സാധിക്കും?<br>• ഇന്നത്തെ കഥ രണ്ടുപേർ ഒന്നിച്ച് ദൈവവേലയിൽ സഹായിക്കുന്നതിനെക്കുറിച്ചുള്ളതാണ്. |
| വിശദീകരിക്കുക | • യേശുവിനെക്കുറിച്ചുള്ള സുവിശേഷം പരക്കുകയും ദൈവസഭ വളർന്നുകൊണ്ടിരിക്കുകയുമായിരുന്നു. കുറച്ച് വിശ്വാസികൾ അന്ത്യോക്യാ എന്ന പട്ടണത്തിൽ പോയി താമസിച്ചു. ഇതുവരെയും സുവിശേഷം കേൾക്കാത്ത ജനങ്ങളോട് സുവിശേഷം പറയുവാനും അനേകർ യേശുക്രിസ്തുവിൽ വിശ്വസിക്കാനും ഇടയായിത്തീർന്നു. **(അപ്പോ. പ്ര 11:19 – 21)**<br>• താമസിയാതെ അന്ത്യോക്യായിൽ ഉണ്ടാകുന്ന വലിയ (അത്ഭുത) സംഭവങ്ങളെപ്പറ്റി യെരുശലേം സഭയിലുള്ളവർ കേട്ടു. *അവിടെയുള്ള വിശ്വാസികൾക്ക് എന്തുതോന്നിക്കാണും? (വികാരഭരിതരായി).* അവർ ബർന്നബാസ് എന്നു പേരുള്ള ഒരാളെ കൂടുതൽ കാര്യങ്ങൾ അറിയുവാൻ അങ്ങോട്ട് അയച്ചു. അവൻ അന്ത്യോക്യായിൽ ചെന്നപ്പോൾ വളരെയധികം പുതിയ വിശ്വാസികളെ കണ്ട് സന്തോഷിക്കാൻ ഇടയായി. ബർന്നബാസ് അവിടെ പുതിയ വിശ്വാസികളെ പഠിപ്പിക്കാൻവേണ്ടി തന്നെക്കൊണ്ട് ചെയ്യാൻ സാധിക്കുന്നതെല്ലാം ചെയ്യുകയും യേശുകർത്താവിനെ കൂടുതൽ സ്നേഹിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. **(അപ്പോ. പ്ര 11:22 – 24)** *എങ്ങനെയുള്ള മനുഷ്യനായിരുന്നു ബർന്നബാസ്.*<br>• ബർന്നബാസ് അന്ത്യോക്യയിലെ വേലയിൽ കൂടുതൽ സമയം വ്യാപൃതനായിരുന്നതുകൊണ്ട് ഒരു സഹായിയെ ആവശ്യമായിരുന്നു. ചില വർഷങ്ങൾക്ക് മുമ്പ് കണ്ടിരുന്ന ശൗലിനെക്കുറിച്ച് ദൈവം ബർന്നബാസിനെ ഓർപ്പിച്ചു. ശൗൽ യേശുകർത്താവിനെ കണ്ടെത്തിയതിനുശേഷം അവന്റെ ജന്മസ്ഥലമായ തർസോസിലേക്ക് തിരിച്ചു പോയി. ബർന്നബാസ് തർസോസിലേക്ക് ചെന്ന് ശൗലിനെ അന്ത്യോക്യയിലേക്ക്, ഒന്നിച്ച് വേല ചെയ്യാനായി കൂട്ടികൊണ്ടു വന്നു. **(അപ്പോ. പ്ര 11:25 – 26)**<br>• *അന്ത്യോക്യ ശൗൽ (പൗലോസി)ന്റെ ഒരു പ്രധാനപ്പെട്ട സ്ഥലമായിരുന്നു, കാരണം അവൻ ആദ്യമായി മിഷനറിയായി വേല ആരംഭിച്ചത് അവിടെ വെച്ചായിരുന്നു. ദൈവം അവനുവേണ്ടി ഒരുക്കിയ ഒരു പ്രത്യേക വേലയായിരുന്നു അത്.* ശൗലും ബർന്നബാസും കൂടെ ഒരു വർഷം അന്ത്യോക്യയിൽ താമസിച്ച് അവിടെയുള്ള വിശ്വാസികളെ വചനം പഠിപ്പിച്ചു. ആ സമയത്താണ് ശിഷ്യന്മാർക്ക് (യേശുക്രിസ്തുവിൽ വിശ്വസിച്ചവർക്ക്) ആദ്യമായി "ക്രിസ്ത്യാനികൾ" എന്ന് പേർ വിളിച്ചത്. **(അപ്പോ. പ്ര 11:26)**<br>• *നാം യേശുവിൽ വിശ്വസിച്ചാൽ നമുക്കും ക്രിസ്ത്യാനികൾ ആകാം. ദൈവനാമം നാം മറ്റുള്ളവരോട് പങ്കുവെയ്ക്കുന്നു. പൗലോസിനെക്കുറിച്ച് ദൈവത്തിന് ഒരു പ്ലാൻ ഉണ്ടായിരുന്നതുപോലെ എല്ലാ ക്രിസ്ത്യാനികളേയും കുറിച്ച് ദൈവത്തിന് പ്രത്യേക ഉദ്ദേശ്യം ഉണ്ട്.*<br>• *ക്രിസ്ത്യാനികളാകണമെങ്കിൽ നാം എന്തു ചെയ്യണം? നാം ക്രിസ്ത്യാനികളാകണമെങ്കിൽ ദൈവത്തിന്റെ സഹായികളായി നമ്മെ എങ്ങനെ ഉപയോഗിക്കുവാൻ സാധിക്കും?*<br><br>**ബൈബിൾടൈം പാഠം പൂർത്തീകരിക്കുക.** |
| മനപ്പാഠമാക്കുക | മനപാഠവാക്യം- **അപ്പോസ്തലപ്രവൃത്തികൾ 11:26** പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിശദീകരിക്കുകയും ചെയ്യുക. |
| ഓർക്കുക | • ഏത് നഗരത്തിലെ സഭയാണ് വളർന്നിരുന്നത്?<br>• യെരുശലേമിലുള്ള ജനങ്ങൾ ആരെയാണ് അന്ത്യോക്യയിലേക്ക് അയച്ചത്?<br>• ബർന്നബാസ് അന്ത്യോക്യയിൽ എന്താണ് ചെയ്തത്?<br>• ബർന്നബാസിനു ഉടനെ ആവശ്യമായിരുന്നത് എന്താണ്?<br>• ബർന്നബാസ് ആരെ അന്വേഷിച്ചാണ് പോയത്?<br>• എത്ര കാലം ശൗലും ബർന്നബാസും അന്ത്യോക്യയിൽ ചിലവഴിച്ചു?<br>• യേശുവിൽ വിശ്വസിച്ചവർക്ക് കൊടുത്ത പേരെന്താണ്?<br>• ആരുടെ വേലയാണ് ശൗൽ ചെയ്തത്? |

# A 11 പാഠം – 2

**പൗലോസ് (ശൗൽ) കുപ്രോസിൽ – യേശുകർത്താവിനെക്കുറിച്ച് മറ്റുള്ളവരോട് പറയുന്നതിനെക്കുറിച്ചുള്ള പാഠമാണ് ഇത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• നാം ശരിയായിട്ടുള്ള തെരഞ്ഞെടുപ്പ് നടത്തുക എന്ന് പറഞ്ഞാൽ യേശുവിൽ വിശ്വസിക്കുന്നതാണ്.<br>• നാം മറ്റുള്ള ജനങ്ങളോട് യേശുവിനെപ്പറ്റി പറയണം.<br><br>**താക്കോൽവാക്യം: മത്തായി 28:19**<br>**ബൈബിൾ വായനാഭാഗം: അപ്പോസ്തലപ്രവൃത്തികൾ 13:1 – 12** |
| അവതരിപ്പിക്കുക | • യേശുവിനെക്കുറിച്ച് കുട്ടികൾക്ക് എന്തെല്ലാം കാര്യങ്ങൾ ചിന്തിക്കാൻ സാധിക്കുമോ അത് രണ്ടുപേർ കൂടി ചെയ്യാൻ പറയണം.<br>• ഇന്നത്തെ പാഠം പൗലോസും (പേര് മാറിയ കാര്യം പറയുക) ബർന്നബാസും യോഹന്നാൻ എന്ന മർക്കോസും യേശുവിനെക്കുറിച്ച് മറ്റുള്ള ജനങ്ങളോട് പറയുന്നു. |
| വിശദീകരിക്കുക | • ഒരു ദിവസം അന്ത്യോക്യയിലുള്ള ശിഷ്യന്മാരെല്ലാം (ക്രിസ്ത്യാനികൾ) ഒന്നിച്ചു കൂടി. പൗലോസും ബർന്നബാസും അവിടെ ഉണ്ടായിരുന്നു. ബർന്നബാസിനേയും പൗലോസിനേയും ദൈവത്തിന്റെ പ്രത്യേക വേലയ്ക്കായി വേർതിരിക്കാൻ പരിശുദ്ധാത്മാവ് വ്യക്തമായി മറ്റ് ഉപദേഷ്ടാക്കന്മാരോട് പറഞ്ഞു. അതിനുവേണ്ടി പ്രാർത്ഥിച്ചതിനുശേഷം ബർന്നബാസും, ശൗലും, ബർന്നബാസിന്റെ ചാർച്ചക്കാരനായ മർക്കോസ് എന്നു പേരുള്ള യോഹന്നാനും കൂടെ കപ്പൽ കയറി കുപ്രോസ് ദ്വീപിലേക്ക് പോയി. (**അപ്പോസ്തലപ്രവൃത്തി 13:1 – 4**)<br>• അവർ അവിടെ എത്തിയപ്പോൾ ചുറ്റുപാടുമുള്ള സ്ഥലങ്ങളിലെല്ലാം യാത്ര ചെയ്തു സുവിശേഷം അറിയിച്ചു. പാഫൊസ് എന്ന സ്ഥലത്ത് വെച്ച് കുപ്രോസിന്റെ ഭരണാധികാരിയുടെ ജോലി ചെയ്യുന്ന ഒരു മന്ത്രവാദിയെ കണ്ടു. ആ ഭരണാധികാരി ബർന്നബാസിനേയും ശൗലിനേയും കുറിച്ച് കേട്ടിട്ട് അവരെ കാണുവാൻ ആഗ്രഹിച്ചു, അവരെ വരുത്തി. അവൻ ദൈവവചനം കേട്ടുകൊണ്ടിരുന്നു എന്നാൽ എലീമാസ് എന്ന മന്ത്രവാദി ദേശാധിപതി വിശ്വസിക്കാതിരിപ്പാൻ അവനെ തടയാൻ ശ്രമിച്ചു (**അപ്പോസ്തലപ്രവൃത്തി 13:5 – 8).**<br>• ഈ മന്ത്രവാദി സാത്താനുവേണ്ടിയാണ് പ്രവർത്തിക്കുന്നതെന്ന് ശൗൽ മനസ്സിലാക്കി. ശൗൽ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞു. ശൗൽ ആ മന്ത്രവാദിയുടെ നേർക്ക് തിരിഞ്ഞു അയാൾ പിശാചിന്റെ പ്രവൃത്തിയാണ് ചെയ്യുന്നതെന്നും കർത്താവ് അവനെ അന്ധനാക്കുമെന്നും പറഞ്ഞു. താമസിയാതെ പൗലോസ് പറഞ്ഞതുപോലെ എലീമാസ് കാഴ്ചയില്ലാത്തവനായി. കൈപിടിച്ചു നടത്തുന്നവരെ തിരഞ്ഞു കൊണ്ട് അവൻ തപ്പി നടന്നു. (**അപ്പോ. പ്ര 13:9 – 11**). *യേശുകർത്താവിനെ എതിർക്കുന്നത് തെറ്റാണെന്ന് വിശദമാക്കുക.*<br>• ദേശാധിപതി ദൈവത്തിന്റെ ശക്തിയുടെ വലിപ്പം കണ്ട് യേശുവിൽ വിശ്വസിച്ചു. (**അപ്പോ. പ്ര 13:12**)<br>• *പൗലോസും ബർന്നബാസും യോഹന്നാനും ദേശാധിപതിയും ശരിയായിട്ടുള്ള തെരഞ്ഞെടുപ്പ് നടത്തി യേശുവിൽ വിശ്വസിച്ചു. എലീമാസ് തെറ്റായ തെരഞ്ഞെടുപ്പാണഅ നടത്തിയത്. നാം യേശുവിൽ വിശ്വസിക്കാനാണ് താൻ ആഗ്രഹിക്കുന്നത്.*<br>• *എന്തുകൊണ്ടാണ് യേശുവിന്റെ സന്ദേശം ഏകസന്ദേശമായി വിഷയീഭവിച്ചത്.*<br>• *മറ്റൊരു സ്ഥലത്ത് യേശുവിനെക്കുറിച്ച് ജനങ്ങളോട് പറയുന്ന ആരെയെങ്കിലും അറിയുമോ?*<br>• *നിങ്ങൾക്ക് മറ്റുള്ള ജനങ്ങളോട് യേശുവിനെക്കുറിച്ച് എങ്ങനെ പറയാം?*<br><br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI കുപ്രോസ് സന്ദർശിക്കുന്ന പൗലോസും ബർന്നബാസും |
| മനപ്പാഠമാക്കുക | മനപാഠവാക്യം: **മത്തായി 28:19** പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിശദീകരിക്കുകയും ചെയ്യുക. യേശു സ്വർഗ്ഗത്തിലേക്ക് കരേറിപ്പോകുന്നതിനുമുമ്പ് പറഞ്ഞിട്ടുള്ള യേശുവിന്റെ വാക്കുകൾ (വചനങ്ങളാണ്) ഇവ. ലോകത്തിലുള്ള സകല മനുഷ്യരും ഈ സുവിശേഷം കേട്ട് യേശുവിൽ വിശ്വസിക്കണമെന്നാണ് ദൈവത്തിന്റെ പ്ലാൻ. |
| ഓർക്കുക | • ആരാണ് പൗലോസിനേയും ബർന്നബാസിനേയും പ്രത്യേക വേലയ്ക്കായി അയച്ചത്?<br>• അവരുടെ കൂടെ ആരാണ് പോയത്?<br>• എങ്ങനെയാണ് അവർ യാത്ര ചെയ്തത്?<br>• അവർ പോയ ദ്വീപിന്റെ പേരെന്ത്?<br>• പാഫോസിൽ ആരെയാണ് കണ്ടുമുട്ടിയത്?<br>• പാഫോസിലെ ഏത് മനുഷ്യനാണ് യേശുവിൽ വിശ്വസിച്ചത്?<br>• ആ മന്ത്രവാദിക്ക് എന്താണ് സംഭവിച്ചത്?<br>• ഇന്നത്തെ താക്കോൽവാക്യത്തിൽ ആരാണ് വാക്യം പറഞ്ഞത്? |

## A 11 പാഠം – 3
**പൗലോസ് ലുദിയയെ കണ്ടുമുട്ടുന്നു – യേശുകർത്താവിൽ വിശ്വസിച്ച ഒരു സ്ത്രീയെക്കുറിച്ചുള്ള പാഠമാണ് ഇത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• യേശുകർത്താവിൽ വിശ്വസിക്കുന്ന ആരായാലും രക്ഷിക്കപ്പെടും.<br>• നമുക്ക് എന്തിനെക്കുറിച്ചും എവിടെവെച്ചായാലും ദൈവത്തോട് സംസാരിക്കാം.<br><br>**താക്കോൽവാക്യം: അപ്പോസ്തലപ്രവൃത്തി 2:21**<br>**ബൈബിൾ വായനാഭാഗം: അപ്പോസ്തലപ്രവൃത്തികൾ 16:6 – 15** |
| അവതരിപ്പിക്കുക | • ഏതെങ്കിലും ദൂരസ്ഥലത്തേക്ക് യാത്ര പോയ കാര്യങ്ങളെപ്പറ്റി കുട്ടികളോട് ചോദിക്കുക. എവിടേക്കാണ് നിങ്ങൾ പോയത്? എത്ര ദൂരം നിങ്ങൾ പോയി? നിങ്ങൾ അവിടെ ആരെയാണ് കണ്ടത്?<br>• ഇന്നത്തെ കഥ പൗലോസും കൂട്ടുകാരും ഒരു യാത്ര പോകുന്നതിനെക്കുറിച്ചാണ് എന്നത് കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുക. |
| വിശദീകരിക്കുക | • പൗലോസും അവന്റെ കൂട്ടുകാരായ ശീലാസും തിമോഥെയോസും അനേകം മൈലുകൾ ഒരു രാജ്യത്തു നിന്ന് മറ്റൊരു രാജ്യത്തേക്ക് യാത്ര ചെയ്തുകൊണ്ടിരുന്നു. അവർ എവിടെ പോകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്നുള്ളത് പരിശുദ്ധാത്മാവ് അവർക്ക് വ്യക്തമായി കാണിച്ചു കൊടുത്തു. അവർ എവിടെ പോയി എന്നുള്ളതല്ല കാര്യം. അവിടെ കുറേ ആളുകൾ യേശു കർത്താവിനെക്കുറിച്ച് കേൾക്കേണ്ടതാവശ്യമായിരുന്നു **(അപ്പോ. പ്ര 16:6 – 8)**<br>• ഒടുവിൽ അവർ ഒരു പട്ടണത്തിലെ പുഴവക്കത്ത് എത്തി. ആ രാത്രിയിൽ, പൗലോസ് ഒരു പ്രത്യേക ദർശനം കണ്ടത് മക്കദോന്യയിൽ നിന്നും ജനങ്ങളെ സഹായിക്കേണ്ടതിനായി അങ്ങോട്ട് ചെല്ലുവാൻ അപേക്ഷിച്ചു. അടുത്തതായി എവിടേക്കാണ് പോകേണ്ടതെന്ന് വളരെ വ്യക്തമായി ദൈവം കാണിച്ചു തരുമെന്ന് പൗലോസിന് അറിയാമായിരുന്നു **(അപ്പോ. പ്ര 16:9 – 10)** *അവിടെയുള്ള ജനങ്ങൾ യേശുവിനെക്കുറിച്ച് കേൾക്കണമെന്ന് ദൈവം ആഗ്രഹിച്ചതുകൊണ്ട് പൗലോസിനേയും കൂട്ടുകാരേയും അങ്ങോട്ടേക്ക് അയച്ചു എന്ന് വിവരിക്കുക. നാം എവിടെ താമസിക്കുന്നു എന്നത് ദൈവത്തിന് വിഷയമല്ല. എല്ലാവരും യേശുവിനെക്കുറിച്ച് കേൾക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.*<br>• പെട്ടെന്ന് ഒരു കപ്പൽ അവിടേക്ക് വരുന്നത് അവർ കണ്ടു. താമസിയാതെ അവർ ഒരു വലിയ നഗരമായ ഫിലിപ്യയിൽ എത്തി. ശബത്തുനാളിൽ പൗലോസും അവന്റെ കൂട്ടുകാരും പട്ടണത്തിനു പുറത്തുപോയി ഒരു പുഴവക്കത്ത് ഇരുന്നു. അവിടെ ചില സ്ത്രീകൾ പ്രാർത്ഥിപ്പാനായി വന്നു. **(അപ്പോ. പ്ര 16:11 – 13)** *പുഴവക്കത്ത് ഇരുന്ന സ്ത്രീകൾ ദൈവത്തോട് പ്രാർത്ഥിക്കയായിരുന്നു. എവിടെവെച്ചാണ് നമുക്ക് ദൈവത്തോട് സംസാരിക്കാൻ സാധിക്കുക? (എവിടെയിരുന്നാണെങ്കിലും ദൈവത്തോട് സംസാരിക്കാൻ കഴിയുമെന്ന് കുട്ടികൾക്ക് വിശദീകരിക്കുക)*<br>• ആ സ്ത്രീകളിൽ ഒരാളുടെ പേര് ലുദിയാ എന്നായിരുന്നു. അവൾ രക്താംബരം വിൽക്കുന്നവളായിരുന്നു. അവൾ ദൈവഭക്തയായി ജീവിച്ച ഒരു സ്ത്രീയായിരുന്നു, എന്നാൽ ദൈവപുത്രനായ യേശുകർത്താവിനെക്കുറിച്ച് അവൾ ഒരിക്കലും കേട്ടിരുന്നില്ല. പൗലോസ് സംസാരിച്ച എല്ലാ കാര്യങ്ങളും ലുദിയ വളരെ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു. അവൾ കേട്ട കാര്യം സത്യമാണെന്നുള്ളത് അവൾ ഹൃദയത്തിൽ അറിഞ്ഞ് യേശുകർത്താവിൽ വിശ്വസിച്ചു. അവൾ വളരെയധികം സന്തോഷിച്ചു. പൗലോസ് അവളുടെ കൂടെ പട്ടണത്തിലേക്ക് ചെന്നു. **(അപ്പോ. പ്ര 16:14 – 15)** ലുദിയയുടെ കുടുംബം ക്രിസ്ത്യാനികളായി അവരെല്ലാവരും സ്നാനപ്പെട്ടു, ലുദിയ പൗലോസിനേയും കൂട്ടുകാരേയും തന്റെ വീട്ടിൽ താമസിക്കേണ്ടതിനായി ക്ഷണിച്ചു.<br>• *എന്തിനെക്കുറിച്ചാണ് നമുക്ക് ദൈവത്തോട് പറയാൻ സാധിക്കുക? (കുട്ടികൾ എല്ലാവരും അവരുടെ സ്വന്തം അഭിപ്രായങ്ങൾ പറയാൻ അനുവദിക്കുകയും നമുക്ക് എന്ത് വേണമെങ്കിലും ദൈവത്തോട് പറയാമെന്നുള്ളത് കുട്ടികൾക്ക് വിവരിച്ചു കൊടുക്കുക.*<br><br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI പൗലോസും ശീലാസും ഫിലിപ്യയിലേക്ക് യാത്ര ചെയ്യുന്നു. |
| മനപ്പാഠമാക്കുക | താക്കോൽവാക്യം: **അപ്പോ. പ്ര 2:21** പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിശദീകരിക്കുകയും വേണം. കർത്താവിന്റെ നാമത്തിൽ വിളിച്ചപേക്ഷിക്കുക എന്നാൽ അർത്ഥമാക്കുന്നത് നമ്മെ പാപത്തിൽ നിന്ന് രക്ഷിക്കേണമേ എന്ന് ആവശ്യപ്പെടുക ഇതാണ് ഈ കഥയിൽ ലുദിയ ചെയ്തത്. |
| ഓർക്കുക | • പൗലോസിന്റെ കൂട്ടുകാരിൽ ഒരാളുടെ പേര് പറയുക<br>• അവർ എവിടെ പോകാനാണ് ദൈവം ആഗ്രഹിക്കുന്നതെന്ന് കാണിച്ചു കൊടുത്തത് ആര്?<br>• പൗലോസിന്റെ ദർശനത്തിൽ എന്താണ് സംഭവിച്ചത്?<br>• പൗലോസും കൂട്ടുകാരും എങ്ങനെയാണ് മക്കദോന്യയിലേക്ക് യാത്ര പോയത്?<br>• പൗലോസും കൂട്ടുകാരും സ്ത്രീകളെ എവിടെ വെച്ചാണ് കണ്ടുമുട്ടിയത്?<br>• അവർ എന്താണ് ചെയ്തിരുന്നത്?<br>• ലുദിയയുടെ ജോലി എന്താണ്?<br>• യേശുവിനെക്കുറിച്ചു കേട്ടപ്പോൾ ലുദിയ എന്താണ് ചെയ്തത്? |

# A 11 പാഠം – 4

**പൗലോസും ശീലാസും കാരാഗൃഹത്തിൽ – കുറേ ആളുകൾ പിന്നെയും രക്ഷിക്കപ്പെട്ടു എന്നതിനെക്കുറിച്ചുള്ള പാഠമാണ് ഇത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• രക്ഷിക്കപ്പെടണമെങ്കിൽ നാം യേശുകർത്താവിൽ വിശ്വസിക്കണം.<br>• യേശു രക്ഷിതാവായി അവർക്ക് ഉള്ളതുകൊണ്ടാണ് ക്രിസ്ത്യാനികൾ (വിശ്വാസികൾ) സന്തുഷ്ടരായിരിക്കുന്നത്.<br><br>**താക്കോൽവാക്യം: അപ്പോസ്തലപ്രവൃത്തികൾ 16:31**<br>**ബൈബിൾ വായനാഭാഗം: അപ്പോ. പ്ര 16:16 – 34** |
| അവതരിപ്പിക്കുക | • എന്താണ് അവരെ സന്തുഷ്ടരാക്കുന്നത് കുട്ടികളോട് പറയുവാൻ ആവശ്യപ്പെടുക.<br>• ഇന്നത്തെ പാഠത്തിൽ കുറച്ച് മനുഷ്യർ സന്തുഷ്ടരാണെന്ന് കുട്ടികളോട് പറയുക. ആരാണ് സന്തോഷമുള്ളവർ എന്ന് കണ്ടുപിടിക്കുവാൻ ശ്രദ്ധയോടിരിക്കണമെന്ന് കുട്ടികളോട് പറയുക. |
| വിശദീകരിക്കുക | • ഒരു ദിവസം പൗലോസും ശീലാസും ഫിലിപ്പ്യയിലായിരുന്നപ്പോൾ ഒരു അടിമപ്പെൺകുട്ടിയെ സഹായിച്ചു. ഇത് അവളുടെ യജമാനന്മാരെ കോപിപ്പിച്ചു, അവർ പൗലോസിനേയും ശീലാസിനേയും ചന്തസ്ഥലത്തേക്ക് വലിച്ചിഴച്ച് കൊണ്ടുപോയി അവരെക്കുറിച്ച് കള്ളം പറഞ്ഞു. (**അപ്പോ. പ്ര 16:16 – 21**)<br>• പൗലോസിനേയും ശീലാസിനേയും അടിപ്പിച്ചതിനുശേഷം അവരെ അകത്തെ തടവിലാക്കി കാലുകൾ ആമത്തിൽ ഇട്ടു പൂട്ടി. (**അപ്പോ. പ്ര 16:22 – 24**) *പൗലോസിന്റെയും ശീലാസിന്റേയും ചിന്തകൾ എന്തായിരിക്കുമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്.*<br>• അർദ്ധരാത്രിയിലോ പൗലോസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചത് തടവുകാർ ശ്രദ്ധിച്ചു കൊണ്ടിരുന്നു. അവരുടെ പുറം ഒക്കെയും അടിച്ചു മുറിവേൽപിച്ചു എങ്കിലും അവർക്ക് ദൈവത്തെ സ്തുതിക്കുവാൻ കഴിഞ്ഞു. (**അപ്പോ. പ്ര 16:25**)<br>• പെട്ടെന്ന് ഒരു ശബ്ദം ഉണ്ടായി. അടിസ്ഥാനം കുലുങ്ങി കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നു. എല്ലാവരുടേയും ചങ്ങലകൾ അഴിഞ്ഞു വീണു. അത് ഒരു ഭൂകമ്പം ആയിരുന്നു (**അപ്പോ. പ്ര 16:26**)<br>• കാരാഗൃഹപ്രമാണി പൗലോസിനോട് രക്ഷിക്കപ്പെടുവാൻ താൻ എന്തു ചെയ്യണമെന്ന് ചോദിച്ചു, *കാരണം അവൻ ഒരു പാപിയാണെന്ന് അവന് മനസ്സിലായി. പൗലോസ് അവനോട് "കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീ രക്ഷിക്കപ്പെടും" എന്ന് മറുപടി പറഞ്ഞു.* പൗലോസും ശീലാസും കാരാഗൃഹപ്രമാണിയോടും അവന്റെ കുടുംബത്തോടും യേശു അവരുടെ പാപങ്ങൾക്കുവേണ്ടിയാണ് ക്രൂശിൽ മരിച്ചതെന്ന് വിവരിച്ചു പറഞ്ഞു. കാരാഗൃഹപ്രമാണി പൗലോസിനേയും ശീലാസിനേയും വീട്ടിലേക്ക് ക്ഷണിച്ചു, അവരുടെ മുറിവുകളെ കഴുകി, അവർക്ക് ഭക്ഷണവും കൊടുത്തു. കാരാഗൃഹപ്രമാണിക്കും അവന്റെ കുടുംബത്തിനും വളരെ സന്തോഷമുള്ള ഒരു രാത്രിയായിരുന്നു അത്. കാരണം ആ കുടുംബത്തിലെ എല്ലാവരും അന്ന് യേശുവിൽ വിശ്വസിച്ചു. (**അപ്പോ. പ്ര 16:29 – 34**)<br>• *ആരായിരുന്നു ഈ പാഠത്തിൽ സന്തോഷവാനായത്? അവർ എന്തുകൊണ്ടാണ് സന്തോഷമുള്ളവരായിത്തീർന്നത്? (പൗലോസിനേയും ശീലാസിനേയും കാരാഗൃഹപ്രമാണിയേയും അവന്റെ കുടുംബത്തേയും കുറിച്ച് പറയുവാൻ കുട്ടികളെ പ്രേരിപ്പിക്കുക. ഈ ആളുകൾ സന്തുഷ്ടരായിത്തീരാൻ കാരണം യേശു അവരെ രക്ഷിച്ചതുകൊണ്ടാണെന്നുള്ളത് കുട്ടികൾക്ക് വിവരിച്ചു കൊടുക്കുക.)*<br>• *നാം പാപത്തിൽ നിന്നും രക്ഷിക്കപ്പെടേണ്ടത് ആവശ്യമാണെന്ന് കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുക. നാം യേശുവിൽ വിശ്വസിക്കണം കാരണം നമുക്കുവേണ്ടി മരിച്ച ദൈവപുത്രനാണ് യേശു.*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI പൗലോസും ശീലാസും കാരാഗൃഹത്തിൽ. |
| മനപ്പാഠമാക്കുക | താക്കോൽവാക്യം **അപ്പോസ്തലപ്രവൃത്തികൾ 16:31** പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിവരിക്കുകയും ചെയ്യുക. |
| ഓർക്കുക | • പൗലോസും ശീലാസും ആരെയാണ് സഹായിച്ചത്?<br>• പൗലോസിനും ശീലാസിനും എന്താണ് സംഭവിച്ചത്?<br>• അർദ്ധരാത്രിയിൽ പൗലോസും ശീലാസും എന്തു ചെയ്തു?<br>• അവർ പാടി സ്തുതിച്ചപ്പോൾ എന്ത് സംഭവിച്ചു?<br>• ഭൂകമ്പത്തിനുശേഷം കാരാഗൃഹപ്രമാണി എന്തുകൊണ്ടാണ് ഭയപ്പെട്ടത്?<br>• പൗലോസിനോടും ശീലാസിനോടും കാരാഗൃഹപ്രമാണി എന്താണ് ചോദിച്ചത്?<br>• പൗലോസും ശീലാസും കാരാഗൃഹപ്രമാണിയോട് എന്താണ് പറഞ്ഞത്?<br>• ആ രാത്രിയിൽ കാരാഗൃഹപ്രമാണി എന്തു ചെയ്തു?<br>• ഈ പാഠത്തിൽ നിന്നും നമുക്ക് എന്ത് പഠിക്കാം? |

## A 12 പാഠം – 1

**സെഖര്യാവും എലിശബെത്തും – പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്ന ദൈവത്തെക്കുറിച്ചാണ് ഈ പാഠത്തിൽ പറയുന്നത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• ദൈവം പ്രാർത്ഥന കേൾക്കുന്നു.<br>• നമ്മുടെ സമയത്തല്ല, ദൈവത്തിന്റെ സമയത്താണ് നമ്മുടെ പ്രാർത്ഥനകൾക്ക് ദൈവം ഉത്തരം (മറുപടി) നൽകുന്നത്.<br><br>**താക്കോൽവാക്യം: ലൂക്കോസ് 1:13**<br>**ബൈബിൾ വായനാഭാഗം: ലൂക്കോസ് 1:5 – 25** |
| അവതരിപ്പിക്കുക | • അവരുടെ കുടുംബങ്ങളെക്കുറിച്ച് കുട്ടികളോട് ചോദിക്കുക. അവരുടെ കുടുംബത്തിലോ അല്ലെങ്കിൽ അവരുടെ കുടുംബത്തോട് ബന്ധപ്പെട്ട കുടുംബങ്ങളിലോ ഉള്ള കൊച്ചുകുട്ടികളെക്കുറിച്ച് ചർച്ച ചെയ്യുക. കുഞ്ഞുങ്ങൾ ആളുകളെ സന്തോഷിപ്പിക്കുന്നവരാണ്.<br>• യഥാർത്ഥമായി അവർക്ക് ഇഷ്ടമുള്ള എന്തിനെക്കുറിച്ചെങ്കിലും കുട്ടികളോട് ചോദിക്കുക. എന്തുകൊണ്ടാണ് അവർക്ക് അത് അത്രയും ഇഷ്ടം എന്ന് അവർക്ക് വിവരിക്കാൻ സാധിക്കുമോ? ഇന്നത്തെ പാഠത്തിൽ പറഞ്ഞിരിക്കുന്ന ഭാര്യഭർത്താക്കന്മാർ ഏകദേശം ഇതുപോലെയാണ് ചിന്തിച്ചത്, അവർക്ക് ഒരു കുഞ്ഞിനെ വേണമെന്ന് ആഗ്രഹിച്ചു. |
| വിശദീകരിക്കുക | • സെഖര്യാവും എലിശബെത്തും വളരെ ആത്മാർത്ഥമായി ഒരു കുഞ്ഞു വേണമെന്ന് ആഗ്രഹിച്ചു. അവർക്ക് പ്രായം കൂടുംതോറും അവരുടെ സ്നേഹിതരായ പലരും ചെറിയ കുടുംബങ്ങളായിത്തീർന്നു, എന്നാൽ അവർ അപ്പോഴും തനിച്ചായിരുന്നു (മക്കളില്ലാത്തവരായിരുന്നു) *അവർക്ക് എന്ത് തോന്നിക്കാണുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? സെഖര്യാവിനും എലിശബെത്തിനും മക്കളില്ലാതിരുന്നതുകൊണ്ട് എന്താണ് അവർക്ക് നഷ്ടമായത്? കുട്ടികൾ അവരുടെ സന്ദർഭത്തിനനുസരിച്ചും സംസ്കാരമനുസരിച്ചും അഭിപ്രായങ്ങൾ പറയുവാൻ അവരെ അനുവദിക്കുക.* **(ലൂക്കോസ് 1:5 – 7)**<br>• അതിനക്കുറിച്ച് ദൈവത്തോട് പ്രാർത്ഥിപ്പാൻ അവർ തീരുമാനിച്ചു. പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുവാൻ ദൈവത്തിന് സാധിക്കും എന്ന് അവർ മനസ്സിലാക്കിയിരുന്നു. **(ലൂക്കോസ് 1:13)** *നമുക്ക് എന്തു പ്രശ്നം ഉണ്ടായാലും നമുക്ക് അതിനെ ഓർത്ത് പ്രാർത്ഥിക്കുവാൻ കഴിയും എന്ന് സൂചിപ്പിക്കുക.*<br>• ദൈവം അവരുടെ പ്രാർത്ഥന കേട്ടു, ഒരു ദൂതനെ, സെഖര്യാവ് ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുന്ന സമയത്ത് അവന്റെ അടുക്കൽ അയച്ചു. *ദൂതൻ പ്രത്യക്ഷനായപ്പോൾ സെഖര്യാവിന് എന്ത് തോന്നിക്കാണുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?* ദൂതൻ അവനോട്, ഭയപ്പെടേണ്ട എലിശബെത്ത് ഒരു മകനെ പ്രസവിക്കും എന്നും അവന് യോഹന്നാൻ എന്ന് പേരിടണം എന്നുള്ള സദ്വർത്തമാനം സെഖര്യാവിനെ അറിയിച്ചു. **(ലൂക്കോസ് 1:8 – 11)**<br>• സെഖര്യാവിനോട് പറഞ്ഞ ആ സന്ദേശം അവന് വിശ്വസിക്കാൻ സാധിച്ചില്ല. സെഖര്യാവ് വിചാരിച്ചു, താനും എലിശബെത്തും വയസ്സു ചെന്ന് വൃദ്ധരായ ഒരു കുഞ്ഞിനെ പ്രസവിക്കുക അസാദ്ധ്യമാണ്. ദൂതൻ സെഖര്യാവിനോട് ദൈവത്തിൽ നിന്നുള്ള സന്ദേശം താൻ വിശ്വസിക്കായ്ക കൊണ്ട് മകൻ ജനിക്കുന്നതുവരെ സെഖര്യാവിന് സംസാരിക്കാൻ കഴിയില്ലെന്ന് പറഞ്ഞു. **(ലൂക്കോസ് 1:18 – 20)**<br>• *സെഖര്യാവിൽ നിന്നും നമുക്ക് ഒരു പ്രധാനപ്പെട്ട പാഠം പഠിക്കാം. നാം പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുമെന്ന് വിശ്വസിക്കണം.*<br>• *ഇന്ന് പ്രാർത്ഥിക്കാനുള്ള ചില വിഷയങ്ങൾ പരിഗണിക്കുക.*<br><br>**ബൈബിൾടൈം പാഠം പൂർത്തിയാക്കുക.** |
| മനപ്പാഠമാക്കുക | താക്കോൽവാക്യം: **ലൂക്കോസ് 1:13** പഠിപ്പിക്കുകയും, ആവശ്യമെങ്കിൽ വിവരിക്കുകയും ചെയ്യുക. |
| ഓർക്കുക | • സെഖര്യാവ് ആരെയാണ് വിവാഹം ചെയ്തിരിക്കുന്നത്?<br>• വാസ്തവത്തിൽ അവർക്ക് എന്താണ് വേണ്ടത്?<br>• സെഖര്യാവും എലിശബെത്തും ആരോടാണ് പ്രാർത്ഥിച്ചിരുന്നത്?<br>• ആരാണ് സെഖര്യാവിനെ കാണാൻ ദേവാലയത്തിൽ വന്നത്?<br>• ദൂതൻ സെഖര്യാവിന് പ്രത്യക്ഷനായപ്പോൾ അവന് എന്താണ് തോന്നിയത്?<br>• ദൂതനിൽ നിന്നുള്ള സന്ദേശം എന്തായിരുന്നു?<br>• ദൂതന്റെ സന്ദേശത്തിൽ വിശ്വസിക്കാഞ്ഞതുകൊണ്ട് സെഖര്യാവിന് എന്ത് സംഭവിച്ചു?<br>• നാം പ്രാർത്ഥിക്കുമ്പോൾ നാം ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യം എന്താണ്? |

# A 12 പാഠം – 2

**മറിയയും ഗബ്രിയേലും – ദൈവം പറഞ്ഞത് മറിയ വിശ്വസിച്ചു എന്ന കാര്യമാണ് ഈ പാഠത്തിൽ പറയുന്നത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• മറിയയുടെ ദൃഷ്ടിയിൽ അസാദ്ധ്യമായ കാര്യമാണെങ്കിലും ദൂതന്റെ സന്ദേശം അവൾ സ്വീകരിച്ചു (വിശ്വസിച്ചു.)<br>• അസാദ്ധ്യമായ കാര്യങ്ങൾ സാദ്ധ്യമാക്കുവാൻ ദൈവത്തിന് കഴിയും.<br><br>**താക്കോൽവാക്യം: ലൂക്കോസ് 1:37**<br>**ബൈബിൾ വായനാഭാഗം: ലൂക്കോസ് 1:26 – 38** |
| അവതരിപ്പിക്കുക | • സെഖര്യാവിനും എലിശബെത്തിനും ഒരു കുഞ്ഞു ജനിക്കാൻ പോകുന്നു എന്ന ദൂതന്റെ സന്ദേശം അടങ്ങിയ കഴിഞ്ഞ ആഴ്ചയിലെ പാഠം വീണ്ടും സൂചിപ്പിക്കുക. താമസിയാതെ ദൈവം തന്റെ ദൂതനെ ഒരു പ്രത്യേക സന്ദർശനത്തിനായി അയച്ചു. |
| വിശദീകരിക്കുക | • *മറിയയും എലിശബെത്തും തമ്മിലുള്ള വ്യത്യാസം* മറിയ ഒരു ചെറുപ്പക്കാരിയും (യുവതിയും) യോസേഫ് എന്ന മനുഷ്യനുവേണ്ടി വിവാഹനിശ്ചയം ചെയ്ത് നസറെത്ത് എന്ന പട്ടണത്തിൽ താമസിച്ചിരുന്നവളുമാണ്. ഒരു ദിവസം ഗബ്രിയേൽ എന്ന ദൂതൻ അവളെ സന്ദർശിച്ചു (**ലൂക്കോസ്** 1:26 – 27) *ഇത് സാധാരണ നിലയിൽ സംഭവിക്കുന്ന ഒരു കാര്യമായിരുന്നില്ല അതുകൊണ്ട് തന്നെ മറിയ വളരെ ഭയപ്പെട്ടു.*<br>• ദൂതൻ അവളോട് ഭയപ്പെടേണ്ട എന്നു പറഞ്ഞു. ഗബ്രിയേൽ ദൂതൻ അവളോട് അവൾക്ക് ഒരു മകൻ ജനിക്കുമെന്ന് പറഞ്ഞപ്പോൾ മറിയ ശ്രദ്ധിച്ചു കേട്ടു.<br>• മറിയ അല്പം ചിന്താക്കുഴപ്പത്തിലായി, അവൾക്ക് അതുവരെയും ഒരു ഭർത്താവില്ലായിരുന്നു. ദൂതൻ അവളോട് ദൈവമായ പരിശുദ്ധാത്മാവ് ഒരു പ്രത്യേക കുഞ്ഞിനെ അവൾക്ക് നൽകുമെന്ന് പറഞ്ഞു. അവന് യേശു എന്ന് പേർ വിളിക്കണം (**ലൂക്കോസ്** 1:29 – 34)<br>• യേശു മറ്റുള്ള കുഞ്ഞുങ്ങളേക്കാൾ വലിയവനാകും. അവൻ ദൈവത്തിന്റെ പുത്രനാണ്. അത് പറഞ്ഞ് മനസ്സിലാക്കാൻ പ്രയാസമാണെങ്കിലും ദൂതൻ മറിയയോട് ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്ന് പറഞ്ഞു (**ലൂക്കോസ്** 1:35 – 37)<br>• മറിയയോട് പറഞ്ഞ സന്ദേശം അവൾ വിശ്വസിച്ചു.<br>• ദൈവത്തിന്റെ വലിയ പ്ലാൻ പ്രകാരം തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയയ്ക്കുവാൻ മറിയ ഒരു പങ്ക് വഹിച്ചു. യേശുവിന്റെ ജനനം ഒരു വലിയ അത്ഭുതമായിരിക്കും (**ലൂക്കോസ്** 1:38)<br>• *നിങ്ങൾക്ക് വിശ്വസിക്കാൻ പ്രയാസമായി വന്നപ്പോൾ എന്തെങ്കിലും നിങ്ങൾ വാഗ്ദത്തം ചെയ്തിട്ടുണ്ടോ?*<br>• *മറിയ ദൂതനെ വിശ്വസിച്ചത് എന്ത് കൊണ്ടാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? മറിയ ചെയ്തതുപോലെ നാം ഓരോരുത്തരും ദൈവത്തിൽ വിശ്വസിക്കേണമെന്ന് താൻ ആഗ്രഹിക്കുന്നു.*<br><br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക**<br><br>**പ്രദർശിപ്പിക്കുക**: FBI ഒരു ദൂതൻ മറിയയെ സന്ദർശിക്കുന്നു. |
| മനപ്പാഠമാക്കുക | താക്കോൽവാക്യം: **ലൂക്കോസ്** 1:37 പഠിപ്പിക്കുകയും ആവശ്യമുള്ളിടത്ത് വിവരിക്കുക. അസാദ്ധ്യമായ ചില കാര്യങ്ങൾ ദൈവം ചെയ്തത് കുട്ടികളോട് ചിന്തിച്ച് പറയാൻ ആവശ്യപ്പെടുക. ഇത്രയും മഹാനായ ദൈവത്തെ സ്തുതിക്കുക. |
| ഓർക്കുക | • മറിയ എവിടെയാണ് ജീവിച്ചിരുന്നത്?<br>• മറിയയെ ആരുമായിട്ടായിരുന്നു വിവാഹനിശ്ചയം ചെയ്തിരുന്നത്?<br>• മറിയയെ സന്ദർശിച്ച ദൂതന്റെ പേരെന്ത്?<br>• ദൂതൻ പറഞ്ഞ സന്ദേശം കേട്ട് മറിയ ഭ്രമിച്ചതെന്ത്?<br>• ഏതൊക്കെ നിലയിലാണ് കുഞ്ഞ് പ്രത്യേകതയുള്ളവനായത്?<br>• മറിയ സന്ദേശം കേട്ടപ്പോൾ എന്ത് ചെയ്തു?<br>• മറിയ എങ്ങനെയാണ് നമുക്ക് അനുകരിക്കാൻ പറ്റിയ മാതൃകയാകുന്നത്?<br>• ഏതെല്ലാം കാര്യങ്ങളാണ് ദൈവത്തിന് അസാദ്ധ്യമായിട്ടുള്ളത്? |

## A 12 പാഠം – 3

**യോഹന്നാന്റെ ജനനം – ദൈവത്തിന്റെ വാഗ്ദത്തം നിറവേറുന്നു എന്ന പാഠമാണ് ഇത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• ദൈവം സെഖര്യാവിനോടും എലിശബെത്തിനോടും തന്റെ വാഗ്ദത്തം നിറവേറ്റി.<br>• നമ്മോടുള്ള ബന്ധത്തിൽ ദൈവം തന്റെ വാഗ്ദത്തം നിറവേറ്റുന്നു.<br><br>**താക്കോൽവാക്യം: ലൂക്കോസ് 1:76**<br>**ബൈബിൾ വായനാഭാഗം: ലൂക്കോസ് 1:57 – 80** |
| അവതരിപ്പിക്കുക | • സംസാരിക്കാൻ കഴിയാതെ ചില മാസങ്ങൾ ഇരിക്കേണ്ടതായി വന്നാൽ എന്തായിരിക്കും ഉണ്ടാവുക എന്ന് ചർച്ച ചെയ്യുക. സെഖര്യാവ് ദൈവദൂതന്റെ സന്ദേശം വിശ്വസിക്കാതിരുന്നപ്പോൾ അവന് സംഭവിച്ചത് ഇതേ കാര്യമാണ് എന്ന് കുട്ടികളെ ഓർമ്മപ്പെടുത്തുക.<br>• ഒരു ക്രിസ്തുമസ് രാവിലെയോ അല്ലെങ്കിൽ ജന്മദിനത്തിലോ നാം പ്രതീക്ഷിക്കുന്നതായ ഒരു സമ്മാനം നമുക്ക് ലഭിക്കുകയാണെങ്കിൽ എന്തായിരിക്കും നമ്മുടെ ചിന്ത?<br>• ദൂതൻ പറഞ്ഞതുപോലെ സെഖര്യാവിനും എലിശബെത്തിനും ഒരു മകൻ ജനിച്ചപ്പോൾ ഇതുപോലെ തന്നെയായിരിക്കും അവർക്കും അനുഭവപ്പെട്ടിട്ടുണ്ടാവുക. അത് ഒരു പ്രത്യേക സമയമായിരുന്നു. |
| വിശദീകരിക്കുക | • മകൻ ജനിച്ചപ്പോൾ അവന്റെ കുടുംബത്തിലുള്ളവരും അയൽവാസികളും അവന്റെ പിതാവിനെപ്പോലെ കുഞ്ഞിന് സെഖര്യാവ് എന്ന് പേരിടണമെന്ന് വിചാരിച്ചു. അപ്പോൾ എലിശബെത്ത് പറഞ്ഞു അവന്റെ പേര് യോഹന്നാൻ എന്നായിരിക്കണമെന്ന് **(ലൂക്കോസ് 1:57 – 60)** *എന്തു കൊണ്ടാണ് അവനെ യോഹന്നാൻ എന്ന് പേർ വിളിക്കണമെന്ന് എലിശബെത്ത് പറഞ്ഞത്?*<br>• മകന് എന്ത് പേരിടണമെന്ന് ചോദിച്ചപ്പോൾ സെഖര്യാവ് എഴുതിക്കാണിച്ചത് "അവന്റെ പേര് യോഹന്നാൻ" എന്നാണ് **(ലൂക്കോസ് 1:62 – 63)**<br>• ആ നിമിഷത്തിൽ തന്നെ സെഖര്യാവ് വീണ്ടും സംസാരിക്കാൻ തുടങ്ങി. സെഖര്യാവ് ദൈവത്തിന് സ്തോത്രവും സ്തുതിയും അർപ്പിച്ചു. *എന്ത് കൊണ്ടാണ് സെഖര്യാവ് ഇങ്ങനെ ചെയ്തത്? ദൈവം തന്റെ വാഗ്ദത്തം നിറവേറ്റി, തന്റെ മകൻ ജനിച്ചപ്പോൾ അവൻ വളരെയധികം സന്തോഷിച്ചു എന്നുമാത്രമല്ല, ഇതിലും വലിയ കാര്യങ്ങൾ പ്രവർത്തിപ്പാൻ ദൈവത്തിന് സാധിക്കും എന്ന് അവൻ മനസ്സിലാക്കി.* അവർ അത് കണ്ടപ്പോൾ എല്ലാവരും വിസ്മയിച്ചു. **(ലൂക്കോസ് 1:64 – 66)**<br>• യോഹന്നാൻ ഒരു പ്രത്യേക കുട്ടിയായിരുന്നു. *എന്തുകൊണ്ട്? അവന്റെ മാതാപിതാക്കന്മാർ അവനുവേണ്ടി വളരെ വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു എന്ന് കുട്ടികളെ ഓർപ്പിക്കുക എന്നാൽ അതിനേക്കാൾ പ്രാധാന്യമേറിയത് യേശുകർത്താവിന്റെ വഴി ഒരുക്കാനാണ് യോഹന്നാൻ വളർന്നു വന്നത്.*<br>• *ദൈവം നമ്മോടും അവന്റെ വാഗ്ദത്തം പാലിക്കും. ബൈബിളിൽ നമ്മോടു പറഞ്ഞിരിക്കുന്ന ഏതെങ്കിലും രണ്ടു വാഗ്ദത്തങ്ങളെക്കുറിച്ച് സൂചിപ്പിക്കുക.*<br><br>**ബൈബിൾ ടൈം പാഠം പൂർത്തിയാക്കുക**.<br><br>**പ്രദർശിപ്പിക്കുക**: FBI യോഹന്നാൻ സ്നാപകൻ |
| മനപ്പാഠമാക്കുക | താക്കോൽവാക്യം: **ലൂക്കോസ് 1:76** പഠിപ്പിക്കുകയും ആവശ്യാനുസരണം വിവരിക്കുകയും ചെയ്യുക - ഈ വാക്യം സെഖര്യാവ് ദൈവത്തെ സ്തുതിക്കുന്ന ഗാനത്തിന്റെ ഒരു ഭാഗമാണ്. |
| ഓർക്കുക | • എലിശബെത്തിന്റെ ഭർത്താവ് ആര്?<br>• എന്തുകൊണ്ടാണ് അവന് സംസാരിക്കാൻ കഴിയാതിരുന്നത്?<br>• അവന്റെ അയൽവാസികൾ ആ കുഞ്ഞിന് എന്തു പേരിടണമെന്നാണ് ആഗ്രഹിച്ചത്?<br>• എന്തു കൊണ്ടാണ് സെഖര്യാവും എലിശബെത്തും അവനെ യോഹന്നാൻ എന്നു വിളിച്ചത്?<br>• സെഖര്യാവിന് എപ്പോഴാണ് വീണ്ടും സംസാരിക്കാൻ കഴിഞ്ഞത്?<br>• യോഹന്നാന് എന്ത് പ്രത്യേക ജോലിയാണ് ചെയ്യാനുണ്ടായിരുന്നത്?<br>കുട്ടികൾ എല്ലാവരും ചേർന്ന് യോഹന്നാൻകുഞ്ഞിനു വേണ്ടി ഒരു ചെറിയ ജന്മദിനാശംസയുടെ കാർഡ് ഉണ്ടാക്കട്ടെ. |

## A 12 പാഠം – 4

**യേശുവിന്റെ ജനനം – ദൈവം തന്റെ പുത്രനെ കൊടുക്കുന്നു എന്ന പാഠമാണ് ഇത്.**

| | |
|---|---|
| | **നാം അത് പഠിച്ചുകൊണ്ടിരിക്കയാണ്.**<br>• ദൈവത്തിന്റെ പുത്രനായ യേശു നമ്മുടെ രക്ഷകനായി വന്നു.<br>• യേശുകർത്താവിനെ നമുക്കുവേണ്ടി അയച്ചു തരുവാൻ തക്കവണ്ണം ദൈവം നമ്മോട് കാണിച്ച മഹാസ്നേഹത്തെ ഓർത്തു കൊണ്ട് നമുക്ക് ദൈവത്തോട് നന്ദി പറയാം.<br><br>**താക്കോൽവാക്യം: ലൂക്കോസ് 2:7**<br>**ബൈബിൾവായനാഭാഗം: ലൂക്കോസ് 2:1 – 7** |
| അവതരിപ്പിക്കുക | • എങ്ങനെയാണ് അവസാന നിമിഷത്തിൽ നമ്മുടെ പ്ലാനുകൾക്ക് മാറ്റം വരുന്നത്? നിങ്ങളുടെ ഇപ്പോഴത്തെ സാഹചര്യത്തിന് യോജിച്ച ഒരു ഉദാഹരണം കുട്ടികളുടെ അനുഭവത്തിൽ നിന്നോ അല്ലെങ്കിൽ നിങ്ങളുടെ സ്വന്ത അനുഭവത്തിൽ നിന്നോ പറയുക.<br>• മറിയയ്ക്ക് കുഞ്ഞ് ജനിക്കുവാൻ സമയം അടുത്തിരിക്കുകയായിരുന്നു എന്നത് വിവരിക്കുക. യോസേഫും മറിയയും താമസിച്ചിരുന്ന സ്ഥലമായ നസറെത്തിൽവെച്ച് ആ കുഞ്ഞ് ജനിച്ചിരുന്നെങ്കിൽ എളുപ്പമായിരുന്നു. എന്നാൽ.... |
| വിശദീകരിക്കുക | • റോമൻ ചക്രവർത്തി ഒരു കല്പന പുറപ്പെടുവിച്ചു പറഞ്ഞത് എല്ലാ ജനങ്ങളും അവരുടെ ജന്മസ്ഥലത്തേക്ക് തിരിച്ചുപോയി അവരുടെ പേരുകൾ ലിസ്റ്റിൽ ചേർക്കുവാൻ കല്പിച്ചു. യോസേഫിനും മറിയയ്ക്കും ബേത്‌ലഹേമിലേക്ക് യാത്ര ചെയ്ത് പോകേണ്ടി വന്നു (**ലൂക്കോസ് 2:1 – 5**) *ഏകദേശം എത്രമാത്രം ദൂരം ഉണ്ടെന്നുള്ളത് പറയുക. ഏകദേശം 80 മൈൽ (4 ദിവസത്തെ വഴി). ഇത്രയും ദീർഘദൂരം യാത്ര ചെയ്താൽ എന്തായിരിക്കും സംഭവിക്കുക? (ലെവൽ 2 - ലുള്ള കുട്ടികളോട് പറഞ്ഞു കൊടുക്കുക, എല്ലാ നിലയിലും യേശുകുഞ്ഞ് ബേത്‌ലഹേമിൽ ജനിക്കണമെന്നായിരുന്നു ദൈവത്തിന്റെ പദ്ധതി)*<br>• അവർ അവിടെ എത്തിയപ്പോൾ, പട്ടണം മുഴുവനും ജനങ്ങളെക്കൊണ്ട് നിറഞ്ഞു, അവർക്ക് താമസിക്കാൻ സ്ഥലമില്ലായിരുന്നു. അവരോട് വാഗ്ദത്തം ചെയ്ത കുഞ്ഞ് ജനിപ്പാൻ സമയം വളരെ അടുത്തിരുന്നു. മൃഗങ്ങൾ വസിക്കുന്ന ഒരു സ്ഥലത്താണ് അവർക്ക് വിശ്രമിക്കാൻ സ്ഥലം കിട്ടിയത്. (**ലൂക്കോസ് 2:6 – 7**)<br>• യേശുക്കുഞ്ഞ് ജനിച്ചപ്പോൾ കീറിയ തുണിക്കഷണങ്ങളിൽ പൊതിഞ്ഞാണ് കുഞ്ഞിനെ പശുത്തൊട്ടിയിൽ കിടത്തിയത്. (**ലൂക്കോസ് 2:6 – 7**) *എന്തുകൊണ്ടാണ് യേശുവിനെ ശീലയിൽ പൊതിഞ്ഞ് പശുത്തൊട്ടിയിൽ കിടത്തിയത്? യേശുക്കുഞ്ഞിന്റെ മഹത്വത്തെ (ശ്രേഷ്ഠതയെ) അഭിനന്ദിക്കാൻ കുട്ടികളെ സഹായിക്കുക, അതോടൊപ്പം വലിയവനായിരിക്കുന്ന ദൈവപുത്രൻ താണിറങ്ങി വന്നു. ഈ കാലത്ത് ഇപ്പോഴത്തെ സംസ്കാരം അനുസരിച്ച് ഒരു കുഞ്ഞ് ജനിക്കുമ്പോഴുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കി കൊടുക്കുക.*<br>• *യേശുവിനെപ്പോലെ മറ്റൊരു കുഞ്ഞും ഉണ്ടാകുകയില്ല. യേശു ദൈവത്തിന്റെ പുത്രനാണ്. സ്വർഗ്ഗത്തിൽ വസിക്കുന്നവൻ അത് ഉപേക്ഷിച്ച് നമ്മെ പാപത്തിൽ നിന്ന് രക്ഷിക്കാൻ ഈ ഭൂമിയിൽ ജനിച്ചു.* (**മത്തായി 1:21**)<br>• *നമ്മൾ ഓർക്കേണ്ടത് ക്രിസ്തുമസ് എന്നു പറഞ്ഞാൽ ഇതാണ് പ്രധാനമായും ഉൾക്കൊണ്ടിരിക്കുന്നത്, രക്ഷകനെ നമുക്കുവേണ്ടി ഈ ലോകത്തിലേക്കയച്ച ദൈവത്തിന്റെ സ്നേഹത്തെ ഓർത്ത് നാം ദൈവത്തിന് നന്ദി പറയണം.*<br><br>**ബൈബിൾ പാഠം പൂർത്തിയാക്കുക.**<br><br>**പ്രദർശിപ്പിക്കുക**: FBI യേശുവിന്റെ ജനനം Power pointwww.biblefor children/ the birth of Jesus. |
| മനപ്പാഠമാക്കുക | താക്കോൽവാക്യം: **ലൂക്കോസ് 2:7** പഠിപ്പിക്കുകയും ആവശ്യമെങ്കിൽ വിവരിക്കുകയും ചെയ്യുക. |
| ഓർക്കുക | • യോസേഫിനെ വിവാഹം കഴിച്ചത് ആരാണ്?<br>• എവിടെയാണ് മറിയയും യോസേഫും ജീവിച്ചിരുന്നത്?<br>• യോസേഫും മറിയയും എവിടേക്കാണ് യാത്ര ചെയ്തത്?<br>• എന്തിനാണ് യോസേഫും മറിയയും ബേത്ത്‌ലഹേമിലേക്ക് പോയത്?<br>• മൃഗങ്ങൾ വസിക്കുന്ന സ്ഥലത്ത് എന്തിനാണ് അവർ വിശ്രമിക്കേണ്ടി വന്നത്<br>• യേശുക്കുഞ്ഞിനെ എന്തിലാണ് കിടത്തിയത്?<br>• എന്താണ് യേശുവിനെ പ്രത്യേകതയുള്ളവനാക്കിയത്?<br>• എന്തുകൊണ്ടാണ് നമുക്കൊരു രക്ഷകനെ ആവശ്യം? |

## പാഠങ്ങൾക്ക് മാർക്ക് കൊടുക്കാൻ ടീച്ചർമാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

**ലെവൽ 1 പാഠങ്ങൾ**

- ഒരു പേജ് ഒരാഴ്ചത്തേക്കുള്ളത് പ്രധാനമായും അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് കളറിംങ്ങും ചില വാക്കുകൾ പൂരിപ്പിക്കുന്നതും.
- ഓരോ ആഴ്ചത്തേക്കും 10 മാർക്ക് വീതമാണ് മാറ്റി വെച്ചിരിക്കുന്നത്, ഏറ്റവും കൂടുതൽ 40 മാർക്ക് ഒരു മാസത്തേക്ക്.
- ലെവൽ 1 പാഠങ്ങൾ ലഭിക്കുന്ന കുട്ടികൾക്ക് വളരെ നന്നായി വായിക്കുവാൻ കഴിഞ്ഞെന്നു വരില്ല അതുകൊണ്ട് മാതാപിതാക്കളും/ രക്ഷകർത്താക്കളും / ലീഡർമാരും അവരെ സഹായിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.
- 2 മാർക്ക് വീതം ഓരോ ഉത്തരങ്ങൾക്കും പിന്നെ ബാക്കിയുള്ള മാർക്ക് കളറിംങ്ങിനും 10 മാർക്ക് ഓരോ പാഠത്തിനും.

**ലെവൽ 2 പാഠങ്ങൾ**

- രണ്ടുപേജ് ഓരോ ആഴ്ചത്തേക്ക്
- ഈ പാഠത്തിൽ ഇതിന്റെ കഥ ഉൾക്കൊള്ളിച്ചിട്ടുണ്ട് വിദ്യാർത്ഥികൾക്ക് വിവിധമായ വാക്കുകൾ പാഠങ്ങളിൽ നിന്നും കണ്ടുപിടിക്കേണ്ടതുണ്ട്, കുറച്ച് കളറിംഗ് ചെയ്യണം, താക്കോൽവാക്യം പൂർത്തീകരിക്കുക മുതലായവ
- 20 മാർക്കു വീതം ഓരോ ആഴ്ചത്തേക്ക് മാറ്റി വെച്ചിരിക്കുന്നു. അങ്ങനെ ഏറ്റവും കൂടുതൽ 80 മാർക്ക് ഒരു മാസത്തേക്ക്, പാഠങ്ങളെല്ലാം ശരിയായി പൂർത്തീകരിക്കണം.

### ബൈബിൾ ടൈം മാർക്കിംഗ്

### മാർക്കിംഗിനുള്ള സൂചനകൾ

ആദ്യം തന്നെ ടീച്ചർമാർ ചെയ്യേണ്ടത്

- ഓരോ പാഠങ്ങളും പരിശോധിച്ച് ഉത്തരങ്ങൾ ശരിയോ തെറ്റോ എന്ന് അടയാളപ്പെടുത്തുക.
- നിർദ്ദേശിച്ചതുപോലെ ആവശ്യമുള്ള സാരാംശങ്ങൾ കൊടുക്കുക.
- എപ്പോഴും വ്യത്യസ്ഥമായ കളറുകൾ ഉപയോഗിച്ച് ഓരോ ശരിയുത്തരത്തിനും ടിക് മാർക്ക് ഇടുക.
- ശരിയുത്തരം എവിടെയാണോ ആവശ്യമായിട്ടുള്ളത് അവിടെ എഴുതുക, അക്ഷരത്തെറ്റുള്ള ശരിയാക്കണം, അതിന് പ്രത്യേകം മാർക്ക് കുറച്ചില്ലെങ്കിലും തെറ്റ് തിരുത്തണം.
- പകുതി ശരിയായ ഉത്തരങ്ങൾക്ക് മാർക്ക് കുറയ്ക്കണം.
- ഒരു മാസത്തേക്കുള്ള ആകെ മാർക്ക് അവസാനത്തെ പേജിൽ മാർക്കിടാൻ കൊടുത്തിരിക്കുന്ന സ്ഥലത്ത് മാർക്ക് ചെയ്യുക.

ബൈബിൾ പഠനത്തോടുള്ള ബന്ധത്തിൽ ഒരു വിധം നല്ല ഔദാര്യമായി എല്ലാ കാര്യവും ചെയ്യാൻ പറ്റുന്ന നിലയിൽ ചെയ്ത് വിദ്യാർത്ഥികളുടെ ബൈബിൾ പഠനത്തിൽ അവരെ പ്രോത്സാഹിപ്പിക്കുക. കഴിയുമെങ്കിൽ ഓരോ മാസത്തിലും ടീച്ചർമാർ ഓരോ വിദ്യാർത്ഥിയുടേയും പ്രോത്സാഹനത്തിനുവേണ്ടി ഒരു വാക്ക് പാഠത്തിന്റെ പേജിൽ തന്നെ അത് എഴുതാൻ കൊടുത്തിട്ടുള്ള സ്ഥലത്ത് എഴുതിയാൽ അത് സഹായക രമാകും. അതുപോലെ നല്ല കളറിംഗിനും വൃത്തിയായി ചെയ്തതിനും, വിദ്യാർത്ഥികൾക്ക് പാഠങ്ങൾ മനസ്സിലാക്കാനുള്ള കഴിവിനെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ ലീഡർമാർ അതിൽ എഴുതണം.
കഴിയുന്നതും വിഭിന്നങ്ങളായിട്ടുള്ള അഭിപ്രായങ്ങൾ അതുപോലെ സൂക്ഷിക്കും. ചോദ്യങ്ങൾ, പ്രസ്താവനകൾ, അഭിപ്രായങ്ങൾ, പ്രോത്സാഹനങ്ങൾ മുതലായവ വിഭിന്നങ്ങളായി പാലിക്കും. അതിന് ചിന്തകൾ ആവശ്യമാണ്, എന്നാൽ ഒരു വിദ്യാർത്ഥിയുടെ താല്പര്യങ്ങൾ പ്രാധാന്യമുള്ളതാണ്. എല്ലാ മാസത്തിലും ഒരേ പ്രസ്താവനയും, ചോദ്യവും ആവർത്തിച്ചാൽ, അതിന്റെ സ്വാധീനം നഷ്ടപ്പെടും.

### ലെവൽ –1

**പൊതുവിലുള്ള അഭിപ്രായങ്ങൾ**

" ആനി ഈ പാഠങ്ങൾ ആരംഭിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട് അതിൽ നീയും സന്തോഷിക്കുന്നു എന്ന് വിചാരിക്കുന്നു. നിന്റെ കളറിംഗും ഞാൻ ഇഷ്ടപ്പെടുന്നു. നീ സ്കൂളിൽ പോകുന്നുണ്ടോ? അതിനെക്കുറിച്ച് എന്നോട് പറയുക. എത്രയും വേഗത്തിൽ നിന്നിൽ നിന്നും വിവരങ്ങൾ അറിയാൻ കാത്തിരിക്കുന്നു. "വളരെ നന്നായി, അനീഷ് എന്ത് സൂപ്പർ കളറിംഗ്! ചിത്രത്തിന്റെ ഉള്ളിൽ തന്നെ കളർ ചെയ്യാൻ ബുദ്ധിമുട്ടുണ്ടോ? അവസാനത്തെ പാഠത്തിൽ ഒരു അല്പം ഭാഗം കളർ ചെയ്യാൻ വിട്ടുപോയി"

**ആത്മീയമായ അഭിപ്രായങ്ങൾ**

"വളരെ നന്നായി സ്നേഹാ, യേശു സഹായിച്ചപ്പോൾ യായിറോസ് എന്ത് സന്തോഷമുള്ളവനായി"
"വളരെ നല്ല ഉത്തരങ്ങൾ, യേശു മരിക്കുന്നത് വളരെ സങ്കടകരമായ കഥയാണ്, എന്നാൽ കർത്താവ് ഉയിർത്തെഴുന്നേറ്റതാണ് സന്തോഷമുള്ള കാര്യം"

### ലെവൽ 2

**പൊതുവിലുള്ള അഭിപ്രായങ്ങൾ**

"വീണ്ടും നല്ല ഉത്തരങ്ങൾ, ജോയേന- സ്കൂളിൽ നിന്റെ പഠനത്തിൽ ടീച്ചർ വളരെ സംതൃപ്തിയുള്ളവളാണ്" "എനിക്കു തോന്നുന്നു അടുത്ത് തന്നെ നിന്റെ ജന്മദിനമാണെന്ന്, നീ എന്തെങ്കിലും വിശിഷ്ടമായത് ഉണ്ടാക്കുന്നുണ്ടോ? നീ എന്ത് ചെയ്താലും, ഇന്നത്തെ ദിവസം ശുഭമായിരിക്കട്ടെ!, നീ വാസ്തവമായി കഠിനാദ്ധ്വാനം ചെയ്തു. അതിൽ കുറച്ച് തെറ്റുകളുണ്ട്. ഓരോ പ്രാവശ്യവും നിന്റെ ഉത്തരങ്ങൾ പരിശോധിക്കുവാൻ മറക്കരുത്

**ആത്മീയ അഭിപ്രായങ്ങൾ**

"പശുത്തൊട്ടിയിൽ കിടക്കുന്ന യേശുക്കുഞ്ഞിന്റെ ചിത്രം കളർ ചെയ്ത വിധം എനിക്കിഷ്ടപ്പെട്ടു. ദൈവം തന്റെ പുത്രനെ നമുക്കുവേണ്ടി ഈ ലോകത്തിലേക്ക് അയച്ചത് ദൈവത്തിന്റെ ഒരു നല്ല പ്രവൃത്തിയല്ലേ? എനിക്ക് നിന്റെ കളറുകൾ ഇഷ്ടമായി! ദൈവം പറഞ്ഞത് വിശ്വസിക്കാഞ്ഞതുകൊണ്ട് സെഖര്യാവിന് വലിയ വില കൊടുക്കേണ്ടി വന്നു. അതിനുശേഷം അവൻ ദൈവത്തിന്റെ വാക്ക് ഒരിക്കലും സംശയിച്ചിട്ടില്ല"
"വളരെ നല്ല ഉത്തരങ്ങൾ. മരുഭൂമിയിൽ വെച്ച് ഫിലിപ്പോസിനെ കണ്ട മനുഷ്യൻ എത്ര സന്തോഷവാനായിട്ടാണ് തിരിച്ചു പോയത്. അവൻ യേശുവിനെക്കുറിച്ചുള്ള സുവിശേഷം കേട്ടു വിശ്വസിച്ചു.

bible educational services

© Bible Educational Services 2020
www.besweb.com

MOOKKANNUR P.O., 683577, Ernakulam, KERALA
E-mail : besindia1@gmail.com, www.besweb.com